കവിത

# 0 + 0 + 0 + 2 = 428

കെ. വി. ശബരിമണി

പരമവിഡ്ഢികളെ, പാമരവരന്മാരെ
പണ്ഡിതന്മാരാക്കീടും പണമേ നമസ്ക്കാരം!
എത്രനാൾ തുടരും നീ നിന്റെ താണ്ഡവം ഭൂവിൽ?
എത്രനാളന്ധകാരം വാഴുമീ ധരണിയിൽ?

പൂജ്യം വാങ്ങിമെല്ലെ കാഞ്ചന സിംഹാസനേ
പൂജ്യരായിരിക്കുന്നു കേമന്മാർ ചിലരിവർ!
ശൂന്യതയ്ക്കുണ്ടു വിലയെന്നോ നാം കരുതേണ്ടൂ?
ശൂന്യത നിറഞ്ഞൂഴി കണ്ണുനീർ പൊഴിക്കുന്നോ?
പുലരിപ്പെണ്ണിൻ കവിൾത്തുടുപ്പിൽ നിറം മങ്ങി
പലതുമമ്പരന്നു, ഞെട്ടിയെൻ മനസ്സാക്ഷി.
മൂന്നു പൂജ്യങ്ങളും കൂട്ടി പിന്നൊരു രണ്ടും കൂട്ടി
നാനൂറ്റിയിരുപത്തെട്ടാക്കീടും മഹാവിദ്യ
ഗണിതശാസ്ത്രം നമ്മെ പഠിപ്പിച്ചുവോ? നമ്മൾ
പണിത കൊട്ടാരങ്ങൾ മണ്ണടിഞ്ഞലിഞ്ഞുവോ?
മണ്ണെണ്ണ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ
കരിയും കുടിച്ചുകൊണ്ടിവിടെയൊരു കൂട്ടർ
അക്ഷരങ്ങളെ വാരി വലിച്ചു തിന്നീടുമ്പോൾ
സ്വച്ഛമായക്കം കൂട്ടി റാങ്കു വാങ്ങുന്നു ചിലർ!

പനിനീർ മലരിന്മേലാഗ്രഹം കറയുന്ന
പാപികൾ, മുള്ളുകളെപ്പോലെയല്ലിവരൊന്നും.
ഒരു മാർക്കിതിന്റെ കുറവിതിനാൽ തള്ളപ്പെട്ട
'വിധി'യെന്നോതി കേഴും വിദ്യാർത്ഥി സമൂഹമേ
അറിയുന്നീല നിങ്ങൾ പണമെന്നൊരു ശില്പി-
യകമേയണിയറയിങ്കൽ തീർപ്പൊരു ശില്പം!
വർണ്ണങ്ങൾ നിറഞ്ഞൊരു കടലാസ്സിന്റെ കഥ-
യെണ്ണിയാലൊടുങ്ങുമോ? എത്രയും ലജ്ജാവഹം!
പരമ വിഡ്ഢികളെ, പാമരവരന്മാരെ
പണ്ഡിതന്മാരാക്കീടും പണമേ നമസ്കാരം!
എത്രനാൾ തുടരും നീ നിന്റെ താണ്ഡവം ഭൂവിൽ?
എത്രനാളന്ധകാരം വാഴുമീ ധരണിയിൽ?

○

The stage he has left behind......“

— Dr. Iqba



ലേഖനം

# അലാവുദ്ദീന്റെ അൽഭുതവിളക്കും ഫാറൂഖ് കോളേജ് എന്ന മണിവിളക്കും വെളിച്ചത്തിൽ തെളിഞ്ഞ ഒരു വർഷവും

ടിപ്പു സുൽത്താൻ! ഒരു കാലത്തു് ആ പേരു് കേൾക്കുന്ന മാത്രയിൽ സപ്തനാഡികളും തളരുന്നവരുണ്ടായിരുന്നു. ആ പേരു് സൂചിപ്പിക്കുന്ന ശക്തി സ്വരൂപത്തെ ഭീകരങ്ങളായ രൂപങ്ങളിൽ ദുസ്വപ്നങ്ങൾ കണ്ടു ഉറക്കം വരാത്ത രാത്രികളിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു് നേരം വെളുപ്പിക്കുന്നവരുമുണ്ടായിരുന്നു. ഈ ടിപ്പുവാണ് നമ്മുടെ പ്രിയദർശിനിയായ ഫാറൂഖ് കോളേജിന്റെ മഹാജന്മത്തിനു് പിന്നിലെ യഥാർത്ഥ പ്രചോദനം എന്നു വന്നാലോ? അധികമൊന്നും അറിയപ്പെടാത്ത ഒരു ചരിത്രസത്യമത്രെ അതു്.

പതിനെട്ടാം ശതകത്തിന്റെ എട്ടാം ദശകത്തിൽ. കൃത്യമായിപ്പറഞ്ഞാൽ 1788 ൽ മലബാറിന്റെ മഹത്വമർന്ന മണ്ണിലേക്കു് കടന്ന ടിപ്പു നയതന്ത്രപ്രധാനമായ ഒരു കേന്ദ്രം തേടിനടക്കവെ, ചാലിയാറിന്റെ തെക്കേ കരയിൽ അനുയോജ്യമായ ഒരു പ്രദേശം കണ്ടെത്തി നീതി നടത്തുന്നതിൽ കർക്കശക്കാരനായ സുൽത്താൻ ലോകം കണ്ട ഏററവും നിതിമാനായ ഭരണ കർത്താവെന്നു് വിശേഷിക്കപ്പെടുന്ന ഖലീഫ ഉമർ ഫാറൂഖിന്റെ പേരിട്ടുകൊണ്ടു് ആ പ്രദേശത്തെ 'ഫാറൂഖാബാദ്' എന്നു വിളിച്ചു. ഭാഷാ പ്രയോഗത്തിന്റെ തിരിമറികളിലൂടെ കടന്നു വന്നപ്പോൾ ഫാറൂഖാബാദ് ഫാറൂഖും ഫറോക്കും ഒക്കെ ആയിത്തീർന്നു. കോളേജിന്നു് താഴെ, അടിവാരത്തിലൂടെ കടന്നു പോകുന്ന ടിപ്പു സുൽത്താൻ റോഡും ഫറൂഖിൽ ഒരു കുന്നിനു് മീതെ കാണപ്പെടുന്ന കോട്ടയുടെ അവശിഷ്ടങ്ങളും ഒരു കിണറും പൊയ്പോയ കാലത്തിന്റെ വീരസ്മരണകളുമായി ഇപ്പോഴും നില നിൽക്കുന്നു.

* * *

ഫാറൂഖ് കോളേജിന്റെ സ്ഥാപകരിൽ അഗ്രഗണ്യനായ മൗലാനാ അബുസ്സബാഹ് അഹ്മദലി സാഹിബ് മഞ്ചേരിയിൽ തന്റെ അറബിക്കോളേജ് നടത്തിക്കൊണ്ടിരിക്കെ, ഒരു ദിവസം വിദ്യാർത്ഥികളോടു് ചോദിച്ചുവത്രെ– ''കേരളത്തിൽ ഒരു മുസ്ലിം ഖലീഫയുടെ പേരുള്ള പ്രദേശത്തിന്റെ പേർ പറയാമോ?'' വിദ്യാർത്ഥികൾ നൽകിയ മറുപടികളിൽ സംതൃപ്തനാകാതെ അദ്ദേഹം പറഞ്ഞു. ''ഫാറൂഖ്! മഹാനായ ഖലീഫാ ഉമറിനെ അനുസ്മരിപ്പിക്കുന്ന ആ പേർ ഫറോക്കായിത്തീർന്നതാണു്. ടിപ്പു സുൽത്താൻ നൽകിയതാണത്രെ ആ പേർ. അതുകൊണ്ടു് നമ്മുടെ അറബിക്കോളേജും മററു സ്ഥാപനങ്ങളും അവിടെയായിരിക്കണമെന്നാണു് എന്റെ ആഗ്രഹം.'' അങ്ങനെയായിരുന്നു ചുരുക്കിപ്പറഞ്ഞാൽ ഫാറൂഖാബാദിൽ ഫാറൂഖ് കോളേജ് സ്ഥാപിതമാക്കിയ മഹായജ്ഞത്തിന്റെ ആരംഭം.

ടിപ്പു ഇല്ലായിരുന്നുവെങ്കിൽ ഫാറൂഖ് കോളേജ് സ്ഥാപിക്കപ്പെടുമായിരുന്നോ എന്ന ചിന്ത അടിസ്ഥാനരഹിതമല്ല തന്നെ. 'ഇല്ലായിരുന്നുവെങ്കിൽ' എന്ന ചിന്തയ്ക്കു് ചരിത്രപഠനത്തിൽ പ്രസക്തി ഇല്ലെങ്കിലും കാര്യകാരണങ്ങളുടെ കിടപ്പ് അങ്ങനെയൊരു ആലോചനക്കു് പ്രേരണ നൽകുന്നുണ്ട്. ഏതായാലും മുൻ ചൊന്ന ചരിത്രസത്യം മറെറാരു സത്യത്തെ പിന്താങ്ങുന്നുണ്ടു്, ഫാറൂഖിന്റെ മഹത്വം നാം സങ്കൽപ്പിച്ചതിലും എത്രയോ ഉന്നതമാണെന്ന സത്യത്തെ.

* * *

ഇനി ഒരു സംശയത്തെപ്പററിയാണു് നാം. നമ്മുടെ പാരമ്പര്യം മറക്കാൻ തുടങ്ങിയോ? ഒരു സംസ്ക്കാരം എപ്പോൾ അതിന്റെ ത്യാഗസുരഭിലമായ ഭൂതകാലത്തെ വിസ്മരിക്കാൻ തുടങ്ങുന്നുവോ, അവിടെവെച്ചു് അതിന്റെ തകർച്ചയും ആരംഭിക്കുന്നു വെന്ന പ്രശസ്തമായ സംസ്ക്കാരങ്ങളുടെ പഠനം അനാവരണം ചെയ്ത സത്യങ്ങളുടെ വെളിച്ചത്തിൽ പ്രൊഫ. ആർണോൾഡ് ടോയൻബി പ്രസ്തവിക്കുകയുണ്ടായി. സൂക്ഷ്മ വിശകലനത്തിൽ സംസ്ക്കാരങ്ങളെപ്പോലെ സ്ഥാപനങ്ങൾക്കും ഈ ചരിത്രനിയമം ബാധകമാണെന്നു് വരുന്നു. അല്ലെങ്കിലും ഫാറൂഖിനെപ്പോലെ സവിശേഷതകൾ പുലർത്തുന്ന ഒരു ഉന്നത വിജ്ഞാനകേന്ദ്രം സ്വയംതന്നെ ഒരു സംസ്ക്കാരമല്ലേ? സ്വന്തം സമൂഹത്തിന്റെ ചരിത്രത്തെയും സംസ്കാരത്തെയും കുറിച്ച അജ്ഞത മാപ്പിള മുസ്ലീംകളുടെ ഒരു സവിശേഷതയാണെന്നു് പറഞ്ഞു കൊണ്ടു് ആ സാമൂഹ്യരോഗത്തിനെതിരെ എന്തെങ്കിലും ചെയ്യാൻ ഫാറൂക്ക് കോളേജിനു് കഴിയട്ടെ എന്നു് മാപ്പിളമാരെക്കുറിച്ചു് ദീർഘകാലത്തെ ഗവേഷണ പഠനങ്ങൾക്കു ശേഷം നമ്മുടെ കോളേജിന്റെ രജതജൂബിലി സോവനീറിൽ Know Thyself എന്ന തലവാചകത്തിനു് താഴെ എഴുതിയ ലേഖനത്തിൽ റവ. റോളൻറ് ഈമില്ലർ അഭിലഷിച്ചതായി ഓർക്കുന്നു. പക്ഷെ ഫാറൂഖ് അതിന്റെ തന്നെ ചരിത്രം തുടങ്ങിയോ എന്നാണു് സന്ദേഹം. ഫാറൂക്കിന്റെ വളർച്ചക്കായി ഒഴുക്കപ്പെട്ട സ്വേദകണങ്ങളുടെ വില അതിലെ പുതിയ തലമുറയ്ക്കു് ഏറിയകൂറും അജ്ഞാതമാണെന്ന പ്രസ്താവം ഇന്നൊരു തെററാകുമോ? ബന്ധപ്പെട്ടവരുടെ സത്വര ശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിതു്.

കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണേണ്ട ഒരു ഗുരുതര പ്രശ്നവും.

* * *

ഫറൂഖിനെ സഹോദരസ്ഥാപനങ്ങളിൽനിന്ന് വേർതിരിക്കുന്ന സവിശേഷ മാഹാത്മ്യങ്ങൾ എത്ര! ഒരു അദ്ധ്യേതാവിന് അയാൾ ഇച്ഛിക്കുന്നുവെങ്കിൽ ഒരു സമ്പൂർണ്ണ മനുഷ്യനായിത്തീരാനുള്ള സാഹചര്യങ്ങൾ ഒരു പരിധിവരെയാണെങ്കിലും ഇവിടെ ലഭ്യമാണ്. യഥാർത്ഥത്തിൽ ഈ സമ്പൂർണ്ണമനുഷ്യനെത്തന്നെയല്ലേ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതു്, നമ്മുടെ പ്രിയംകരനായ പ്രിൻസിപ്പാൾ ഒരു ലേഖനത്തിൽ വ്യക്തമാക്കിയപോലെ

"Education is an act of piety. It is intended to make him [man] a full man and to prepare him for a successful life both in this world and in the Hereafter."

* * *

തിളങ്ങിയശേഷം മാഞ്ഞുപോയ ഒരു വർഷം.... ഫറൂക്ക് കോളേജിലെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സ്നേഹവായ്പ് ഹേതുവായി ഈയുള്ളവൻ 81-82 വർഷത്തേക്കുള്ള യൂനിയൻ ചെയർമാനായതു മുതലുള്ള സംഭവബഹുലമായ ദിനങ്ങൾ ഓർമ്മയിൽ കോളിളക്കമുണ്ടാക്കുന്നു.... ഫാറൂഖിലെ ആ ദിനങ്ങൾ സ്മരണകളായിത്തീർന്നു..... മനസ്സ് വിതുമ്പുകയാണോ? എന്റെ ഹൃദയസാഗരം ജീവിത വിശുദ്ധതകളറിയുന്ന ആത്മഗായകൻ മഹാകവി ഇഖ്ബാലിന്റെ ഈ വരികളുടെ കമണ്ഡലുവിലേക്ക് പ്രവഹിക്കട്ടെ.

"Remember the days when we drank
To the music of the harp and the flute,
The cup of wine was in my hand,
And the flask was held in yours"

* * *

ഫാറൂഖിലെ ഏതൊരു സന്ദർശകനെയും ഹഠാദാകർഷിക്കുന്നതാണ് കോളേജിനെ ചുററിനിൽക്കുന്ന മലർവാടി! വർണ്ണസൗരഭ്യങ്ങളുടെ വൈവിദ്ധ്യം കാഴ്ചവെക്കുന്ന ആ മലർവാടിയോളം മനോഹരമല്ലേ, ഫാറൂക്കിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികളുടെ മാനസമലർവാടി?

സ്നേഹമാണവരുടെ ഗായത്രീമന്ത്രം! ഈ സ്നേഹം നുകർന്നും പകർന്നും ജീവിക്കുകയെന്നതു അഭൗതികമായ ഒരനുഭൂതിതന്നെയാണ്. ഫറൂക്കിന്റെ ഒരു സന്തതിയും മാതൃഭൂമിയുടെ സീനിയർ സബ് എഡിററുമായിരുന്ന ശ്രീ. എൻ പി. ദാമോദരൻ ഫാറൂക്കിനെപ്പററി ഒരിക്കൽ കുറിച്ചു.

"The relationship between the staff and the students was all love, mutual regard and mutual understanding."

നമ്മുടെ സഹോദരസഹോദരിമാരുടെ മനസ്സിന്റെ സൗന്ദര്യം അത്ഭുതങ്ങൾ സൃഷ്ടിച്ച മുഹൂർത്തങ്ങളിൽ ഒന്ന് എടുത്തുപറയത്തക്കതാണ്. യൂണിയൻ ഉദ്ഘാടന വേള. സദസ്സിലെ ചില സുഹൃത്തുക്കൾ മനപ്പൂർവ്വമല്ലാതെ സൃഷ്ടിച്ച ശബ്ദകോലാഹലം കാരണം അതിഥികളായ പ്രശസ്ത സാഹിത്യകാരന്മാർ ശ്രീ കോവിലനും ശ്രീ. എൻ. പി. മുഹമ്മദും പ്രസംഗം ചുരുക്കി പെട്ടന്ന് നിർത്തി. എന്നാൽ ആ സുഹൃത്തുക്കൾക്ക് അവരുടെ തെററിനെക്കുറിച്ച് ബോധമുണ്ടായപ്പോൾ തെററ് തിരുത്തി അതിഥികളെ തിരിച്ചു വിളിക്കാനും ഇഷ്ടപ്പെടുന്നിടത്തോളം സമയം പ്രസംഗിക്കാനും അവർ അനുവദിച്ചു. തുടർന്ന് കടന്നുവന്ന തെളിഞ്ഞ കാലാവസ്ഥയിൽ എൻ. പി. ഒന്നരമണിക്കൂറും എ. പി. പി. സാർ മുക്കാൽമണിക്കൂറും സംസാരിച്ചു. സൂചി വീണാൽ കേൾക്കുന്ന നിശ്ശബ്ദതയിൽ! കാര്യത്തിന്റെ ഗൗരവത്തെക്കുറിച്ചാലോചിക്കാതെ നാം ചെയ്യുന്ന കൊച്ചുകൊച്ചുതെററുകൾ ചിലപ്പോൾ വലിയ തെററുകളേക്കാൾ അപകടകരമാണെന്ന അനുഭവപാഠവും, തെററ് തിരുത്തിയവർക്കുള്ള അഭിനന്ദനവും പ്രദാനം ചെയ്ത ആ അനർഘ മുഹൂർത്തം ഹൃദയചക്രവാളത്തിൽ ഒരു ജ്യോതിർഗോളത്തെ ഉദിപ്പിച്ചതായി എനിക്കു തോന്നി.

* * *

സമയമില്ലായ്മ എന്ന വൻകീറാമുട്ടിയടക്കം പരിമിതികളും പ്രയാസങ്ങളുമുണ്ടായിരുന്നുവെങ്കിലും സുപ്രധാനമായ നയങ്ങളും പരിപാടികളും നടപ്പാക്കിയ കഴിഞ്ഞ വർഷത്തെ യൂണിയന്റെ പ്രവർത്തനം നന്നായിരുന്നു എന്നു പറയാം. മററു മണ്ഡലങ്ങളിലുള്ള സൃഷ്ടിപരമായ പരിപാടികളോടൊപ്പം സാഹിത്യ കലാകായിക രംഗങ്ങളിൽ വിജയത്തിന്റെ അസംഖ്യം തൂവലുകൾ ഫാറൂക്കിന്റെ ശിരോവസ്ത്രത്തിൽ ചാർത്തപ്പെട്ടു എന്നതു് വളരെ വലിയ ഒരു നേട്ടമാണ്. ഓവറോൾ ഒന്നാം സ്ഥാനങ്ങളും, രണ്ടാം സ്ഥാനങ്ങളും, കരസ്ഥമാക്കിക്കൊണ്ട് കലോൽസവങ്ങളിൽ യൂണിവേഴ്സിററിക്ക് കീഴിലെ മററു കോളേജുകളെ പിന്നിലാക്കാൻ കഴിഞ്ഞതു് കഴിഞ്ഞ വർഷത്തെ ഒരു പ്രത്യേകതയായിരുന്നു. സ്വയം തന്നെ ഒരനുഗൃഹീത കലാകാരനായ ഫൈനാർട്ട്സ് സെക്രട്ടറി നാസിറിന്റെ വിശ്രമമില്ലാത്ത പരിശ്രമമായിരുന്നു ഈ വിജയങ്ങൾക്കു പിന്നിൽ മുഖ്യപങ്കുവഹിച്ചതു്. കായിക രംഗത്താകട്ടെ [illegible] നായ ഉസ്മാന്റെ കഠിനാദ്ധ്വാനം ഫാറൂക്കിന്റെ ഗ്രൗണ്ടിന് വീര്യം പകരുകതന്നെചെയ്തു.

കലാപ്രവർത്തനങ്ങളിലും കായിക പ്രവർത്തനങ്ങളിലും കുര്യൻസാർ, സഫിയ ടീച്ചർ, അക്ബറലി സാർ, അലവി സാർ, അബൂബക്കർ സാർ മററു അദ്ധ്യാപകന്മാർ എന്നിവരും ഞങ്ങൾക്ക് താങ്ങും തണലുമായിരുന്നു. പൊതുപരിപാടികളുടെ വിജയത്തിനായി യൂണിയനിലെ ഒരംഗത്തെപ്പോലെയായിരുന്നു ടി. പി. അഹമദ സാർ സഹകരിച്ചതു.

* * *

കഴിഞ്ഞവർഷം യൂണിയൻ സംബന്ധമായ രേഖകളും ബഡ്ജററും എല്ലാ അച്ചടി വേലകളും മലയാളത്തിലാക്കിക്കൊണ്ട് അമ്മ [illegible] ആസ്വദിക്കാനുള്ള ഒരു ശ്രമം നടത്തുകയുണ്ടായി. ഭരണഭാഷ മാതൃഭാഷയാക്കാനുള്ള നമ്മുടെ പരിപാടികൾ കേരള സംസ്ഥാന രൂപീകരണം കഴിഞ്ഞ കാൽ നൂററാണ്ട് പിന്നിട്ടിട്ടും [illegible] എന്ന അവസ്ഥയിലായിരിക്കെ ഇത്തരം പരിപാടികൾ വ്യാപകമായെങ്കിൽ മാത്രമെ ''ഏതൊരു വേദവുമേതൊരു ശാസ്ത്രവുമേതൊരു കാവ്യവുമേതൊരാളും സ്വഭാഷതൻ വക്ത്രത്തിൽ നിന്നു കേൾക്കവേണം'' എന്ന ഭാഷാസ്നേഹിയായ വള്ളത്തോളിന്റെ സ്വപ്നം യാഥാർത്ഥ്യമാകൂ!

കോളേജ് സാഹിത്യവേദി കഴിഞ്ഞ വർഷവും സജീവമായിരുന്നു. I write so we exict എന്നിടത്തോളമുള്ള പിന്തിരിപ്പൻ ധാരണകൾ പ്രചരിപ്പിക്കപ്പെടുന്ന ഇക്കാലത്ത സാഹിത്യം ഒരു സോദ്ദേശ ധർമ്മമാണെന്ന സത്യം വിദ്യാർത്ഥികളിൽ ആഴത്തിൽ പതിപ്പിക്കുന്നതിൽ വേദിയുടെ പ്രവർത്തകരായ സുഹൃത്തുക്കൾ വിജയിച്ചുവെന്നത് അവർക്കും കോളേജിനാകെയും അഭിമാനകരമത്രേ.

* * *

ആകെ രണ്ടു മാസങ്ങളും ചില്ലറ ദിവസങ്ങളും മാത്രം യൂണിയൻ പ്രവർത്തനത്തിനായി ലഭിച്ച സാഹചര്യത്തിൽ പരീക്ഷ പടിവാതില്ക്കൽ വന്നെത്തിനില്ക്കുന്ന ഒരു സന്നിഗ്ദ്ധഘട്ടത്തിലാണ് കോളേജ്ദിനം നടന്നതു്. നമ്മുടെ ബഹുമാന്യരായ അദ്ധ്യാപകരുടെ നേതൃത്വവും സജീവമായ പങ്കാളിത്തവും കൊണ്ട് ശ്രദ്ധേയമായിരുന്നു കോളേജ് ദിനാഘോഷം. പ്രൊ. പരീദ് പിള്ളസാർ ജനറൽ കൺവീനറായുള്ള അദ്ധ്യാപകരുടെ വിവിധ കമ്മററികളുടെ സേവനം പരിപാടി വിജയപ്രദമാക്കി.

പ്രിൻസിപ്പാൾ പ്രൊഫ. വി. മുഹമ്മദ് സാഹിബിന്റെ നേതൃത്വവും സ്ററാഫ് അഡ്വൈസർ പ്രൊഫ. മുഹമ്മദ്ഹസൻ സാറിന്റെ 'സജഷൻസും' പലപ്പോഴും ഞങ്ങൾ പറയാതെതന്നെ മനസ്സിലാക്കാനും അവയുടെ പരിഹാരത്തിനായി വേണ്ടതെല്ലാം ചെയ്യാനും അവർ ബദ്ധശ്രദ്ധരായിരുന്നു. കോളേജിലെ അനദ്ധ്യാപക വിഭാഗവും സ്നേഹനിർഭരമായ സഹകരണമാണ് നല്കിയതു്. ഓഫീസ് സൂപ്രണ്ട് ശ്രീ. രാഘവൻ നായരുടെ പ്രയോഗികജ്ഞാനം പല കാര്യങ്ങളിലും ഞങ്ങൾക്ക് അറിവും പരിചയവും നല്കാൻ പര്യാപ്തമായിരുന്നു.

ഈ പരസ്പര സഹകരണമുണ്ടല്ലോ? ഫാറൂഖിന്റെ മുഖമുദ്രയാണത്. 1961 വരെ നമ്മുടെ കോളേജിൽ കോമേഴ്സ്

സ് പ്രൊഫസറായിരുന്ന പ്രൊ. വി. കെ. അച്ചുതമേനോൻ ആ സഹകരണത്തെ ഇങ്ങനെയാണ് വിലയിരുത്തിയത്.

"What about the attitude of the Authorities concerned in this college and their dealings with the staff of the college? In this respect as far as I am concerned, they were as explained in the Quran 'Vying with one another in good deed' (5:48)"

* * *

അവിചാരിതമായുണ്ടായ ഒരത്യാഹിതം സൃഷ്ടിച്ച വേദനയിലാണ് കോളേജ് ദിനാഘോഷം നടന്നത്. യൂണിവേഴ്സിററി യൂനിയൻ കൗൺസിലർ ഖാദർ മങ്ങാടിനും മാഗസിൻ എഡിററർ എം. പി. ബഷീറിനും മീഞ്ചന്തയിൽ വെച്ച് ഒരു സ്കൂട്ടറപകടത്തിൽ പരുക്ക് പററിയതായിരുന്നു സംഭവം. അപകടശേഷം കോഴിക്കോട് ബീച്ച് ആസ്പത്രിയിൽവെച്ച് അവരെ ആദ്യമായി കണ്ട രംഗം ഓർക്കുമ്പോൾ നടുക്കമുണ്ടാകുന്നു. കോളേജ് ദിനപരിപാടിക്ക് അതിഥികളെ ക്ഷണിക്കാൻ പോകുമ്പോഴാണ് യൂണിയന്റെ ശക്തിയും തിളക്കവുമായിരുന്ന ഈ സുഹൃത്തുക്കൾക്ക് വേദന സഹിക്കേണ്ടിവന്നത് എന്ന കാര്യം ഞങ്ങളിൽ ഏറെ ദുഃഖമുണ്ടാക്കി.

* * *

തിരഞ്ഞെടുപ്പിൽ വാശിയോടെ ഏററുമുട്ടിയവർ അതിനു ശേഷം യൂണിയൻ പ്രവർത്തനങ്ങളിൽ ഒന്നിച്ച് പ്രവർത്തിക്കുന്ന ഒരു നല്ല കീഴ്വഴക്കവും കഴിഞ്ഞ കാലത്തുണ്ടായി. സെനററംഗം ടി. ഏ. ഖാലീദ് തിരഞ്ഞെടുപ്പിൽ എന്റെ എതിരാളിയായിരുന്നുവെങ്കിലും പിന്നീടൊരിക്കലും ആ ആത്മസുഹൃത്തിനെക്കുറിച്ച് എനിക്കങ്ങിനെ തോന്നാൻ ഇടയുണ്ടായിട്ടില്ല. യൂണിയന്റെ പല പരിപാടികളുടെയും മുൻനിരയിൽ ഖാലീദിനെക്കണ്ട വിദ്യാർത്ഥി സുഹൃത്തുക്കൾക്ക് അത്ഭുതമുണ്ടായപ്പോൾ അവർക്ക് ലഭിച്ച എളിയ പ്രതികരണം മാതൃകാ പരവും മഹനീയവുമല്ലേ. ''ഞങ്ങൾ രണ്ടു ചേരികളിലായത് ഇലക്ഷനിൽ മാത്രം. അതിനു ശേഷം സ്ഥാപനത്തിന്റെയും വിദ്യാർത്ഥികളുടെയും ക്ഷേമത്തിനായി ഒന്നിച്ച് ഒററച്ചേരിയിൽ!''

യൂണിയൻ സെക്രട്ടറി അബ്ദുൽ ബർറു! ബർവിന്റെ സ്നേഹം നിറഞ്ഞ മനസ്സും അർപ്പണ മനോഭാവവും മായാത്ത അനുഭവങ്ങൾ സൃഷ്ടിച്ച സന്ദർഭങ്ങൾ അനവധിയുണ്ട്. ഇദംപ്രദമമായി കോളേജ് യൂണിയന്റെ വരവുചിലവു കണക്കുകൾ ബർറു വിദ്യാർത്ഥി സമക്ഷം സമർപ്പിച്ചിരിക്കുകയാണ്. ഞങ്ങൾ പ്രിയപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിയ വാക്ക് ഇതോടെ പാലിക്കപ്പെട്ടിരിക്കുന്നു. മററു യൂണിയനുകൾക്കും ഇതൊരു മാതൃകയാകട്ടെ എന്നാശിക്കുന്നു.

* * *

കഴിഞ്ഞ കൊല്ലത്തെ മററൊരു സുപ്രധാന സംഗതിയായിരുന്നു എൻ. എസ്. എസ്സിന്റെ അഴിഞ്ഞിലം ക്യാമ്പ്. വി. കുഞ്ഞബ്ദുല്ല സാറിന്റെ സമർത്ഥമായ നേതൃത്വത്തിൽ വിദ്യാർത്ഥി കർമ്മശക്തി മണ്ണിൽ വരച്ച അത്ഭുതം കണ്ടപ്പോൾ തൊട്ടതിനൊക്കെ വിദ്യാർത്ഥികളെ പഴിചാരുന്ന പ്രവണതയെ ശപിച്ചുപോയി. നമ്മുടെ വൈസ്ചാൻസലർ പ്രൊഫ. ജലീൽ സാഹിബ് സൂചിപ്പിച്ച ഈ മാർഗ്ഗത്തിലൂടെ ബന്ധപ്പെട്ടവർ ചിന്തിച്ചിരുന്നെങ്കിൽ എന്ന് വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്നു.

"The eduactional system is essentially a sub-system. Most of its melodies are not arising from it but poured into it from the larger system".

* * *

ചാലിയാർ തീരവാസികളുടെ ഏററവും വലിയ മാനുഷികപ്രശ്നമായ ജലവായു മലിനീകരണത്തിനെതിരായി വർഷങ്ങളായി നടന്നുവരുന്ന വിശുദ്ധ സമരത്തെ ആദ്യമായി വിദ്യാർത്ഥി പങ്കാളിത്തത്തിലൂടെ ഉജ്ജ്വലമാക്കിയത് നമ്മുടെ യൂണിയനാണ്. വിദ്യാർത്ഥികളുടെ ആഗമനത്തോടെ പ്രശ്നത്തിന് പുതിയൊരു മുഖം കൈവരുകയും വിദ്യാർത്ഥി ബഹുജന ഐക്യമാണ്, അനീതിക്കെതിരെയുള്ള വജ്രാ ധമെന്ന പരമാർത്ഥത്തിന്ന് കൂടുതൽ വ്യാപ്തി ലഭിക്കുകയുണ്ടായി.

ഞങ്ങൾ ഇരുന്നൂറോളം സമരഭടന്മാർ ചാലിയാറിന്റെ മാറിലൂടെതന്നെയാണ് സമരയാത്ര ആരംഭിച്ചത്. മാവൂ ഫാക്ടറി പടിക്കലേക്കുള്ള ലോംഗ് മാർച്ചിലേക്കുള്ള വിദ്യാർത്ഥി സംഘമായി രണ്ടു വലിയ തോണികളിലാണ് ഞങ്ങ ഫാറൂഖ് കോളേജ് തീരത്തുനിന്ന് ചുങ്കപ്പള്ളിയിലേക്ക് ന ങ്ങിയത്. ചുട്ടുപൊള്ളുന്ന വെയിലുണ്ടായിട്ടും, നാട്ടുകാരു അഭിവാദ്യം സ്വീകരിച്ച് തോണിപ്പാട്ടുംപാടി വള്ളംകളിയു ആവേശത്തോടെ നീങ്ങിയ ഞങ്ങളിൽ ആർക്കും ക്ഷീണം അന വേപ്പെട്ടില്ല. തീരങ്ങളിൽ കൊച്ചു കുടിലുകളിലെ കിടാങ്ങ തോണിപ്പാട്ടിനൊപ്പം തുള്ളിച്ചാടി, എല്ലാം മറന്ന് പുഷ്പ ണിയായ ചാലിയാറിന്റെ തീരത്തെ പുഷ്പലതാദിക തലയാട്ടി മന്ദഹാസം പൊഴിഞ്ഞു. അപ്പോൾ ഞാൻ ഓർക്കു കയായിരുന്നു.... വർഷങ്ങൾക്ക് മുമ്പ് ലാഹോറിലെ ഒരു സന്ധ്യയിൽ റാവിനദിയുടെ കൊച്ചോളങ്ങളെ നോക്കി വിശ്വ മഹാകവി ഇഖ്ബാൽ പാടിയ ഈ ഈരടികൾ.

"In the stillness of the evening the Ravi is busy chanting

Do not ask me what is going on in my heart
Here I am standing by the side of the waters,
Yet I know not where I am standing."

യാത്രക്കിടയിൽ ആശയസംവാദത്തിന്റെ വേലിയേററ മുണ്ടായപ്പോൾ രാഷ്ട്രീയ വിപ്ലവകാരികൂടിയായ ഇഖ്ബ ലിന്റെ ജനകീയ സമരങ്ങളോടുള്ള വീക്ഷണത്തെക്കുറിച്ചായി ചർച്ച. സമരത്തിനൊരുങ്ങിയ ഞങ്ങളെ ഈ വരികൾ ഹർ ഷപുളകിതരാക്കുകതന്നെ ചെയ്തു. ''സമരത്തെക്കുറിച്ച് കേൾ ക്കുമ്പോൾ നീ എന്തിന് ഭീരുവിനെപ്പോലെ വിറകൊള്ളുന്നു സമരമില്ലെങ്കിൽ ജീവിതമുണ്ടോ? പ്രകൃതി നിനക്കു കഴുകന്റെ കണ്ണുകൾ തന്നു. അടിമത്തം ആ കണ്ണുകളിൽ പൂച്ചയുടെ ദയ നീയത വെച്ചുതന്നു....'' മനുഷ്യന് വേണ്ടി മനുഷ്യസ്നേഹി യായ ഇഖ്ബാലിന്റെ വാക്കുകൾ!

വിദ്യാർത്ഥികൾ രാജത്തിറങ്ങിയാൽ സമരം ആളിപട ന്നേക്കുമെന്ന മാനേജ്മെന്റിന്റെ ഭീതിയാണ് യാതൊരു പ്രകോപനവുമില്ലാതെതന്നെ സമരക്കാരെ ആക്രമിക്കാ ഗുണ്ടകളെ ഏർപ്പെടുത്തിയ നടപടി വ്യക്തമാക്കുന്നത്. ഫാ റി ഗേററിനു മുമ്പിൽ വിദ്യാർത്ഥികൾ മുദ്രാവാക്യം വിളിച്ച് ധർണ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് ഫാക്ടറി ക്യാ സിൽ നിന്നു കല്ലേറ് തുടങ്ങിയത്. വലിയ കല്ലുകൾ കൂ തലായി ചീറിപാഞ്ഞുവരാൻ തുടങ്ങിയതോടെ നാട്ടുകാ നാലുപാടും ഓടി, ഞങ്ങൾ ഗേററിന്റെ ഭിത്തിയോട് ചേ നിന്നു മുദ്രാവാക്യം വിളി ഉച്ചത്തിലാക്കി. കല്ലെറിയു വരെ കണ്ടുപിടിച്ച് പിടി കൂടുന്നതിന് പകരം നാട്ടുകാ വിദ്യാർത്ഥികളിൽ നിന്നു പാടെ അകററി നിർത്തുകയാണ് പോലീസ് ചെയ്തത്. അതോടെ ഞങ്ങളെ ഒററക്ക് കി ട്ടിയ മുതലാളിയുടെ കൂലിപട്ടാളം കയ്യിൽ കിട്ടിയ സാധന ളുമായി അടിയും ഇടിയും തൊഴിയും തെറിയുമായി നിരായു രും നിരപരാധികളുമായ വിദ്യാർത്ഥികളുടെ മേൽ ചാ വീണു. ഇതു കണ്ട നാട്ടുകാർ ഞങ്ങളെ രക്ഷിക്കാനായി ബ പ്രയോഗം നടത്തി നോക്കിയെങ്കിലും പോലീസ് ശക്തമാ വലയം സൃഷ്ടിച്ച് അവരെ തടഞ്ഞു കല്ലേറുണ്ടായപ്പോ ചേർന്നു നിൽക്കാൻ ആ മതിലുണ്ടായത് കൊണ്ടാണ് ഞങ്ങ ചില്ലറ പരുക്കുകളോടെയാണെങ്കിലും രക്ഷപ്പെട്ടത്. മതി ഇല്ലായിരുന്നുവെങ്കിൽ... ആ അവസ്ഥ അചിന്തനീയമാണ് ബഷീർ, ബ്രാൻ, അനിൽകുമാർ എന്നീ സുഹൃത്തുക്കളെ ചോരപ്പാടുകൾ ഞങ്ങളെ ഭയപ്പെടുത്തിയെങ്കിലും മുറിവുക സാരമുള്ളതായിരുന്നില്ല ക ലിലേററ കല്ലേറു കാരണം ഈ ള്ളവന്ന് ഒരാഴ്ച ആസ്പത്രിയിൽ കഴിയേണ്ടിയും വ യൂണിവേഴ്സിററി യൂണിയൻ സെക്രട്ടറി മമ്മുട്ടി, ഖാലിദ് ഖാദർ എന്നിവരെയെല്ലാം ഗുണ്ടകൾ അത്യാവശ്യത്തിന് ഒന്ന തലോടി. അക്രമണത്തിൽ ക്ഷുഭിതരായ നാട്ടുകാർ ഉട ത്തന്നെ ജാഥയായി ചെന്ന് പൈപ്പ് ലൈൻ തകർക്കുക

അതെത്തുടർന്ന് ഫാക്ടറി അനിശ്ചിതകാലത്തേക്ക് അടച്ചിടുകയും ചെയ്തു. ശുചീകരണത്തിന് മാർഗ്ഗം കാണാതെ പൈപ്പ് റിപ്പയർ ചെയ്യാൻ അനുവദിക്കുകയില്ലെന്ന തീരുമാനത്തിൽ ഇതെഴുതുമ്പോഴും നാട്ടുകാരൊന്നടക്കം ഉറച്ചു നിൽക്കുകയാണ്. അഭിമാനത്തോടെ ഒരു കാര്യം ഇവിടെ കുറിക്കട്ടെ. "കല്ലേറ് ശക്തിപ്പെട്ടു വന്നപ്പോഴും നാട്ടുകാരെ മുഴുവൻ പോലീസ് വിരട്ടി ഓടിച്ചപ്പോഴും ഫാറൂഖിന്റെ ചുണക്കുട്ടികളിൽ ഒരുകുട്ടിയും ഓടിയില്ല. അടിപതറാതെ മുഷ്ടിചുരുട്ടി, മുദ്രാവാക്യം വിളിച്ച് അവർ ഉറച്ചു നിൽക്കുകയായിരുന്നു, തലക്കുമീതെ പാറക്കല്ലുകൾ പറന്നപ്പോഴും!

ഉത്തരകേരളത്തിന്റെ ചിരകാല സ്വപ്നമായ കോഴിക്കോട് വിമാനത്താവളത്തിനു വേണ്ടിയുള്ള പ്രക്ഷോഭപരിപാടികളിലും ആക്ഷൻ കമ്മററിയിൽ സജീവമായി പങ്കെടുത്തുകൊണ്ട് നാം സഹകരിക്കുകയുണ്ടായി. വിദ്യാർത്ഥിശക്തി ജനകീയ പ്രശ്നങ്ങൾക്കായി ചിലവഴിക്കാൻ കോളേജ് യൂണിയന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു.

* * *

ഫാറൂഖിന്റെ പൗരുഷത്തെപ്പററിയാണല്ലോ നാം പറഞ്ഞുവന്നതു്. ഫാറൂഖിന്റെ സ്ത്രീത്വത്തിനുമുണ്ട് സവിശേഷമഹത്വം. കഴിഞ്ഞവർഷം നാം നേടിയ പ്രശസ്തമായ കലാവിജയങ്ങളിൻ നല്ലൊരംശം സാക്ഷാൽ കലാദേവതയായ സരസ്വതീദേവിയുടെ വർഗ്ഗത്തിന്റെ തന്നെ സംഭാവനയായിരുന്നു. വിദ്യാർത്ഥിനികളുടെ കഴിവുററ പ്രതിനിധികളായി യൂണിയനെ സേവിച്ച ഹസീനാ, നിഷാസഹോദരിമാർക്ക് വിദ്യാർത്ഥിനികളെ കലാപരിപാടികൾക്കും മൽസരങ്ങൾക്കും മററും സംഘടിപ്പിക്കുന്നതിൽ വിഷമങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. കേംബ്രിഡ്ജിൽനിന്നു് ബിരുദം നേടിയശേഷം നമ്മുടെ കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ച ഒരു ഇംഗ്ലീഷ് വനിതയായ Anna Barbar അന്നത്തെ 'ഫാറൂഖിനി'കളെക്കുറിച്ച് പ്രകടിപ്പിച്ച ഈ പ്രശംസ ഇന്നത്തെ ഫാറൂഖിനികളും അർഹിക്കുന്നുണ്ട് എന്നെനിക്ക് തോന്നുന്നു. "In the women's Hostel where I lived six months that I taught at Farook there were four girls sharing every room...... But I scarcely ever heard the girls fight or even cry though some were only fifteen and they lent each other every thing they had."

* * *

ഒന്നുകൂടി തിരിഞ്ഞുനോക്കട്ടെ ......ഫാറൂഖിന്റെ ജൈത്രയാത്ര കാണുമ്പോൾ കോളേജിന്റെ ജീവനാഡിയായിരുന്ന കെ. എം. സീതിസാഹിബിനെപ്പോലെ സർവ്വശക്തനെ സ്തുതിക്കാൻ മാത്രമെ നമുക്കാവൂ.

"......my heart is full with reverential gratitude to that all merciful God who made it possible for us to have such an institution."

സമീപത്തായി പള്ളിയും ക്ഷേത്രവും ....... അദ്ധ്യാപക അനദ്ധ്യാപക, വിദ്യാർത്ഥി രംഗങ്ങളിൽ സഹോദര സമുദായങ്ങളിലെ സഹോദരങ്ങൾ നിരവധി.... ഫാറൂഖ് മതമൈത്രിയുടെ അരുവിപ്പുറം തന്നെ.

ഫാറൂഖിന്റെ സ്പന്ദനങ്ങളുടെയും സ്വപ്നങ്ങളുടെയും കൂടെ ജീവിച്ച നമ്മുടെ ഉപമുഖ്യമന്ത്രി സി. എച്ച് മുഹമ്മദ് കോയ സായിബിന്റെ സ്മരണയുടെ ചുരുളഴിഞ്ഞപ്പോൾ വീണു കിട്ടിയ മുത്തുകൾ ഇവിടെ നിരത്തിക്കൊണ്ട് നീണ്ടുപോയ ഈ അനുസ്മരണം അവസാനിപ്പിക്കട്ടെ. "കശുമാവിൻ ചെടികളും ഓരിക്കുറുക്കന്മാരും മാത്രമുണ്ടായിരുന്ന ആ മൊട്ടക്കുന്നിൽ ശൂന്യതയിൽ നിന്നു് ഒരു കോളേജ് കെട്ടിപ്പടുക്കുവാൻ കഴിഞ്ഞതു് അതിന്റെ സ്ഥാപകന്മാർക്കും അതിനെ പാലൂട്ടിപ്പോററിയ സമുദായത്തിനും അഭിമാനജനകമത്രെ. അന്നു യൂനിവേഴ്സിററി കമ്മീഷൻ അംഗമായി വന്ന ഡോ. റെഡ്ഡി അൽഭുതസ്തിമിതനായി പ്രസ്താവിച്ചതു് അലാവുദ്ദീന്റെ അൽഭുത ദീപമാണിതു് എന്നാണ്''

"നീ ഈ ലോകത്തു് ഒരു വഴിയാത്രക്കാരനെപ്പോലെ ജീവിച്ചു കൊള്ളുക"

— നബിതിരുമേനി

"എന്റെ ജീവിതം കണ്ണീരും പുഞ്ചിരിയുമാകട്ടെ. ........ പൊട്ടിപ്പോയ ഹൃദയവുമായി എന്നെ ബന്ധിക്കുന്ന കണ്ണീരും എന്റെ ആനന്ദത്തിന്റെ അടയാളമായ പുഞ്ചിരിയും"

— ഖലീൻ ജിബ്രാൻ

"പ്രസംഗങ്ങളിൽ ചിലതു് ആഭിചാരമാണ്. കവിതകളിൽ ചില വിജ്ഞാന ശകലങ്ങളുണ്ട്."

— നബിതിരുമേനി

"ശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അതു് നന്നായാൽ ശരീരം മുഴുവൻ നന്നായി, അതു് ദുഷിച്ചാലോ ശരീരം മുഴുവൻ ദുഷിക്കുകയും ചെയ്തു: അതത്രേ ഹൃദയം"

— നബിതിരുമേനി

# അതിരാണിപ്പാടത്തുകാരന്‌ അശ്രുപൂജ

മലയാളത്തിന്റെ കഥാകാരൻ, ഭാരതത്തിലെ മഹാസാഹിത്യകാരന്മാരുള്ള പരമോന്നത പീഠം നേടിയ കേരളീയൻ, പ്രിയപ്പെട്ട എസ്‌. കെ., യാത്ര പറഞ്ഞിരിക്കുന്നു.

യാത്രയും സാഹസികതയും താങ്കളുടെ ചോരയിലലിഞ്ഞുചേർന്ന സ്ഥായിയായ പ്രഥമവികാരവും താൽപ്പര്യവുമായിരുന്നല്ലോ, പ്രിയപ്പെട്ട എസ്‌. കെ. അദ്ധ്യാപകനായി ടൈപ്പിസ്റ്റായി [illegible] വേഷം കെട്ടുമ്പോഴും മനസ്സിനുള്ളിൽ യാത്രയും സാഹസികതയും സാഹിത്യവും പരാഗണം നടത്തുകയായിരുന്നല്ലോ. ആദ്യം ഭാരതം ചുറ്റി ജനിച്ച നാടിനെ കണ്ടെത്തി. വിദേശസഞ്ചാരം അവിടന്നാരംഭിക്കുന്നു. ഒപ്പം മലയാള സാഹിത്യത്തിലേക്കാലവും നറുമണം വീശുന്ന [illegible] തളിരിടുന്നു.

കോഴിക്കോട്ടിന്റെ നടുവിലെ കാട്ടുവർഗ്ഗത്തിന്റെ കഥ പറയുമ്പോഴും, നഗര മദ്ധ്യത്തിലെ ശബ്ദമുഖരിതമായ നവീന സംസ്കാരത്തിന്റെ ചിത്രം വരയ്ക്കുമ്പോഴും അങ്ങ്‌ ഭാരതീയനായിരുന്നു; ആത്യന്തികമായി മലയാളിയായിരുന്നു. വെറുതെയല്ലല്ലോ താങ്കളനുഭവിച്ച ആത്മസംഘർഷവും താങ്കളിലുണ്ടായ വികാരവൈവിധ്യവും ഞങ്ങളുടെതായി മാറിയത്‌. വെറുതെയല്ലല്ലോ ഇരുളടഞ്ഞ ദേശങ്ങളുടെ, പ്രകാശപൂരം ചൊരിയുന്ന നഗരങ്ങളുടെ കഥ ഞങ്ങളുടെ സമ്പത്തായി മാറിയത്‌. ഞങ്ങൾക്ക് [illegible] സ്ഥിരപരിചിതമാക്കി വശ്യമായ യാത്രാനുഭൂതി നൽകാൻ, കണ്ട ദേശങ്ങളിലോ ഞങ്ങൾ കാണാത്ത ദേശീയ വശ്യതകൾ കണ്ടെത്തി എഴുതാൻ കഴിയുമായി. തന്നെ, സഞ്ചാര സാഹിത്യത്തിൽ നവീനമായ ഒരു അദ്ധ്യായം കെട്ടിപ്പടുത്ത്‌ അനുഭവവേദ്യമാക്കി തന്നു താങ്കളിലെ കഥാകാരൻ.

കഥാകാരനായിരുന്നു താങ്കൾ. കൊച്ചുഗ്രാമത്തിലെ പച്ച മനുഷ്യരുടെ കഥയിലൂടെ, നാട്ടിൻപുറത്തെ ഇക്കിളിയുണർത്തുന്ന പ്രേമകഥയിലൂടെ, കാട്ടുമുക്കിലെ വേട്ടക്കാരന്റെ ജീവിതത്തിലൂടെ, താങ്കളിലെ കഥാകാരൻ വളരുകയായിരുന്നു.

വളർന്നുയർന്ന തെരുവിന്റെ കഥയെഴുതി. എന്നും കാണുന്ന മറക്കാനാവാത്ത കുറെ മനുഷ്യരുടെ ജീവിതം ഞങ്ങളറിഞ്ഞു. പിന്നെ, സ്വന്തം ജീവിതത്തിന്‌ ചായംകൂട്ടി ജീവൻ കൊടുത്തപ്പോൾ അങ്ങയുടെ കഥ മാത്രമായിരുന്നില്ല; ഒരു അതിരാണിപ്പാടത്തിന്റെ കഥ മാത്രമായിരുന്നില്ല; ഒരു കൊച്ചുദേശത്തിന്റെ കഥ മാത്രമായിരുന്നില്ല; ഞങ്ങളുടെയൊക്കെയും ആത്മഗാഥയായിരുന്നു. ഉറഞ്ഞ മണ്ണിന്റെ മനുഷ്യനന്മയുടെ അനശ്വര സ്നേഹത്തിന്റെ ആവിഷ്കാരമായിരുന്നു.

മഹാകവിന്മാരാൽ കൊതിച്ച തൂലികയേന്തിയ സാഹിത്യനായകൻ, ഏടുകളിലെന്നും നിത്യവസന്തം വിടർത്തിയ രാജശിൽപ്പി, നഗര മദ്ധ്യത്തിലെ ഗർജ്ജനങ്ങൾക്കിടയിലും കൊടുങ്കാട്ടിനുള്ളിലെ ശാന്തതയ്ക്കിടയിലും കേരളീയത വിടാത്ത നാട്ടിൻ പുറത്തുകാരൻ, അവസാനം യാത്രചൊല്ലിപ്പിരിഞ്ഞിരിക്കുന്നു.

—എന്നും ഉൽസവം കൊണ്ടാടാൻ വശ്യമായ പുഞ്ചിരിയും മേന്മയേറിയ കഥാസാഹിത്യവും ഞങ്ങൾക്ക്‌ തന്നു വേർപിരിഞ്ഞിരിക്കുന്നു. ആദരവിന്റെ നന്ദിയുടെ സ്നേഹത്തിന്റെ തിളക്കമേറിയ രണ്ടിറ്റ്‌ കണ്ണീർ, ഒരായിരം ഓർമ്മകളോടെ ഞങ്ങളർപ്പിക്കുന്നു. അത്രമാത്രം.

പത്രാധിപസമിതിയ്ക്കുവേണ്ടി തയ്യാറാക്കിയത്‌, എൻ. പി. ഹാഫീസ്‌ മുഹമ്മദ്‌

കൂപ്പിയ കൈകളാൽ, ഞാൻ നീട്ടിയ എന്തോ ഏററുവാങ്ങി, കിഴവൻ നിന്നു. കൂർത്ത താടിയെല്ലിൽ മുനമ്പിൽ താഴോട്ടു തിരാൻ വിറച്ചു നിന്ന വിയർപ്പുതുള്ളി, വരണ്ട കൺകോണുകളിൽ നിന്നും ചാലു കീറിയ നീർക്കണത്തിൽ ഭാരം താങ്ങി താഴെ വീണു.

കെ. ഇ. മുഹമ്മദു് നസീർ

# ബാദ്ധ്യത

കഥ

തെരുവിൻെറ ഈ കൈവഴികളിലെവിടെയോ വെച്ചാണ് ഞങ്ങൾ കണ്ടുമുട്ടിയത്. ഞാനും കിഴവനും. എന്നായിരുന്നു അതെന്നു ചോദിച്ചാൽ എന്നോ എന്നോ എന്നു മാത്രമേ എനിക്ക് പറയാനാവൂ.

എങ്കിലും എനിക്കോർമ്മയുണ്ട്. തെരുവിൽ, ആൾക്കൂട്ടത്തിനു നടുവിൽ, തികച്ചും അവിചാരിതമായി പ്രത്യക്ഷപ്പെട്ട പഴയ സുഹൃത്തിൻെറ നേരെ നടന്നടുക്കുകയായിരുന്നു ഞാൻ. സുഹൃത്താകട്ടെ എന്നെ തിരിച്ചറിഞ്ഞു്, ചുണ്ടിൽ ചിരിയും മുഖത്തു ജിജ്ഞാസയുമായി എൻെറ നേരെ ആഞ്ഞടുക്കുകയായിരുന്നു. ആളുകളെ മുട്ടിയും വകഞ്ഞുമാറിയും നീട്ടിപ്പിടിച്ച കൈകൾ അന്യോന്യം ഏററുവാങ്ങാനായവെ, പെട്ടെന്നാണ് ഞങ്ങൾക്കിടയിൽ മൂന്നാമതൊരു കൈ നീണ്ടുവന്നു വിലങ്ങുതടിയായത്—വിറയാർന്ന, ഞങ്ങളുടേതല്ലാത്ത ഒരു കൈ.

അക്ഷമ കലർന്ന വെറുപ്പോടെ ഒരുമിച്ചുതന്നെ ഞങ്ങൾ നോക്കി—കിഴവനായിരുന്നു അതു്. വല്ലപ്പോഴും കടന്നുവന്നു്, ധൃതിയില്ലാതെ നില്ക്കുന്നവരുടെ മുന്നിലെത്തി, വിറയാർന്ന കൈ നീട്ടി നിൽക്കാറുള്ള കിഴവൻ. അവർക്കു മുന്നിൽ കൈ നീട്ടിയും പിൻവലിച്ചും നീങ്ങിയെത്തവെ എന്നെ മാത്രം ഒഴിവാക്കി, അതിൻെറ രഹസ്യം എന്നിൽ കളിപ്പാട്ടമായവശേഷിപ്പിച്ച് തൊട്ടപ്പുറത്ത് വീണ്ടും കൈയുയർത്തി തെന്നിയകലാറുള്ള കിഴവൻ.

വിഷമിച്ചുനിന്ന ഞാൻ, ആ കൈ തട്ടിനീക്കി സുഹൃത്തിൻെറ കരങ്ങൾ ആശ്ലേഷിക്കാനാവാതെ പിൻവലിച്ച സ്വന്തം കൈകൾ അതിനകം പോക്കററിൽ തിരുകിക്കഴിഞ്ഞ സുഹൃത്തിൻെറ കണ്ണുകളിലാവട്ടെ ജിജ്ഞാസയും ആഹ്ലാദവും മാഞ്ഞുമാഞ്ഞില്ലാതാവുന്നതും പകരം ''എന്താണിത്, എന്തിനാണിത്'' എന്ന ഭാവത്തിൽ എൻെറ നേരെ വെറുപ്പിൻെറ നോട്ടമെറിയുന്നതും ഞാൻ കണ്ടു. അത്ഭുതത്തോടെ, അമ്പരപ്പോടെ അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത് കിഴവൻ എൻെറ കൈകൾ ഏററുവാങ്ങിയിട്ടുണ്ടെന്നും മറേറ കൈ കൊണ്ടു് പാതയുടെ ആളൊഴിഞ്ഞ ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ടു നില്ക്കുകയുമാണെന്നു്.

ആർക്കറിയാം, കിഴവനോടൊപ്പം നടന്നു നീങ്ങിക്കഴിഞ്ഞിരുന്നു ഞാൻ. ഇടയിലൊരു നിമിഷം എന്തോ ഓർത്തു തിരിഞ്ഞുനിന്ന് കൈയുയർത്താൻ ശ്രമിക്കെ, എവിടെനിന്നോ ഉയർന്നും താഴ്ന്നും വന്നു മൂടിയ മറെറാരാൾക്കൂട്ടത്തിൽ സുഹൃത്തിനെ എനിക്കു നഷ്ടപ്പെടുകയും ചെയ്തു.

നടന്നും തിരിഞ്ഞുനോക്കിയും ഞാൻ കിഴവനെ അനുഗമിച്ചു. തിരക്കൊഴിഞ്ഞ പാതവക്കിൽ കനത്ത മതിൽക്കെട്ടും ചാരി നിൽക്കെ നിമിഷങ്ങൾ കഴിഞ്ഞു് കിഴവൻ പതുക്കെ മൊഴിഞ്ഞു.

''ഒന്നും തോന്നരു്ത്—''

ക്ഷീണിച്ച, വിറയാർന്ന സ്വരം. അതിൽ മന്ത്രധ്വനി.

ഞാൻ ആ മുഖത്തേക്കു നോക്കി.

''ഒന്നും തോന്നരു്ത്'', കിഴവൻ എൻെറ കൈപിടിച്ചു; ''ഒരു് രണ്ടുർപ്പ്യ തരണം—ണ്ടെങ്കില്''

അഗാധമായ കുഴിയിൽ വീണു നരച്ച ആ കണ്ണുകൾ. സ്വരമാകട്ടെ വീണ്ടും മന്ത്രം ഉരുവിട്ട പ്രതീതിയും. ആൾക്കൂട്ടത്തിൽ മുങ്ങിയും താഴ്ന്നുമകന്ന സുഹൃത്ത് എനിക്കപ്പോൾ വിസ്മൃതി മാത്രമായി. എന്നെ മാത്രം ഒഴിവാക്കി, തൊട്ടപ്പുറം അവർക്കിടയിൽ എന്നും ഉയരുകയും താഴുകയും ചെയ്യുന്ന കൈ എനിക്കു മുമ്പിൽ ആദ്യമായി വിറയാർന്നുനിൽക്കെ എന്തുചെയ്യണമെന്നറിയാതെ ഞാൻ വിഷമിച്ചു.

കൂപ്പിയ കൈകളാൽ, ഞാൻ നീട്ടിയ എന്തോ ഏററുവാങ്ങി, കിഴവൻ നിന്നു. കൂർത്ത താടിയെല്ലിൻ മുനമ്പിൽ താഴോട്ടുതിരാൻ വിറച്ചു നിന്ന വിയർപ്പുതുള്ളി, വരണ്ട കൺകോണുകളിൽ നിന്നും ചാലുകീറിയ നീർക്കണത്തിൽ ഭാരം താങ്ങി താഴെ വീണു.

—നോക്കിനിൽക്കെ, നിശ്ശബ്ദം തിരിഞ്ഞു നടന്ന കിഴവൻ അവർക്കിടയിൽ പതിയെ മറഞ്ഞില്ലാതായി.

തെരുവിന്റെ കൈവഴികളിൽ ഞാൻ പിന്നെയും വന്നും പോയുമിരുന്നു. എന്നോ എവിടെയോ അകന്ന പഴയകാല സുഹൃത്തുക്കളെ വീണ്ടും യാദൃശ്ചികമായി കണ്ടുമുട്ടി. പരസ്പരം തിരിച്ചറിഞ്ഞു്, ആളുകളെ വകഞ്ഞു മാററി, കൈകൾ നീട്ടി നടന്നടുക്കവെ ഇടയിൽ മൂന്നാമതൊരു കൈ വിറയാർന്നുവന്നു ഞങ്ങളെ അകററിയില്ല. കമ്പിയിഴയിൽ തൂങ്ങി യാത്ര ചെയ്യുന്ന ചുളി വീണ കൈകളുടെ ഉടമകളിലൊന്നിന്റേയും മുഖം ഇരിക്കാനിടം കിട്ടാതെപോയ അമർഷത്തിൽ അസ്വസ്ഥതയല്ലാതൊന്നും വെളിപ്പെടുത്തിയില്ല. തെരുവിന്റെ നിശ്ശബ്ദമായ വഴിയോരങ്ങളിൽ ഉയരുകയും തകർക്കപ്പെടുകയും ചെയ്ത കൂടാരങ്ങൾക്കു കീഴിൽ ഭാണ്ഡമിറക്കി മിച്ചം തിരയാനിരുന്നകണ്ണുകളൊന്നും കിഴവന്റേതായിരുന്നില്ല.

കിഴവനെവിടെ--

എവിടെ കിഴവൻ--

കിഴവൻ, കിഴവൻമാത്രമെവിടെ?

അത്ഭുതം, പഴയ സുഹൃത്തു തന്നെയാണു് അവർക്കിടയിൽ മുഖം തിരഞ്ഞു പരാജയപ്പെട്ടുനിന്ന എന്നെ തട്ടിയുണർത്തിയത്. മതിൽക്കെട്ടു ചാരി, ധൃതിയൊന്നുമില്ലാതെ, പോയ കാല സംഭവങ്ങളെക്കുറിച്ചു നിരന്തരം സംസാരിച്ച സുഹൃത്ത്, നേരത്തേ ഇങ്ങനെ കാണാനും സംസാരിക്കാനും കഴിയാതെ പോയതിൽ മാപ്പപേക്ഷിക്കവെ, വർദ്ധിച്ച ജിജ്ഞാസയോടെ ഞാൻ ചോദിച്ചു:

''കണ്ടോ, കിഴവനെ?''

''കിഴവൻ, സുഹൃത്ത് ചിരിച്ചു: ''കിഴവൻ--''

''കിഴവനെത്തന്നെ, കണ്ടോ?''

അമ്പരപ്പിന്റെ ഇരുൾ മൂടിയ സുഹൃത്തിന്റെ നിശ്ശബ്ദത എനിക്കു് അപ്രാപ്യമായി. കൈ പിടിച്ചു കുലുക്കാതെ പതിയെ ചിരിച്ചും തലയാട്ടിയും യാത്ര പറഞ്ഞു്, പെട്ടെന്നു് അവർക്കിടയിൽ ഇല്ലാതായി മറിഞ്ഞ സുഹൃത്തിനുപിറകിൽ എന്റെ കാഴ്ചയുടഞ്ഞു.

ഇതു് തെരുവിന്റെ പ്രധാന കൈവഴിയൊന്നുമല്ല എന്നതു് പ്രസിദ്ധമാണു്. എന്നിട്ടും അപൂർവ്വസംഭവങ്ങൾ നിത്യസംഭവങ്ങളായിത്തന്നെ അവർ ശരിവെയ്ക്കുന്നു. ഒന്നിനു പിറകെ ഒന്നായി വന്നു് ഒരു കർമ്മം വഹിച്ച സാഫല്യത്തോടെയാണ് കാണേണ്ടതുകണ്ടു് അവർ വന്ന വഴിയേ മടങ്ങുന്നതു്.

ദാ, ഇപ്പോൾ കിഴവനും ഞാനും മാത്രമേയുള്ളു. പാതയുടെ എതിർവശത്ത് പ്രത്യക്ഷപ്പെട്ടത് നിമിഷങ്ങൾക്കു മുൻമ്പു് മാത്രം. ചുണ്ടിൽ ഒതുങ്ങാത്ത ചിരിയോടെ നീട്ടിപ്പിടിച്ച വർത്തമാനപത്രവുമായി എന്റെ നേരെ ആഞ്ഞപ്പോൾ ''അരുത്, ധൃതിവെയ്ക്കരുത്'' എന്നു പറയാൻ നാവുയർന്നതായിരുന്നു. എന്നാൽ പാത മുറിച്ചുകടന്ന കിഴവന്റെ ബാധിരതയ്ക്കു പിറകിൽ ചുരമാന്തിയെത്തിയ അലർച്ച കൊമ്പുകൾ ആഞ്ഞു താഴ്ത്തുന്നതു് വെറുതെ നോക്കിനിൽക്കുക മാത്രം ചെയ്തു ഞാൻ.

കുമ്പിവിടർന്ന കയ്യിൽ വിറയലമർന്ന വർത്തമാനപത്രവും ലോട്ടറിററിക്കററും. അതിലെ വലിയ അക്കങ്ങൾക്കു സാമ്യതയുണ്ടെന്നു കണ്ടുപിടിച്ചത് അവരാണ്, അതൊക്കെ സൂക്ഷിക്കേണ്ടിടത്ത് എത്തിക്കുക എന്ന ചട്ടം പാലിക്കാൻ കൊണ്ടുപോയത് ചുകന്നതൊപ്പിക്കാരും.

കറുത്ത കാക്കകളെയകററാൻ സ്വന്തം വസ്ത്രമഴിച്ചു ശവം മൂടുക എന്നതാണു് ശേഷക്രിയ. പക്ഷെ അവർക്കു മുമ്പിൽ അതോടെ വെളിവായേക്കാവുന്ന സ്വന്തം നഗ്നതയുടെ ഓർമ്മയിൽ കൈകൾ തളർന്നു താണു.

കാക്കകൾ കൊത്തിവലിക്കുന്ന ശവത്തിനരികിൽ അപ്പോഴും ഞാൻ കാവൽ തുടർന്നു.

മനോജ് വി. എൻ.

പിതൃക്കളെ ധിക്കരിപ്പതു പാപമെന്നറിയാം
പക്ഷെ, മിഴിനീരു വററിയോരെങ്ങൾ
അസുരവിത്തുകളല്ലേ?

# ബലിച്ചോറ്

## കവിത

ഇന്നു ബലിക്കാക്ക പാറി വരുന്നതു കാൺമൂ,
മുത്തച്ഛാ....
ഞങ്ങൾ ഈയനന്തിരവർ നല്കാം ബലിച്ചോറ്
കൈകൊട്ടി വിളിച്ചീടാം.
ഞങ്ങടെ കൺകളിൽ നോക്കു മുത്തച്ഛാ.
ഇമ ചിമ്മിയടയുന്നൊരു നക്ഷത്രക്കതിരാണെന്നറിയുന്നില്ലേ?
ഇത്തറവാട്ടിൽ ഭാഗംവെച്ചു പിരിഞ്ഞൊരു വേളയിൽ,
ഞങ്ങളീയനന്തിരവർക്കു കിട്ടിയതെന്താണെന്നോ–
ഓട്ടുപാത്രമോ, ക്ളാവു പിടിച്ച പാൽപ്പാത്രമോ?
ഞങ്ങടെ നിശ്വാസ വായുവിൽക്കരിയുന്ന
മാറാലത്തട്ടിൻ കീഴെ,
അന്നു നിങ്ങൾ തറവാട്ടിൽ കത്തി നിന്നപ്പോൾ
ഞങ്ങളീയനന്തിരവർക്കു നല്കിയതെന്തോ?
വിഷുക്കണിനീട്ടമായെട്ടണക്കാശോ പിന്നെ–
ക്കോടിഗന്ധം പുരണ്ടോരീരിഴമുണ്ടോ?
'പണ്ടത്തെത്തറവാട്ടിൽ തലതാഴ്ത്തി നടക്കേണം.'
തലതാഴ്ത്തിയല്ലേ ഞങ്ങൾ നടന്നു പിന്നെ–
ക്കാരണോർ വരുന്നേരം വഴിമാറി നിന്നില്ലേ?
പക്ഷെ, മുത്തച്ഛാ ഈ ചിതലരിക്കുന്ന കട്ടിളയിന്മേൽ
വേട്ടാളൻ കൂടുകെട്ടുന്നതു കണ്ടു നിന്നവർ ഞങ്ങൾ
ഉള്ളിൽ കാമ്പുപൊടിയുന്നോരിത്തൂണും ചാരി–
യിന്നു മാനത്തെക്കാർമുകിലെണ്ണുന്നോ ഞങ്ങൾ?
കൺകളിൽസ്സൂര്യകിരണം തെളിച്ചല്ലേ ഞങ്ങൾ
ഞങ്ങടമ്മയേകിയ മുലപ്പാൽ നുണഞ്ഞതു്?
മുത്തച്ഛാ, നിങ്ങടെ വെററിലച്ചെല്ലത്തിനല്ല
ഞങ്ങൾ ചോദിപ്പതു്.
എലിയും നരിച്ചീറും വാഴുമിത്തറവാട്ടിൻ മച്ചിൽ
പണ്ടു കളമെഴുത്തുപാട്ടിന്നരിയിട്ട–
യുതളിക്കൊണ്ട കളിവിളക്കിനാണു ചോദിപ്പത്.
പിതൃക്കളെ ധിക്കരിപ്പതു പാപമെന്നറിയാം.
പക്ഷെ, മിഴിനീരു വററിയോരെങ്ങൾ
അസുരവിത്തുകളല്ലേ?
ഇന്നീ തെക്കിനിത്താഴിലെങ്ങൾ കളമെഴുതിപ്പാടും.
കുരുത്തോല വെട്ടിക്കീറും,
തലയിൽ വെട്ടിയൊലിക്കും ഞങ്ങടെ രുധിരം
മഞ്ഞൾപ്പൊടി തേച്ചുകരിക്കും.
ഞങ്ങടെ നെററിയിൽ പെരുവിരൽ തോണ്ടി
ഭിത്തികളിൽക്കട്ടവർണ്ണം പകരും.
പക്ഷെ, ഞങ്ങൾ നല്കാം നാലിറയത്തിലക്കീറിൽ
എള്ളും ചെറൂളയും കലർന്ന ബലിച്ചോറ്.
കൈ കൊട്ടി വിളിച്ചീടാം.
പമ്മി വരുന്നൊരു ശ്വാനകനെക്കല്ലെറിഞ്ഞോടിച്ചിടാം.
പിന്നെ, ചുണ്ടിൽ കൈചേർത്തടച്ചു മൂകരായ്–
തലതാഴ്ത്തി നിന്നിടാം.

# ചാലിയാർ - ജല വായു മലിനീകരണം

## ഒരു ചർച്ച

കാടുവെട്ടിത്തെളിയിച്ച് മരുഭൂവുകളാക്കുന്നു. നിശ്ശബ്ദതകൊല ചെയ്യപ്പെടുകയാണ്. നാളെ വരണ്ട തൊണ്ടയുമായ് പാറപ്പുറങ്ങളിലലയാൻ വഴി വെക്കുന്നചെയ്തികൾ. ഭൂമിയിലെപച്ചനിറവും നനവും തണുപ്പും കാർന്നു തിന്നുന്ന മരവും നരനും തമ്മിൽ നൂററാണ്ടുകൊണ്ട് വേരുപിടിച്ച ബന്ധം ഓർമ്മകളാവുന്നു. മരവും മഴയും തമ്മിലുള്ള ബന്ധം നാം മറക്കുന്നു. മഴയും മനസ്സുംതമ്മിലുള്ള ഇടപിരിയാത്തടുപ്പം സൗകര്യത്തിന് ഓർമ്മകളിൽ നിന്നുപോലും വലിച്ചെറിയുന്നു. നദികൾ സംസ്കാരങ്ങളിൽ ഒരു വെള്ളി രേഖയായയ് ജ്വലിച്ചകാലം മിന്നൽക്കൊടിപോലെ അപ്രത്യക്ഷമാവുന്നു. നദികളിലൊഴുകുന്ന വിഷം മനസ്സിലേക്കും ചിന്തകളിലേക്കും സംക്രമിക്കുന്നതറിയുന്നില്ല. ചത്തൊടുങ്ങിയ ജീവികൾ നമ്മുടെ തന്നെ ജീവൻ തന്നെയെന്നറിയുന്നില്ല. മീതോട്ടുയരാത്ത വിഷപ്പുക നാളെ ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളിൽ വിതക്കുന്ന വിപത്തുകളെക്കുറിച്ച് ബോധവാന്മാരല്ല അകലെയകലെ നീലാകാശങ്ങളും അപ്രത്യക്ഷമാവുകയാണ്. ഒരു പകൽകിനാവ്പോലെ.

പരിസ്ഥിതി സംരക്ഷണം ഒരു ആഡംബരതമോ, ദുർവ്യയമോ അല്ല, സമ്പന്നരല്ലാത്ത ഒരു രാഷ്ട്രത്തിനു പോലും ഒരു നിലനിൽപ്പിൻെറപ്രശ്നമായി ഗണിക്കേണ്ടുന്ന നാളുകൾ എവിടെ. പത്തു് വർഷങ്ങൾക്ക് മുമ്പ് പ്രസിദ്ധമായ സ്റ്റോക്ക്ഹോം സമ്മേളനത്തിന്ശേഷം, വ്യവസായ മലീനികരണത്തിന് അതിർവരമ്പുകളിടുകയെന്ന മുദ്രാവാക്യത്തോടെ ലോകമൊന്നുണർന്നപ്പോഴും വളർച്ച സ്വപ്നം കാണുന്ന രാഷ്ട്രങ്ങൾ അതൊരു അടിയന്തര പ്രശ്നമായി ഗണിച്ചില്ല. വ്യാവസായികമായ പുരോഗതിയെ മന്ദീഭവിപ്പിക്കാനിടവരുത്തുമെന്ന് ഭയന്നു ചിലർ. ഇന്ന് വളർച്ചയുടെ വഴിയിലെത്തിനിൽക്കുന്ന രാജ്യങ്ങളിലെ പരിസ്ഥിതി മലിനീകരണം പാശ്ചാത്യരിൽ നിന്നും വ്യത്യസ്ഥമായൊരു രീതിയിൽ വളന്നു ഭീതിജനകമായൊരു പ്രശ്നമായി രൂപാന്തരപ്പെട്ടിരിക്കുന്നു.

ഏറെ ദൂരെപ്പോകുന്നില്ല. രാഷ്ട്രമാകമാനം വെച്ച് സംവാദത്തിനു മുതിരുന്നില്ല. ചുററുവട്ടസ്പകാര്യങ്ങളിലേക്കൊതുങ്ങുകയാണ്. ഒരു നാട്ടിൽ ഈയിടെയുയർന്ന, ഗൗരവ പൂർവ്വം വീക്ഷിക്കേണ്ട ജീവിക്കുന്ന തലമുറ വരാനിരിക്കുന്നവർക്കുത്തരം നൽകേണ്ട ഒരു പ്രശ്നത്തെക്കുറിച്ച് ഏറെ വിദ്യാഭ്യാസമില്ലാത്ത, ഏറെയും സ്വജീവിതം നിലനിർത്താൻ പ്രകൃതിയെ ആശ്രയിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ നാട്ടിലുയർന്ന പുകക്കുഴലുകൾ തുപ്പുന്ന കരിമ്പുക ശ്രദ്ധിക്കപ്പെട്ടിരിക്കുന്നു ചിലരെങ്കിലും. വ്യാവസായിക വളർച്ചയ്ക്കു് ഇരുമ്പ് മറയുരുക്കിപ്പണിയണമെന്ന് കരുതുന്നവരല്ല അവർ. നാളെ ഗർഭം ധരിക്കാനിടയുള്ള പൈതലുകൾക്ക് രക്ഷാകവചമണിയിക്കാനാണവരുടെ ശ്രമം. പുരോഗതിയ്ക്കു വർതുരങ്കം വെക്കാൻ ശ്രമിക്കുന്നുവെന്ന് മറു കൂട്ടരുടെ ആക്ഷേപം. പട്ടിണിയിൽ നിന്നു് ഒരു ജനതയെ രക്ഷിക്കുന്ന ചക്രങ്ങൾ നിർത്തുവാണവരുടെ ശ്രമമെന്നു് അവർ പറയുന്നു. എവിടെയാണ് സത്യം. എന്താണ് സത്യം. അതാണല്ലോ നൂററാണ്ടുകളായ് മനുജനും പരതുന്നതും—

## ചോദ്യാവലി

ഒന്നു്: ചാലിയാർ തീരത്തെ മനുഷ്യരുടെ ജീവിതം ദുസ്സഹമാക്കുന്ന മലിനീകരണം വേണ്ടത്ര ഗൗരവത്തോടെ വീക്ഷിക്കപ്പെട്ടിട്ടില്ലാത്ത അപ്രധാനമല്ലാത്ത ഒരു മാനുഷിക പ്രശ്നമാണ് — എന്താണഭിപ്രായം

രണ്ടു്: മലിനീകരണത്തിനെതിരെയുള്ള ഇവിടത്തെ പ്രക്ഷോഭം ശക്തി പ്രാപിക്കുന്തോറും മലിനീകരണം രൂക്ഷമാകുകയാണ് എന്നു് കരുതുന്നോ. എന്താണതിനു കാരണം.

മൂന്നു്: പൊതുജനങ്ങളുടെ അടിസ്ഥാനപരമായ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ഈ വിശുദ്ധ സമരത്തിൽ വിദ്യാർത്ഥികൾക്കെന്തു പങ്കു വഹിക്കാനാവും.

നാലു്: തൊഴിലാളികൾക്ക് വേതനം നൽകാതെ ഫാക്ടറി പൂട്ടിയിട്ടു് പ്രശ്നത്തെ മറെറാരു വഴിക്ക് തിരിച്ചു വിടാനുള്ള മാനേജ്മെൻറിൻെറ പുതിയനീക്കം, ജനകീയ പ്രക്ഷോഭത്തെ അടിച്ചമർത്താനുള്ള പുതിയ അടവാണ്— ഈവീക്ഷണത്തോട് യോജിക്കുന്നോ.

അഞ്ചു്: തൊഴിലാളികളുടെയും പൊതുജനങ്ങളുടെയും വിഷമങ്ങൾ പരിഹരിച്ച് പ്രശ്നത്തിന് ഒരു പരാഹാരം കാണുവാനാവില്ലേ. എന്തു നിർദ്ദേശങ്ങളാണ് പരിഹാര മാർഗ്ഗമായി നൽകുവാനുള്ളത്.

## പ്രൊഫസർ സി. കെ. കോയട്ടി

ഒന്ന്: മാവൂരിൽ ഗ്വാളിയോർ റയൺസ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനു മുമ്പുള്ള ചാലിയാർ തീരത്തെ ഇന്നത്തെ ചാലിയാർ തീരവുമായി താരതമ്യപ്പെടുത്തി നോക്കിയാൽ മലിനീകരണത്തിൻെറ ഭീകരത എത്രമാത്രമാണെന്നു മനസ്സിലാക്കാവുന്നതാണ്. ചാലിയാറിനു ചുററുമായി നിവസിക്കുന്ന രണ്ടു ലക്ഷത്തോളം ജനങ്ങളെ പ്രത്യക്ഷമായും, പരോക്ഷമായും മലിനീകരണം ബാധിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് നഗരവാസികളെയും ഈ പ്രശ്നം ബാധിക്കുന്നു. കൂളിമാട് ജലസംഭരണിയിൽ നിന്നുമാണ് കോഴിക്കോട്ടേക്കുള്ള ശുദ്ധജലം എത്തിക്കുന്നതു്. പലപ്പോഴും ഈ ശുദ്ധജലത്തിൽ ഫാക്ടറിയിൽ നിന്നുള്ള മലിനജലം എത്തിച്ചേരുന്നു.

ഫാക്ടറിയിൽനിന്നുള്ള മലിനജലം പുഴയിലേക്ക് ഒഴുകുന്നതിനു മുമ്പ് ചാലിയാറിൽ ജലജീവികൾ സുലഭമായിരുന്നു. ആയിരക്കണക്കിന് കുടുംബങ്ങൾ കക്കവാരലിലും മത്സ്യബന്ധനത്തിലുമായി കഴിഞ്ഞിരുന്നു. മലിനജലം ഒഴുകുന്നതോടെ മത്സ്യങ്ങളും കക്കയും ചത്തൊടുങ്ങി. എത്രയോ പേർ തൊഴിൽ രഹിതരായി. ദൈവം അനുഗ്രഹിച്ചു നൽകിയ ശുദ്ധജലം സ്വന്തം കിണറുകളിൽപോലും കിട്ടാതായി. ചാലിയാറിലെ വെള്ളത്തിൽ മാരകമായ രസംപോലും അടങ്ങിയിട്ടുണ്ടെന്നാണ് ആധികാരികമായ പഠനങ്ങൾ തെളിയിക്കുന്നതു്. വർഷങ്ങൾക്കുശേഷം രോഗം പൊട്ടിപ്പുറപ്പെടുമ്പോൾ മാത്രമേ നാം ഇതിനെപ്പററി ബോധവാന്മാരാകൂ.

ഫാക്ടറിയിൽനിന്നും വമിക്കുന്ന അശുദ്ധവാതകങ്ങൾ ശ്വാസകോശ ഭിത്തികളെ കാർന്നു തിന്നുന്നു. ചാലിയാർ തീരത്തെ 90% ആളുകളും രോഗത്തിന് അടിമയായിത്തീരുന്നു. കൂടുതലും ശ്വാസകോശ സംബന്ധമായ രോഗങ്ങൾ. രോഗപ്രതിരോധശക്തി കുറയുന്നതു മൂലം മററു രോഗങ്ങളും എളുപ്പത്തിൽ ബാധിക്കുന്നു. രോഗം മൂലം നഷ്ടപ്പെടുന്ന പണവും പ്രവൃത്തി ദിനങ്ങളും വളരെ കൂടുതലാണ്. വാഴക്കാടു ഭാഗത്തുള്ള വീടുകളിലെ ലോഹ ഉപകരണങ്ങൾ എല്ലാം അതിവേഗം തുരുമ്പിച്ചു പോവുന്നു. വീടുകൾക്ക് പൊട്ട് കടുങ്ങുന്നു. കാർഷിക വൃത്തിയിൽ കഴിഞ്ഞിരുന്ന പലരും ആ പ്രവർത്തി ഒഴിവാക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു. തെങ്ങിൽനിന്നും മററും മുമ്പത്തേതിനേക്കാൾ പത്തിലൊന്നു മാത്രമെ ആദായം ലഭിക്കുന്നുള്ളൂ. മാവും കശുമാവും എല്ലാം പൂത്തു കഴിഞ്ഞാൽ ഉടൻതന്നെ കരിഞ്ഞു പോവുന്നു. എല്ലാ ചെടികളും ഇലകൾ ശുഷ്കിച്ച് വാടിക്കരിഞ്ഞിരിക്കുന്നതായിക്കാണാം. ഒരു കാലത്തു കേരളത്തിലെ കാശ്മീരായിരുന്ന വാഴക്കാട് ഇന്നു ഒരു ശവപ്പറമ്പായി മാറിയിരിക്കുന്നു. മലിനീകരണത്തിൻെറ ദൂരവ്യാപകമായ ഭവിഷ്യത്തുകളെക്കുറിച്ച് പലരും ബോധവാന്മാരല്ല. മലിനീകരണം ഇല്ല എന്നു ജനങ്ങളെ ധരിപ്പിക്കുന്നതിന്നാണ് ഫാക്ടറി മാനേജ്മെൻറ് ശ്രമം നടത്തുന്നതു്. തികച്ചും ഗൌരവപൂർവ്വം വീക്ഷിക്കേണ്ടതായ ഈ പ്രശ്നത്തെ നിസ്സാരമാക്കിത്തള്ളി പണത്തിൻെറ പിന്നാലെ പോകുന്നതു് ഒരു വിധത്തിലും ഭൂഷണമല്ല.

രണ്ടു്: മലിനജലം ഫാക്ടറിയിൽനിന്നും നദിയിലേക്ക് ഒഴുക്കാൻ തുടങ്ങിയതിൻെറ പിറെറ വർഷംതന്നെ ജനങ്ങൾ സംഘടിച്ച് പ്രക്ഷോഭസമരങ്ങൾ നടത്തുകയുണ്ടായി. അന്നത്തെ ഒത്തുതീർപ്പു വ്യവസ്ഥയിൽ മലിനജലം പൈപ്പു മൂലം കടലിലേക്കൊഴുക്കാമെന്നും ശുദ്ധജലം നൽകുന്നതിന്നായി കിണറുകൾ കുഴിക്കാമെന്നും മാനേജ്മെൻറ് ഉറപ്പു നൽകുകയുണ്ടായി. പക്ഷെ അവിടവിടെ ഏതാനും കിണറുകൾ കുഴിക്കുന്നതിൽക്കവിഞ്ഞ് ഒന്നും തന്നെ നടന്നില്ല. വീണ്ടും പല തവണ ജനങ്ങൾ മലിനീകരണത്തിന്നെതിരെ പൊരുതിയെങ്കിലും, തന്ത്രപൂർവ്വം ജനങ്ങളെ കബളിപ്പിക്കുന്നതിന്ന് ഫാക്ടറി മാനേജ്മെൻറിന്ന് സാധിച്ചു. മലിനീകരണ നിവാരണത്തിന്ന് ഒരു ശാശ്വത പരിഹാരം ഏർപ്പെടുത്തുന്നതിന്നു ചിലവഴിക്കുന്നതിൻെറ ചുരുങ്ങിയ ഒരു ഭാഗം ചിലവഴിപ്പാൻതന്നെ ജനങ്ങളെയും, ഗവൺമെണ്ടിനെയും അടക്കി നിരത്താമെന്നു മേനേജ്മെൻറ് മനസ്സിലാക്കിയതായിരിക്കും ഒരു പക്ഷെ ഈ പ്രശ്നം കൂടുതൽ രൂക്ഷമാവുന്നതിനു കാരണം.

മൂന്ന്: ജല മലിനീകരണവും, വായു മലിനീകരണവും ഇന്നത്തെക്കാളേറെ ഭാവി തലമുറയെയാണ് ബാധിക്കുക. ജപ്പാനിൽ 1932-ലാണ് ചിസ്സോ കോർപ്പറേഷൻ അസെററാൽഡിഹൈഡിൻെറ നിർമ്മാണം തുടങ്ങിയതും രസം അടങ്ങിയ മാലിന്യങ്ങൾ മിനമാത്ത ഉൾക്കടലിൽ ഒഴുക്കിയതും. പക്ഷെ 1952-ൽ മാത്രമാണ് പക്ഷികളിൽ മിനമാത്താ രോഗം കണ്ടു തുടങ്ങിയതു. മനുഷ്യരിൽ ഈ രോഗം കണ്ടു തുടങ്ങാൻ പിന്നെയും കുറെക്കാലമെടുത്തു. ഭാവി തലമുറയെ വളരെയധികം ബാധിക്കാനിടയുള്ള ഈ പ്രശ്നത്തിൽ വിദ്യാർത്ഥികൾ അവരുടേതായ പങ്ക് വഹിക്കേണ്ടതുണ്ട്. പൊതുജനങ്ങളെയും ഫാക്ടറി തൊഴിലാളികളെയും ബോധവാന്മാരാക്കുക എന്നതാണ് ഏററവും പ്രധാനമായി ചെയ്യാനുള്ളതു്. മലിനീകരണനിവാരണം ഏർപ്പെടുത്താത്ത ഒരു ഫാക്ടറിയിൽ ജോലി ചെയ്യുന്നതു സ്വന്തം കുഞ്ഞുങ്ങൾക്ക് വിഷം കൊടുക്കുന്നതിന്നായി പണം വാങ്ങുന്നതിന്നു തുല്യമാണെന്ന കാര്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. എന്നാൽ മാത്രമെ പണത്തിൻെറയും സ്വാധീനത്തിൻെറയും അടിയിൽപെട്ടു കൊണ്ട് പ്രക്ഷോഭസമരങ്ങൾ നശിക്കാതിരിക്കൂ. ചാലിയാർ തീരത്തെ ഓരോ നിവാസിയും മലിനീകരണത്തിൻെറ ഭവിഷ്യത്തുകളെപ്പററി ബോധവാനായിത്തീരണം. അതാവട്ടെ വിദ്യാർത്ഥികളുടെ ലക്ഷ്യം.

നാല്: സമരങ്ങളോ മററു പ്രശ്നങ്ങളോ ഉണ്ടാവുമ്പോൾ അവയെ അടിച്ചമർത്തുന്നതിന്നായി ഫാക്ടറി ഉടമകൾ സാധാരണ ചെയ്യാറുള്ള ഒരു അടവാണ് ഫാക്ടറി അടച്ചു പൂട്ടുമെന്ന ഭീഷണി. ചെറുകിട ഫാക്ടറികൾ മുതൽ വൻകിട ഫാക്ടറികൾവരെ ഇതു നടത്തുന്നു. സാമ്പത്തികമായി ഞെരുങ്ങുമ്പോൾ ഫാക്ടറി തുറക്കുവാൻ വേണ്ടി തൊഴിലാളികൾ മുറവിളി കൂട്ടുമെന്നും, അതിൻെറ മറവിൽ കാതലായ പ്രശ്നങ്ങളിൽനിന്നും ശ്രദ്ധ തിരിക്കാമെന്നുമായിരിക്കാം ഫാക്ടറി മനേജ്മെൻറിൻെറ ഉദ്ദേശം. പക്ഷെ മലിനീകരണ നിവാരണം ഫാക്ടറി നടത്തേണ്ട ഒരു കാര്യമാണ്. അതിൽ തൊഴിലാളികൾക്കു പങ്കില്ല. അതു കൊണ്ട് തൊഴിലാളികൾക്കു വേതനം നൽകാതെ ഫാക്ടറി അടച്ചിടുന്നതു് ഒരിക്കലും ന്യായീകരിക്കാവുന്നതല്ല. ജനകീയ സമരങ്ങളെ അടിച്ചമർത്തുന്നതിനുള്ള ഒരു തന്ത്രം മാത്രമാണ് ഇതെന്ന് തൊഴിലാളികൾ മനസ്സിലാക്കേണ്ടതുണ്ട്.

അഞ്ച്: മാവൂരിലെ റയൺസ് നടത്തുന്നതു പോലെയുള്ള എല്ലാ ഉല്പാദനപ്രക്രിയ ലോകത്തു പല സ്ഥലങ്ങളിലും നടത്തുന്നുണ്ട്. ആദ്യകാലത്ത് മലിനീകരണ നിവാരണത്തിന്ന് പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അങ്ങനെ ഇല്ല. മലിനീകരണം പൂർണ്ണമായും പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ ഇന്നുള്ള. ഇല്ലെന്നു് പറയുന്നതു തികച്ചും കളവാണ്. ആത്മാർത്ഥത മാത്രമാണ് മേനേജ്മെൻറിന്ന് ആവശ്യമായിട്ടുള്ളതു്. ഗവൺമെണ്ടും, ജനങ്ങളും ഫാക്ടറി ഉടമയെ മലിനീകരണനിവാരണം നടത്തുന്നതിന്നായി നിർബ്ബന്ധിക്കേണ്ടതും, ഫാക്ടറി ഉടമ ആത്മാർത്ഥതയോടെ ഇതിന്നായി ശ്രമിക്കുകയും ചെയ്താൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവൂ. മലിനീകരണ നിവാരണത്തിന്നുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയശേഷം അതു തൃപ്തികരമാണെന്നു ബോധ്യപ്പെട്ടാൽ മാത്രമെ മലിനീകരണബോർഡ് സർട്ടിഫിക്കററ് കൊടുക്കാൻ പാടുള്ളൂ.

***റഹ്മാൻ തായലങ്ങാടി*** ചന്ദ്രിക

ഒന്ന്: ഈ കോൺക്രീറ്റ് കാടുകളിൽ യന്ത്രസംസ്കാരത്തിന്റെ പുകക്കുഴലുകൾ കറുത്ത മരണം തുപ്പുമ്പോൾ, ജലക്കുഴലുകൾ അഴുകിയ വിഷമായ് മരണം ഒഴുക്കുമ്പോൾ അന്തരീക്ഷ ജലമലിനീകരണത്തിനു നേരെ ഗൌരവപൂർണ്ണമായൊരു പ്രതികരണം ഇവിടെയുണ്ടാവില്ലെന്നതു നേരുതന്നെ. ചാലിയാർ തീരത്തു് ശുദ്ധവായുവും ശുദ്ധജലവും നിഷേധിക്കപ്പെട്ട പൌരന്മാരുടെ പ്രശ്നവും ഇത്തരത്തിൽ അവഗണിക്കപ്പെട്ട ഒന്നുതന്നെ.

ജീവിച്ചിരിക്കുന്ന തലമുറയുടെ കാര്യം അവിടെ ഇരിക്കട്ടെ ജനിക്കാനിരിക്കുന്ന തലമുറകൾ പോലും അമ്മയുടെ ഗർഭപാത്രത്തിൽ വെച്ചുതന്നെ അർബുദത്തിന്റെ അണുക്കൾ പോലെ കാർന്നുതിന്നുന്ന അപ്രതിരോധ്യമായ വിഷത്തുള്ളികൾക്ക് ഇരയാകുമെന്ന് ആരോഗ്യസംഘടനകൾ മുന്നറിയിപ്പു നൽകുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും വർഷിക്കപ്പെട്ട ബോംബുകൾ പിൻ തലമുറയെ വികലാംഗരും വിരൂപരുമാക്കി തീർത്തതിന്റെ ഒരു സാമ്പിൾ പതിപ്പായിരിക്കും ഇതിനും ഇന്ത്യാമഹാരാജ്യത്തെ ഒരു കോണിൽ ചാലിയാറിന്റെ തീരത്തെ മനുഷ്യമക്കൾ വില നല്കേണ്ടിവരിക.

ജനിക്കാനിരിക്കുന്ന പിഞ്ചുകുഞ്ഞിന്റെ ഓമനമുഖം മനസ്സിന്റെ ചെപ്പിലിട്ടു താലോലിക്കുമ്പോൾ തന്തമാരും തള്ളമാരുമുണ്ടല്ലോ; അവർ ആ കുഞ്ഞു് കുരങ്ങും മനുഷ്യനുമല്ലാത്ത രണ്ടുംകെട്ടൊരു ജീവിയുടെ പിറവി മനസ്സിൽ സങ്കല്പിക്കുക; രോഷത്തിന്റെ അഗ്നിനാളങ്ങൾ ആളിപ്പടരാൻ അവർമറെറാരു പ്രചോദനം തേടേണ്ടി വരില്ല.

രണ്ട്: ഓരോ രാജ്യത്തിന്റെയും ഭാവി നിർണ്ണയിക്കുന്നത് അവിടത്തെ ഗവർമ്മെണ്ടുകൾക്കു് മുകളിൽ സൂപ്പർ ഗവർമ്മെണ്ടുകളായി വർത്തിക്കുന്ന കുത്തക മുതലാളിമാരായി മാറുന്നതാണ് ഏതൊരു രാജ്യത്തിന്റെയും ദുരന്തം. ചാലിയാറിന്റെ പ്രശ്നത്തിലും സംഭവിച്ചിരിക്കുന്നത് മറെറാന്നല്ല.

പൊതുജനങ്ങളെന്നു പറയുന്നത് ഇവിടെ രാഷ്ട്രീയക്കാരാണ്. ചെറുമത്സ്യങ്ങളെ വിഴുങ്ങുന്ന കൂററൻ ക്രൂര മത്സ്യങ്ങളാണിവർ. ആത്മാർത്ഥതയുള്ള ചെറിയ സംഘടനകളുണ്ടെങ്കിൽ പോലും വൻപാർട്ടികളുടെ അർത്ഥമില്ലാത്ത ചെപ്പടികൾക്കിടയിൽ ഇവരുടെ ചെറിയ ശബ്ദങ്ങൾ മുങ്ങിപ്പോകുന്നു. ഒരാളെ സ്നേഹിക്കാൻ കഴിയാത്തവർ സമൂഹത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതുപോലെ അർത്ഥരഹിതമാണിവരുടെ കലമ്പലുകൾ. പല വലിയ സംഘടനകളും കുത്തകമുതലാളിമാരുടെ കമ്പിയഴിയിലുള്ള കൂട്ടിനുള്ളിലെ വളർത്തുപൂച്ചകളാണ്. എന്തെങ്കിലും കൂട്ടിനുള്ളിലെറിഞ്ഞുകിട്ടിയാൽ പിന്നെ അവരുടെ ശബ്ദമുയരില്ല 'പൊതുജന' പ്രക്ഷോഭങ്ങൾ പരാജയപ്പെടുന്നതിവിടെയാണ്.

ഇതിനൊരു പ്രതിവിധിയേയുള്ളു; കൊടിയടയാളങ്ങൾ മറന്നു ശുക്ഷമായൊരു പ്രക്ഷോഭത്തിനുള്ള പ്രബുദ്ധമായ ധിക്കാരം ജനമനസ്സുകളിൽ കഴിച്ചിട്ടു അതു മുളപ്പിച്ചെടുക്കുക ഇതിനെതിരെ പരുഷമായൊന്നു പ്രതികരിക്കാനെങ്കിലും കഴിയാത്തവർ ആത്മഹത്യ ചെയ്യണമെന്നില്ല; കാരണം അവരിപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത് അത് തന്നെയാണ്. പുകക്കുഴലുകൾ അന്തരീക്ഷത്തിൽ കാറിത്തുപ്പിയ വിഷവായു വിഴുങ്ങി ജീവനാളങ്ങൾ വരണ്ടുകരിഞ്ഞു എല്ലിൻകൂടുകൾ ദ്രവിച്ചു മരണം ഇപ്പോൾ എത്രത്തോളം അടുത്തെത്തി എന്നുള്ള കാലൊച്ചകൾക്കു ചെവി വട്ടം പിടിച്ചിരിക്കുന്ന പൊതുജനം, സാമൂഹ്യപ്രവർത്തകരിൽ ജീവകാരുണ്യപരവും മാനുഷികവുമായ ഒരു തരിപ്പെങ്കിലും ഉണർത്തുന്നില്ലെങ്കിൽ ജനകീയ കോടതികളിലവർ വിസ്തരിക്കപ്പെടുകയും, നാടു കടത്തപ്പെടുകയും വേണം. അജ്ഞതയുടെ അന്ധകാരത്തിലേക്ക് തള്ളിവിടുന്ന ഒരു ഭരണവും ഇവിടെ അനാസ്ഥ മൂലം അനുവദിച്ചുകൂട.

മൂന്ന്: നമ്മുടെ കൊച്ചു കേരളത്തിൽ വിദ്യാർത്ഥി സമരങ്ങൾ എപ്പോഴും വടക്കുനോക്കി യന്ത്രത്തിന്റെ കാന്തസൂചി പോലെയാണ്. ചാലിയാർ ജലവായു മലിനീകരണത്തിനെതിരെയുള്ള ഒരു സമരം ട്രാൻസ്പോർട്ട് ബസ്സുകൾക്ക് തീവെച്ചാൽ പരിഹരിക്കപ്പെടുമെന്ന് കരുതരുത്. ഭരിച്ചുകൊണ്ടിരിക്കുന്ന സർക്കാറുകളെ തകിടം മറിക്കാൻ പ്രതിപക്ഷത്തിരിക്കുന്ന തന്ത്രക്കാരൻമാർ കോളേജിലും സ്കൂളിലും പഠിക്കുന്ന കുട്ടികളെ ഉപയോഗിച്ചുകൊണ്ട് ചുട്ടുപൊള്ളിക്കുന്നതിനെയാണിവിടെ വിദ്യാർത്ഥി പ്രക്ഷോഭമെന്നു വിളിക്കുന്നത്. 'വിപ്ലവസമര'മെന്ന പ്രയോഗം മനോഹരമാണ്. പക്ഷേ, വിപ്ലവമായ മാർഗ്ഗത്തിലൂടെ അതു നിർവ്വഹിക്കാൻ വിദ്യാർത്ഥികൾക്ക് എന്നെങ്കിലും കഴിഞ്ഞിട്ടുണ്ടോ?

ചാലിയാർ ജലമലിനീകരണ പ്രശ്നത്തിൽ ജനങ്ങളുടെ മനസ്സും ചിന്തയും ഇന്ന് ചങ്ങലക്കിടപ്പെട്ടിരിക്കയാണ്. മരവിച്ചുപോയ മനസ്സും ചിന്തയും ഉണരണമെങ്കിൽ ബുദ്ധിപരമായ 'ഷോക്ക് ട്രീററ്മെൻറ്'കളാണാവശ്യം പൊതുവെ അഭ്യസ്ഥ വിദ്യരെന്നു കരുതപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഈ പ്രശ്നത്തിനു നേരെ ജനതയെ തട്ടിയുണർത്താനാവും; അതിനുള്ള നിരന്തര ശ്രമമാണിന്നാവശ്യം.

നാല്: മനുഷ്യന്റെ ചിന്തകളെയും പ്രവർത്തനങ്ങളെയും തരം തിരിച്ചാൽ അതിനൊന്നും രണ്ടു വശമേ കാണൂ. ഒന്ന് 'അപ്പ'ത്തിനു മുമ്പുള്ളതു്, മറെറാന്നു 'അപ്പ'ത്തിനു ശേഷമുള്ളതു്. വിശക്കുന്നവന്റെയും വിശക്കാത്തവന്റെയും പ്രശ്നമാണിതു്. ഫാക്ടറി മുതലാളിമാർ ചങ്ങമ്പുഴയുടെ ''കരളെരിയും നേരത്തു, വയറെരിയും നേരത്തു കഥ പറയും വേദാന്തമാർക്കു വേണം'' എന്ന വരികൾ ഉരുക്കഴിച്ചു പാടി പഠിച്ചവരാണ്. വിശക്കുന്ന തൊഴിലാളി കഞ്ഞി കുടിക്കാതെ വാവിട്ടു നിലവിളിക്കുന്ന കുഞ്ഞിന്റെ ദീന സ്വരം കേട്ടാൽ അത്യന്തികമായ ദുരന്തത്തിൽ നിന്നു ഉപരിപ്ലവമായ താത്കാലിക രക്ഷാകേന്ദ്രത്തിൽ തിരിച്ചെത്തുമെന്ന് ഫാക്ടറി മുതലാളിക്കറിയാം. ഫാക്ടറി പൂട്ടിയിട്ടു തൊഴിലാളികൾക്ക് വേതനം നൽകാതിരിക്കുന്നതിനു പിന്നിലെ മന:ശ്ശാസ്ത്രവും മറെറാന്നല്ല. കോടികൾ കൊണ്ടു് 'ഗോട്ടി' കളിക്കുന്ന ഇന്ത്യയിലെ 'പരമോന്നത' മുതലാളിമാർക്കു ഈ വിഷജലം സംസ്കരിച്ചു ശുദ്ധീകരിച്ചെടുക്കാൻ കഴിയാത്തതു കൊണ്ടല്ല; ഇവിടുത്തെ 'ജനകീയ പ്രക്ഷോഭ' ങ്ങളുടെയൊക്കെ ഉള്ളറകൾ തുറന്നുകണ്ടു കൊണ്ടാണവർ അതു വേണ്ടെന്ന് വെക്കുന്നത്. വൻകിട രാഷ്ട്രങ്ങളിലെ പടുകൂററൻ വ്യവസായ ശാലകൾക്ക് പ്രക്ഷോഭത്തിന്റെ തീജ്ജ്വാലകൾ പുകക്കുഴലുകൾക്കു മുകളിൽ ആളിപ്പടരുമെന്നറിഞ്ഞപ്പോൾ അതു ചെയ്യാൻ കഴിഞ്ഞുവെങ്കിൽ, ഇവിടെ ചെയ്യിക്കുവാനുള്ള കഴിവുകേടാണ് മുതലാളിമാരെ 'മാനുഷികമായ' പരിഗണനകളിൽ നിന്നുപോലും അകന്നു നിൽക്കാൻ പ്രേരിപ്പിക്കുന്നത്.

അഞ്ചു്: ഭരണഘടന ഇന്ത്യൻ പൌരനു ഇവിടെ സ്വസ്ഥമായി ജീവിക്കാനുള്ള അവകാശം വാഗ്ദാനം ചെയ്യുന്നു. ഭരണകൂടത്തിനു അവന്റെ ആരോഗ്യം ഉറപ്പു വരുത്താനുള്ള ബാദ്ധ്യതയുണ്ട്. ഈ സാദ്ധ്യതയുടെ ഭാഗമാണല്ലോ പാലിൽ വെള്ളം ചേർക്കുന്നവനെ ശിക്ഷിക്കാനിവിടെ നിയമമുണ്ടെന്നതുതന്നെ. നിയമം ചെറുകിടക്കാർക്കു മാത്രമാവരുതു്. ചാലിയാറിലെയും അതുപോലുള്ള ചാലിയാറുകളിലെയും ജലമലിനീകരണം തടയാൻ ഫാക്ടറിയുടമകൾ തയ്യാറല്ലെങ്കിൽ, നിയമങ്ങൾ ലംഘിക്കുന്ന ഫാക്ടറികൾ ഏറെറടുത്തു് നടത്താൻ ഗവർമ്മെണ്ട് തയ്യാറാവണം; അതിനുള്ള നിയമമുണ്ടാകണം. വൻകിട ബാങ്കുകൾ ദേശസാൽക്കരിക്കാൻ കഴിഞ്ഞ ഒരു രാഷ്ട്രത്തിൽ ഇതൊരു കീറാമുട്ടിയാണെന്ന് തോന്നുന്നില്ല. ഫാക്ടറി തൊഴിലാളികളുടെ വിശപ്പിനെ ചൂഷണം ചെയ്യുന്ന കുത്തക മുതലാളിമാരിൽനിന്നുള്ള മോചനത്തിനു മററു വഴിയെന്തുണ്ട്?

ഇതൊരു ചാലിയാറിന്റെ മാത്രം പ്രശ്നമായിക്കാണാതെ ഈ രാജ്യത്തിന്റെ വലിയൊരു മാനുഷികപ്രശ്നമായി

**ക്കണമെന്ന് ബഹുജനവും വിദ്യാർത്ഥികളും സന്നദ്ധമാവണം ഉദ്ദേശശുദ്ധിയോടു കൂടിയുള്ള ഒരു പ്രക്ഷോഭവും പരാജയപ്പെട്ട കഥ ചരിത്രത്തിലില്ല.**

---


***കെ. എം. മൂസക്കുട്ടി.***

**എം. എൽ. എ. ബേപ്പൂർ.**


---

ഒന്ന്: കമ്പനി മാനേജ്മെന്റും സർക്കാരും ഇത് വേണ്ടത്ര ഗൗരവത്തോടെ വീക്ഷിക്കപ്പെടുകയോ മാനുഷിക പ്രശ്നമായി പരിഗണിക്കപ്പെടുകയോ ചെയ്തിട്ടില്ല.

രണ്ട്: മലിനീകരണത്തിനെതിരെ പൊതുജനങ്ങളെ സംഘടിപ്പിക്കണം വളർത്തണം പ്രക്ഷോഭപരിപാടികൾക്ക് പഴക്കം കൂടുന്തോറും മലിനീകരണപ്രശ്നം ഒരു വലിയ ചർച്ചാവിഷയമായി മാറിയിരിക്കുന്നു പരിഹാരമാർഗ്ഗങ്ങളെ സംബന്ധിച്ചും വിവിധ നിർദ്ദേശങ്ങൾ ഉയർന്നുവരാൻ തുടങ്ങിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, തൊഴിലാളികൾക്കും ജീവിത പ്രശ്നമായ ജല മലിനീകരണം ശുദ്ധീകരിക്കുന്ന കാര്യത്തിൽ പരിഹാരം കാണുന്നതിന് കമ്പനിക്ക് സാമ്പത്തിക ബാധ്യതകൾ വരുന്ന ഒരു നിർദ്ദേശങ്ങളും സ്വീകരിക്കാതെയും നടപ്പിലാക്കാതെയും മനുഷ്യന്റെ ജീവനും ആരോഗ്യത്തിനും വില കൽപ്പിക്കാതെയും അമിതലാഭം മാത്രം ലാക്കാക്കിയ കമ്പനി ഉടമകളോട് സമ്മർദ്ദം ചെലുത്താതെ അവരോട് വിധേയത്വം കാണിക്കുന്ന ഭരണാധികാരികളുടെയും കമ്പനി ഉടമകളുടെയും നയമാണ് ഈ ദുരവസ്ഥയുടെ പ്രധാന കാരണങ്ങളിൽ ഒന്ന്..

മൂന്ന്: പൊതുജനങ്ങളുടെ ഈ പ്രക്ഷോഭപരിപാടികൾക്ക് വിദ്യാർത്ഥികളുടെ പിന്തുണയും, ബഹുജനങ്ങളെ ഈ കാര്യത്തിൽ ബോധവാന്മാരാക്കാനുള്ള പ്രചരണങ്ങൾ സംഘടിപ്പിച്ചും, ഗവൺമെന്റിനെക്കൊണ്ട് കമ്പനിയുടെ മേൽ ശക്തമായി നിർബ്ബന്ധം ചെലുത്തിക്കാൻ വിദ്യാർത്ഥികൾക്കും അവരുടെ സംഘടനകൾക്കും സാധിക്കും. ഗവർമെന്റിൽ സമ്മർദ്ദം ചെലുത്തി ജനങ്ങളുടെ ഇത്തരം ജീവൽപ്രശ്നമായ സമരങ്ങളിൽ വിദ്യാർത്ഥികൾക്കും അവരുടെ തായ കാര്യമായ പങ്ക് വഹിക്കാൻ കഴിയും.

നാല്; കമ്പനി പൂട്ടിയിട്ട് തൊഴിലാളികൾക്ക് ജോലിയോ, കൂലിയോ നൽകാതെ നീട്ടിക്കൊണ്ട് പോകുന്നത് പ്രശ്നത്തിന് പരിഹാരമാവുകയില്ല. തൊഴിലാളികളും ജനങ്ങളും യോജിച്ചുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും ജനങ്ങളുടെ പ്രക്ഷോഭങ്ങൾ ശക്തിപ്പെടുത്തി ജീവൽ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുന്നതിനും കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്താൽ പൊതുജനങ്ങളുടെ പ്രക്ഷോഭത്തെ അടിച്ചമർത്താനും തൊഴിൽ അവകാശങ്ങൾ നിഷേധിക്കുവാനും കമ്പനി ഉടമകൾക്കോ, സർക്കാറിനോ കഴിയുകയില്ല. ഈ പ്രശ്നങ്ങളിൽ കമ്പനി മാനേജ്മെന്റും ഇന്നത്തെ കേരളസർക്കാറും ഒരു ഒളിച്ചുകളി നടത്തി ജനങ്ങളെയും തൊഴിലാളികളെയും വിഡ്ഢികളാക്കാമെന്ന വ്യാമോഹത്തിൽ ഒരു പുതിയ അടവാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്.

അഞ്ച് മലിനീകരണത്തിന്റെ പേരിൽ ഫാക്ടറി കാലാകാലത്തേക്കു അടച്ച് പൂട്ടലാണ് ജലമലിനീകരണത്തിന് പരിഹാരമാർഗ്ഗമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അത് പരിഹാരമാർഗ്ഗമല്ല.

പൊതുജനങ്ങളുടെ ജീവനും, ആരോഗ്യവും പരിഗണിച്ചും, വ്യവസായ പുരോഗതിയും തൊഴിലാളികളുടെ അവകാശങ്ങൾക്ക് ഉറപ്പുവരുത്തിയും മലിനീകരണത്തെ ശുദ്ധീകരിക്കുന്നതിന് വിദഗ്ദന്മാർ ചൂണ്ടിക്കാണിച്ച ക്രമീകരണങ്ങൾ ബന്ധപ്പെട്ട ഏജൻസിയെക്കൊണ്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക ബാധ്യതകൾ വകയിരുത്തിക്കുന്നതിന് കമ്പനിയും ഈ കാര്യത്തിൽ സർക്കാർ തങ്ങളുടെ ബാധ്യതകൾ നിറവേററി മാനേജ്മെന്റിൽ സമ്മർദ്ദം ചെലുത്തിയും നടപടികൾ സ്വീകരിപ്പിക്കുന്നതിന് സർക്കാർ അറച്ചുനിൽക്കാതെ മുന്നോട്ട് വരണം.

---

---

ഒന്ന്; വ്യാവസായ വൽക്കരണത്തിന്റെ സൃഷ്ടിയായ ജലവായു മലിനീകരണം ഒരു വലിയ മാനുഷിക പ്രശ്നമാണ്. അതേ സമയത്തുതന്നെ പരസ്യമായ നിയമലംഘനം കൂടിയാണത്.

അനാദി കാലം മുതൽക്കെ ചാലിയാറിലെ വെള്ളം കുടിക്കാനും കുളിക്കാനും മററും ഉപയോഗിക്കുകയും അതിൽനിന്നു മത്സ്യം പിടിച്ചും കക്കവാരിയും മണൽ ശേഖരിച്ചും മററും ഉപജീവനം കഴിക്കുന്നവർക്ക് അതിനുള്ള അവകാശമുണ്ട്. വിഷജലം ഒഴുക്കി നദിയെ മേൽപറഞ്ഞ ഉപയോഗങ്ങൾക്ക് കൊള്ളരുതാത്തതാക്കിത്തീർക്കുന്നത് തീരവാസികളുടെ അവകാശത്തിന്മേലുള്ള കയ്യേററമാണ്. ഫാക്ടറിയിൽനിന്ന് പുറത്തുവിടുന്ന വിഷവായു പരിസരപ്രദേശങ്ങളിൽ നിവസിക്കുന്നവർക്ക് ശല്യവും ഉപദ്രവകരവുമാകുമ്പോൾ അതു നിയമവിരുദ്ധമാകുന്നു. അപ്പോൾ അതു നിരോധിക്കുവാനുള്ള അധികാരം കോടതികൾക്കുണ്ട്. ചാലിയാർ ജലവായു മലിനീകരണത്തെ സംബന്ധിച്ച് കോഴിക്കോട് സബ് കോടതിയിൽ നിലവിലുള്ള കേസിനാസ്പദമായ നിയമവ്യവസ്ഥകളുടെ ചുരുക്കമാണ് മേൽപ്പറഞ്ഞത്. പുറത്തേക്കു വിടുന്നതിന് മുമ്പ് മലിനജലം ശുദ്ധീകരിക്കേണ്ടതാണ്. ശുദ്ധിയുടെ തോതും എവിടെ വിടണമെന്നും നിശ്ചയിക്കാനുള്ള അധികാരം ജലമലിനീകരണനിയന്ത്രണബോർഡിനാണ്. ബോർഡ് നിശ്ചയിച്ച തോതിൽ ശുദ്ധീകരിച്ച മലിനജലം ചുങ്കപ്പള്ളിയിൽ ഒഴുക്കാൻ മാത്രമേ കമ്പനിക്കധികാരമുള്ളു. ഈ തോതിൽ ശുദ്ധീകരിക്കാതെ ചുങ്കപ്പള്ളിയിൽ ഒഴുക്കുന്നതും മററു നിർഗ്ഗമനമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതും വിഷവായു അന്തരീക്ഷത്തിലേക്കു വിടുന്നതും ഒരു താൽക്കാലിക നിരോധന ഉത്തരവ് മൂലം കോടതി തടഞ്ഞിരിക്കയാണ്.

രണ്ട്: സമരങ്ങളും പ്രക്ഷോഭങ്ങളുമെല്ലാം നിയമേതര മാർഗ്ഗങ്ങളാണ്. അവ നിയമവാഴ്ചയെ ശക്തിപ്പെടുത്തുന്നതിന് പകരം ദുർബ്ബലമാക്കുകയാണ് ചെയ്യുക.

അത്തരം മാർഗ്ഗങ്ങൾ വിജയിച്ചാൽ ലക്ഷ്യം നേടിയെന്ന ആശ്വാസമെങ്കിലും ഉണ്ടാകും. പക്ഷെ പരാജയപ്പെട്ടാൽ ഫലം വിപരീതവുമായിരിക്കും. അതുകൊണ്ട് നിവൃത്തിയുണ്ടെങ്കിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളാണ് പ്രശ്നപരിഹാരങ്ങൾക്ക് നാം അവലംബിക്കേണ്ടത്. ചാലിയാർ ജലവായു മലിനീകരണത്തിനും നിയമനടപടികൾകൊണ്ടു തന്നെ ശാശ്വതമായ പരിഹാരം കണ്ടെത്താൻ കഴിയും.

മൂന്ന്; അജ്ഞതയാണ് ബഹുഭൂരിപക്ഷം ജനങ്ങളെയും അലട്ടുന്ന പ്രശ്നം. വിജ്ഞാനസമ്പാദനത്തിൽ ഏർപ്പെട്ട വിദ്യാർത്ഥികൾ നിർവ്വഹിക്കേണ്ട ഏററവും പാവനമായ കടമ വിജ്ഞാനത്തിൻെറ വെളിച്ചം ജനഹൃദയങ്ങളിലേക്കു എത്തിക്കുകയാണ്.

വിദ്യാലയങ്ങളിലെ വിപുലമായ ഗ്രന്ഥശേഖരവും പണ്ഡിതൻമാരായ അദ്ധ്യാപകരുടെ വിഷയജ്ഞാനവും വിദ്യാർത്ഥികൾക്ക് ഈ വിഷയത്തിൽ സഹായകരമായിരിക്കും.

നാല്; ഫാക്ടറി മുതലാളി പല അടവുകളും പ്രയോഗിക്കും. സ്വാഭാവികമായി ലാഭചേതങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മററു പ്രശ്നങ്ങളെപ്പോലെത്തന്നെ മലിനീകരണപ്രശ്നവും മുതലാളി കാണുന്നുള്ളു. ബഹുജനപ്രക്ഷോഭങ്ങൾക്കെതിരായി തൊഴിലാളികളെ ഇളക്കിവിടുന്ന അടവും ഇതിൽ ഒരു ഭാഗമാണ്. സംഘടിതമായ അസംഘടിതരായ ബഹുജനങ്ങളെക്കാൾ ഫലപ്രദമായി തൊഴിലാളിവർഗ്ഗത്തിന് പ്രക്ഷോഭങ്ങൾ നയിക്കാൻ സാധിച്ചെന്നും വരും. തൊഴിലാളികളെ കൂടി ബോധവാൻമാരാക്കി മലിനീകരണത്തിനെതിരായ മനോഭാവം അവരിലും സൃഷ്ടിക്കുകയാണ് ചെയ്യേണ്ടത്.

അഞ്ച്: തെംസ് നദി നമ്മുടെ ചാലിയാറിനെപ്പോലെ വിഷമയമായിത്തീർന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷെ ഇന്ന് അതിലൊഴുകുന്നതു് വിഷവിമുക്തമായ ശുദ്ധജലമാണ്. ആ നദിയിൽ വിഷജലമൊഴുക്കിയിരുന്ന വ്യവസായശാലകൾ ഇന്നും അതിൻെറ തീരങ്ങളിൽത്തന്നെ പ്രവർത്തിക്കുന്നുണ്ട് പക്ഷെ മലിനജലം പുറത്തുവിടുന്നില്ലെന്ന് മാത്രം.ശുദ്ധീകരിക്കുവാനുള്ളശാസ്ത്രീയമായ സംവിധാനങ്ങളിലൂടെയാണ് അവിടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടത് ഒരു ടാങ്കിൽനിന്ന് ശുദ്ധീകരിച്ചു മറെറാരു ടാങ്കിലേക്കും വീണ്ടും ശുദ്ധീകരിച്ച് മൂന്നാമത്തൊന്നിലേക്കും അങ്ങിനെ പടിപടിയായി ശുദ്ധീകരിച്ച് അവസാനത്തെ ടാങ്കിൽ മൽസ്യങ്ങളെ വളർത്തുകയും ചെയ്യുന്ന തരത്തിലുള്ള ശുദ്ധീകരണനിലവാരമാണ് അവിടെ പുലർത്തപ്പെടുന്നത്. ഉൽപാദനപ്രക്രിയയിൽ അത്യന്താധുനികമായ സാങ്കേതികവിദ്യ നമ്മുടെ വ്യവസായികൾ ഉപയോഗപ്പെടുത്തുന്നു. മശിനീകരണത്തിൻെറ കാര്യം പറയുമ്പോൾ ഇന്ത്യയിലെ വ്യവസായിക പിന്നോക്കാവസ്ഥയെപ്പററി പറഞ്ഞുതുടങ്ങും. ഇതിലുള്ള യുക്തി മനസ്സിലാക്കാനാണ് വിഷമം. മലിനീകരണത്തിൻെറ കയ്പേറിയ അനുഭവത്തിലൂടെ പാശ്ചാത്യരാജ്യങ്ങൾ പഠിച്ച പാഠങ്ങൾ വ്യവസായവൽക്കരണത്തിൻെറ ആരംഭദശയിൽ ത്തന്നെ നമുക്ക് മാർഗ്ഗദർശകമാകേണ്ടതാണ്. അതുകൊണ്ട് വ്യാവസായിക വികസനവും മലിനീകരണ വിരുദ്ധനടപടികളും ഒരുമിച്ചുകൊണ്ടുപോകുന്നതാണ് വിവേകം.

---

---

ഒന്ന്: ഇതൊരു മാനുഷികപ്രശ്നമെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. ഇത്തരം പ്രശ്നങ്ങൾ സാധാരണയായി നിത്യ ജീവിതത്തിൽ മുഴുകുന്ന സാധാരണക്കാരനറിയുമ്പോൾ വളരെ വൈകുന്നു. ഇവിടെയാവട്ടെ ഈ ദേശത്തുള്ളവരിൽ വലിയൊരു ശതമാനം ഈ വ്യവസായ സ്ഥാപനത്തോട് ബന്ധപ്പെട്ടവരുമാണ്. താൽക്കാലിക നേട്ടങ്ങളാണല്ലോ ഗണിക്കപ്പെടുക. അതൊരവികസിക രാജ്യത്തുകൂടിയാണെങ്കിലോ. എന്നാലി പ്രശ്നം വിദ്യാസമ്പന്നരായ വർഗ്ഗത്തിൽ പ്പെട്ട എത്രപേർ ഗൗരവത്തോടെ വീക്ഷിക്കുന്നുണ്ട്? ഇത്തരം കാര്യങ്ങളോട് ഏററവും ആദ്യം പ്രതികരിക്കേണ്ട അവരിൽ പോലും ഒരുതരം നിസ്സംഗതയാണ് കാണുന്നത്. ചിലരാവട്ടെ സ്വന്തം കാര്യത്തിനു വേണ്ടി പക്ഷം പിടിക്കുന്നു. ഇങ്ങിനെയിരിക്കെ, ഇതൊരു മാനുഷിക പ്രശ്നമായ് എന്ന് കണക്കാക്കാനിടവരും എന്നതാണ് പ്രശ്നം.

രണ്ട്: പ്രക്ഷോപരിപാടികൾ ഇവിടെ രൂക്ഷമായി വരുന്നു. മാനേജ്മെൻറിൽ സമ്മർദ്ദം ചെലുത്താൻ മുൻകാലങ്ങളിൽ നടത്തിയ അടവാണന്നുള്ള് ശരിയല്ലേ എത്രപേർ ആവിധം ജോലിയിൽ കടന്നുകൂടി. മലിനീകരണം രൂക്ഷമാവുന്നത്, പ്രകൃതി കൂടുതൽ ദുർബലമാവുന്നതുകൊണ്ടാണ്. പക്ഷെ, പ്രക്ഷോഭങ്ങൾ പലപ്പോഴും വഴി പിഴച്ചുപോകുന്നു എന്നതാണ് വാസ്തവം.

മൂന്ന്; എന്തുവിശുദ്ധസമരം, മണ്ണാങ്കട്ടയാണ് വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ, അവർക്കുമീതെ രാഷ്ട്രീയക്കാർ അത്,മൊരടവാക്കും. വസ്തുതകളെ യാഥാർത്ഥ്യബുദ്ധിയോടെ കണ്ട്, ദേശീകരെ മനസ്സിലാക്കിക്കൊടുക്കുവാനുള്ള മുന്നേററമാണുണ്ടാവേണ്ടത് നാല് മുദ്രാവാക്യം വിളിച്ചതുകൊണ്ടോ രണ്ട് കല്ലെറിഞ്ഞതുകൊണ്ടോ ഈ പ്രശ്നം പരിഹരിക്കപ്പെടുമോ.

നാല്; ആവാം, അല്ലാതിരിക്കാം, പക്ഷെ, എത്രയുംവേഗം പരിഹാരമാർഗ്ഗങ്ങൾ കണ്ട് ഫാക്ടറി തുടർന്ന് പ്രവർത്തിക്കേണ്ടത് ആയിരക്കണക്കിന് കുടുംബങ്ങളുടെ പ്രശ്നമാണ്

അഞ്ച്: രണ്ടുഭാഗത്ത്നിന്നും സഹായസഹകരണങ്ങളിക്കാര്യത്തിന്നാവശ്യമാണ്. പരിസ്ഥിതി സംരക്ഷണവകുപ്പുകാർ വരുന്നതെന്നറിഞ്ഞ് ആ ദിവസം രാസവസ്തുക്കൾ ചേർത്തുന്നതിൽ അളവ് കുറക്കുക പതിവുണ്ടു. ഇത് പരസ്യമായ വഞ്ചനയാണ്. അതിന് കൂട്ടുനിൽക്കുന്ന സർക്കാർ ഉദ്യോഗസ്ഥൻമാരും രാഷ്ട്രീയക്കാരുമിവിടെയില്ലേ. നേതാക്കൻമാരുടെ മുറവിളികൾ കുന്നുമ്പുറത്തെ അടച്ചിട്ട മുറികളിലവസാനിക്കാറില്ലേ. മാനേജ്മെൻറും സർക്കാറും തമ്മിലൊത്ത്കളി നടത്തുന്നതിനാരാണുത്തരവാദികൾ, ഇരുപക്ഷക്കാരും ഇതൊരു മാനുഷികപ്രശ്നമായി കണക്കാക്കി വിട്ടുവീഴ്ചയോടെ പ്രശ്നപരിഹാരം കാണാനാണ് ശ്രമിക്കേണ്ടത്.

**പേരു് വെളിപ്പെടുത്താനാഗ്രഹിക്കാത്ത മാവൂർ ഗ്വാളിയോർ റയൺസ് പൾപ്പ് ഡിവിഷനിലെ ഒരു തൊഴിലാളിയുടെ അഭിപ്രായമാണിതു്. ഈ മറച്ച് പിടിക്കലിന് കൂട്ടനിൽക്കന്ന പത്രാധിപ സമിതിയ്ക്കു് വായനക്കാർ മാപ്പുതരിക.**

ആണ്ടുകാലം മുഴുവൻ രണ്ട് നേരം വിശപ്പടക്കാൻ കഴിയാത്തവരെ മാത്രം ദരിദ്രരായി കണക്കാക്കിയാൽ 42 കോടി ജനങ്ങളും ദരിദ്രരാണെന്നു കാണാം. ഇവർക്ക് സ്വന്തമായി എന്തെങ്കിലും ഉല്പാദനോപകരണങ്ങളും നിത്യവൃത്തിക്ക് യാതൊരുറപ്പും ഇല്ലാത്തതാണ് ഈ അവസ്ഥക്ക് കാരണമെന്ന് പലപഠനങ്ങളും തെളിയിച്ചിട്ടുണ്ട്

എ. അബ്ദുൽ റഷീദ്

# ദാരിദ്ര്യത്തിന്റെ പ്രശ്നങ്ങൾ ഇന്ത്യയിൽ

ലേഖനം

മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും വിപത്തുകളെ ഭയന്നിട്ടാണ് 'നാം' മിശ്രിത സമ്പദ് വ്യവസ്ഥ സ്വീകരിച്ചു. സ്വാതന്ത്ര്യാനന്തരത്തിന്റെ വികസനത്തിനായി 5 പഞ്ചവത്സര പദ്ധതികളും ഇരുപത് ഇന പരിപാടികളും നടപ്പിലാക്കുകയും ചെയ്തു. എന്നിട്ടും രാജ്യത്തിലെ ബഹുഭൂരിഭാഗവും ... ദാരിദ്ര്യരേഖക്ക് താഴെയാണ് കഴിയുന്നത്. ഇവർ വർഷംപ്രതി 60 ലക്ഷം കുഞ്ഞുങ്ങൾ മരിക്കുന്നു. ഇതുപോലെ 15 വയസ്സിന് താഴെയുള്ള 160 ലക്ഷം കുട്ടികൾ ... വിശപ്പിന്റെ മാറാത്ത വേദനകളുമായി യാചകരായി തീർന്നിരിക്കുന്നു! ആയിരക്കണക്കിന് വരുന്ന നമ്മുടെ സഹോദരികളും തങ്ങളുടെ ശരീരം തേടി ചുവന്ന തെരുവുകളിലേക്ക് ആനയിക്കപ്പെടുന്നു! ഇതെല്ലാം ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ ഇന്ത്യ ഒരു വികസ്വരരാഷ്ട്രമാണോ-അതോ അവികസിത രാഷ്ട്രമോ?

ഇന്ത്യയിൽ ഇന്നും രാജ്യത്തിന്റെ മൊത്തം ഭൂമിയുടെ 75% വും കൈവശം വെച്ചിരിക്കുന്നത് ഇവിടുത്തെ 5% മാത്രം വരുന്ന വൻകിട ഭൂസ്വാമിമാരാണ്. മിച്ചം വരുന്ന 25% ഭൂമിയാണ് 83% ജനങ്ങളുടെ കൈവശമുള്ളത്. മാത്രമല്ല, ഇന്ത്യയുടെ ആകെ സമ്പത്തിന്റെ ബഹുഭൂരിഭാഗവും കൈവശം വെച്ചിരിക്കുന്നത് ഇവിടുത്തെ 10% മാത്രംവരുന്ന കുത്തകകളാണ്. ഇവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഇവിടുത്തെ വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന കുത്തകജന്മിമാരുടെ പ്രതിനിധികൾ തയ്യാറുമല്ല. മറിച്ച് ഇവർ തങ്ങളുടെ കസേരകളുറപ്പിക്കാൻവേണ്ടി ജാതിയുടെയും മതത്തിന്റെയും, ദേശത്തിന്റെയും സങ്കുചിത വികാരങ്ങൾ കുത്തിവെച്ച് നമ്മുടെ സഹോദരന്മാരെ തമ്മിൽ കൊല്ലിക്കാനും ശ്രമിക്കയാണ്. ഈ പ്രക്രിയകളിലൂടെ ഇവർ മുഴുവൻ ജനസാമാന്യത്തിന്റെയും കഷ്ടതകളും കൊടും ദാരിദ്ര്യവും മറച്ചു വെക്കുകയാണ് ചെയ്യുന്നത്.

എന്നാൽ മുതലാളിമാരെ ഇന്ത്യയിൽ കുടിയിരുത്താൻ വേണ്ടി മിശ്രിത സമ്പദ് വ്യവസ്ഥയിലൂടെ ഒരു സുന്ദരലോകം വാഗ്ദാനം ചെയ്ത നമ്മുടെ ഭരണാധിപന്മാർ ഇതുവരെ നമ്മെ കബളിപ്പിക്കുകയായിരുന്നില്ലേ? കഴിഞ്ഞ മൂന്നരദശാബ്ദക്കാലമായി ഇവർ തുടർന്നു വരുന്ന ഈ വികല സാമ്പത്തിക സാമൂഹിക നയങ്ങളുടെ ഫലമായി നമ്മുടെ മേൽ കെട്ടിയേൽപ്പിച്ചിരിക്കുന്ന ദുരിതങ്ങൾ അനുദിനം ഇരട്ടിച്ചുകൊണ്ടിരിക്കയാണിന്ന്. ഇതാകട്ടെ വികാസം പ്രാപിച്ച് ഇന്ന് സാമ്രാജ്യത്വത്തിന്റെ എല്ലാ കോണുകളിലേക്കും വ്യാപിച്ചിരിക്കയാണ്. അതോടൊപ്പം തന്നെ മിശ്രിത സമ്പദ് വ്യവസ്ഥയുടെ പിടിയിൽ നിന്നുകൊണ്ട് നടപ്പിലാക്കിയ 5 പഞ്ചവത്സര പദ്ധതികൾക്ക് ശേഷവും തൊഴിലില്ലായ്മയും, നാണയപ്പെരുപ്പവും, ദാരിദ്ര്യവുമെന്നല്ല പട്ടിണി മരണം പോലും ഇവിടെ ഇന്നുവരെ നാം ദർശിച്ചിട്ടുള്ളു. രാജ്യത്തിന്റെ സമ്പത്ത് ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ കുന്നുകൂടിക്കൊണ്ടിരിക്കയാണ്. മുതലാളിത്തത്തിന്റെ ഇത്തരം ഭീകരമായ പ്രതിഭാസങ്ങളെല്ലാം തന്നെ ഇവിടെ പ്രകടമായിരിക്കുമ്പോൾ ഇന്ത്യ പൂർണ്ണമായും-- മറ്റൊരു രീതിയിൽ പറഞ്ഞാൽ-- മുതലാളിത്ത പാതയിലൂടെയാണ് നീങ്ങുന്നതെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല.

ഇത്തരം പ്രശ്നങ്ങൾക്ക് നേരെ ഇന്ത്യൻ ജനത ശബ്ദമുയർത്താതിരിക്കാൻ നമ്മുടെ ഭരണകൂടം തന്ത്രപരമായ ശ്രദ്ധ ... ഈ ബഹുഭൂരിപക്ഷത്തിനും വിദ്യാഭ്യാസത്തിന്റെ വെളിച്ചം ലഭിക്കാതിരിക്കാൻ വേണ്ടി ... വിദ്യാഭ്യാസത്തിനായി നീക്കിവെക്കുന്ന തുക വെട്ടിക്കുറക്കാൻ വരെ ഇവർ തയ്യാറായിരിക്കയാണ്. ഇതുകൊണ്ട് തന്നെയാണ് ലോകജനസംഖ്യയുടെ 50% നിരക്ഷരർ ഇന്ത്യയിൽ കഴിഞ്ഞുകൂടുന്നത്. എന്നാൽ ഈ ആറാം പദ്ധതിയിൽ വിദ്യാഭ്യാസ ... പഠിക്കാൻ സർക്കാർ നിയമിച്ച ബി. ജി. ഖേർ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ദേശീയ വരുമാനത്തിന്റെ 10% നീക്കിവെക്കുന്നതിനു പകരം 2.5% ആക്കി വെട്ടിച്ചുരുക്കി. മാത്രമല്ല, ''നിരക്ഷരത ഇന്ന് കൊട്ടിഘോഷിക്കുന്ന നമ്മുടെ ഗ്രാമീണ ജനതയിൽ വിദ്യാഭ്യാസത്തിന്റെ വെളിച്ചം ലഭിച്ചാൽ അവരിൽ വെള്ളക്കോളർ മനോഭാവം ഉടലെടുക്കുമത്രെ. ഇത് പറഞ്ഞത് മറ്റാരുമല്ല. ഈയിടെ ഡൽഹിയിൽ നടന്ന കാർഷിക സർവ്വകലാശാല വൈസ് ചാൻസലർമാരുടെ സമ്മേളനത്തിൽ ഒരു കേന്ദ്രമന്ത്രി.

ഇതെല്ലാം ഒഴിച്ചുനിർത്തിയാൽ തന്നെ സ്വതന്ത്ര ഇന്ത്യയുടെ ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം 60% ജനങ്ങൾക്ക് രണ്ട് നേരം വിശപ്പടക്കാൻ കഴിയുന്നില്ലെന്നതാണ്. ഇന്ത്യൻ ജനസംഖ്യയുടെ 70%-ൽ അധികം വരുന്ന ഗ്രാമങ്ങളിലാണ് ഇതിന്റെ 85% നിലനില്ക്കുന്നത്. എന്നാൽ

തിരഞ്ഞെടുപ്പുകളും മററും വരുമ്പോൾ മാത്രമാണ് ഇക്കൂട്ടർക്ക് ഇന്ന് പ്രസക്തിയുള്ളത്. മാത്രമല്ല 1967-ൽ ഓരോ ഗ്രാമീണ ദരിദ്രന്റെയും പ്രതിശീർഷവരുമാനം 600ക. ആയിരുന്നെന്ന് ഒരു പഠനം വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം ഓരോ ഗ്രാമീണ ദരിദ്രന്റെയും പ്രതിദിന വരുമാനം 50 പൈസയാണെന്ന് കാണാം. ഇന്ന് ഇവരുടെ വരുമാനം പ്രതിവർഷം 300 കയോളം എത്തിയിട്ടുണ്ടെങ്കിലും 1967-ലെ വിലനിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ പ്രതിദിനം 55 പൈസയിൽ കൂടുതൽവരില്ല. ഈ സംഖ്യ നഗരങ്ങളിൽ 60-62 പൈസയാണെങ്കിലും നഗരത്തിലെ വിലനിലവാരവുമായി തട്ടിച്ചു നോക്കുമ്പോൾ ഏതാണ്ട് തുല്യമായി കാണാവുന്നതാണ്. എന്നാൽ ഈ 55 പൈസകൊണ്ട് ഓരോ ദരിദ്രനും ഉപജീവനം കഴിക്കുന്നുവെന്ന് കാണുമ്പോൾ മനുഷ്യജീവിതത്തിന്നാവശ്യമായ വിററാമിനും, പ്രോട്ടീനും, മററും സ്വപ്നം കാണാൻ കഴിയില്ലെന്നതു പോയിട്ട് രണ്ടു നേരത്തെ വിശപ്പടക്കാൻ പോലും ഇവർക്ക് സാദ്ധ്യമല്ല. ഇവരുടെ ഈ പട്ടിണിക്കും ദാരിദ്ര്യത്തിനുമെല്ലാം കാരണം വെറും തൊഴിലില്ലായ്മയാണെന്ന സർക്കാരിന്റെയും ആസൂത്രണ കമ്മീഷന്റെയും (Planning Commission) വാദത്തെ പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ ഡോക്ടർ എം. എം. വർഗീസ്സ് എതിർക്കുന്നുണ്ട്. 1961-ൽ 35% ആയിരുന്ന ദരിദ്രരുടെ സംഖ്യ ഇന്ന് 60% ആയി ഉയർന്നിരിക്കയാണ്! ഇവരുടെ പട്ടിണി കുറക്കാൻ വേണ്ടി അടുത്തകാലത്തായി നമ്മുടെ സർക്കാർ ''ജോലിക്ക് കൂലി ഭക്ഷണം'' എന്നൊരു പരിപാടി കൊണ്ടുവന്നിരുന്നു. അതിപ്പോൾ നിർത്തൽ ചെയ്തിരിക്കയാണ്. അതിന്ന് കേന്ദ്ര കൃഷി വകുപ്പ് പറയുന്നകാരണമാവട്ടെ, ജോലിക്ക് കൂലി ഭക്ഷണം പരിപാടിമൂലം ജനങ്ങൾ അലസരാവുന്നുവെന്നും! വാസ്തവത്തിൽ ഈ പരിപാടി നിർത്തൽ ചെയ്തതിന്റെ പിന്നിൽ ഒരുകൂട്ടം ഭൂസ്വാമിമാരുടെ കറുത്തകരങ്ങളാണ് പ്രവർത്തിച്ചതെന്നതിന് സംശയമില്ല. കാരണം, ഈ പരിപാടി ദരിദ്രനിലും പട്ടിണിക്കാരിലും നിലനിന്നാൽ അവരുടെ വിലപേശലിന്റെ ശക്തി കൂടുകയും അതോടൊപ്പം അവർ സംഘടിതരാവുകയും ചെയ്യും. മറിച്ചാണെങ്കിൽ മാത്രമേ ഈ കുത്തകക്കാർക്ക് തങ്ങൾ പറയുന്ന കൂലിക്ക് തൊഴിലാളിയെ കിട്ടൂ. അതുകൊണ്ട് പട്ടിണിയുടെ യാതനകൾ മൂലം പിടഞ്ഞുകൊണ്ടിരിക്കുന്നവരുടെ ഒരു ശേഖരം തന്നെ ഇവർക്കെന്നും ആവശ്യമാണ്.

എന്നാൽ ആസൂത്രണ വികസനത്തിന്റെ യുഗം ഇവിടെ ആരംഭിച്ചതു മുതൽ 30 വർഷക്കാലമായി ഈ രാജ്യത്തിലെ ദരിദ്രരുടെ സ്ഥിതി എന്തായെന്ന് നമുക്ക് പരിശോധിക്കാം. ആണ്ടു കാലം മുഴുവൻ രണ്ട് നേരം വിശപ്പടക്കാൻ കഴിയാത്തവരെ മാത്രം ദരിദ്രരായി കണക്കാക്കിയാൽ 42 കോടി ജനങ്ങളും ദരിദ്രരാണെന്നും കാണും. ഇവർക്ക് സ്വന്തമായി എന്തെങ്കിലും ഉല്പാദനോപകരണങ്ങളും നിത്യവൃത്തിക്ക് യാതൊരുറപ്പും ഇല്ലാത്തതാണ് ഈ അവസ്ഥക്ക് കാരണമെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്.

സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇന്ത്യൻ ഭരണ കൂടത്തിന്റെ വെറും പാവകളായി മാറിയിരിക്കുന്ന നമ്മുടെ ആസൂത്രണക്കമ്മിഷൻ പറയുന്ന കണക്കുകളാവട്ടെ, ആരെയും ഞെട്ടിപ്പിക്കാൻ പോന്നതും തനിപൊങ്ങച്ചം പറയലും മാത്രമാണ്. ഉദാഹരണത്തിന് 1969-ലെ ഇന്ത്യയുടെ ആകെ ഉല്പാദനം വിലനിലവാരവുമായി ബന്ധപ്പെടുത്തുമ്പോൾ 31760 കോടി. ക. ആണെന്ന് കാണാം. ആസൂത്രണക്കമ്മിഷന്റെ കണക്കു പ്രകാരം ഈ സംഖ്യ 1981-ൽ ഇരട്ടിയിൽ അധികം (64440 കോടി. ക ) ആയി വർദ്ധിക്കുമെന്നായിരുന്നു കണക്കുകൂട്ടിയിരുന്നത്. എന്നാൽ ഇതുവരെ നാം കണ്ടപോലെ ഒരു രൂപയുടെ ഉല്പാദന വൃദ്ധിക്ക് 3.7 രൂപയുടെ മൂലധനം നിവേശിച്ചാൽ ഏകദേശം 120000 കോടി. ക. യുടെ പുതിയ മൂലധനം വേണ്ടിവരുമല്ലൊ? എന്നാൽ ആസൂത്രണക്കമ്മീഷന്റെ ഈ അനുമാനത്തിൽ നിന്ന് കൊണ്ട് പരിശോധിക്കുമ്പോൾ ഇത്രയും മൂലധനനിവേശം നടന്നിട്ടില്ലെന്നുമാത്രമല്ല, വെറും 75000 കോടി ക. മാത്രമെ ഉണ്ടായിട്ടുള്ളു. അപ്പോൾ ഈ മൂലധനനിവേശത്തിലുള്ള വൃദ്ധി 2000 കോടി. ക. മാത്രമാണ്. അങ്ങനെ നാം പരിശോധിക്കയാണെങ്കിൽ ആസൂത്രണക്കമ്മീഷൻ പറയുന്നപോലെ 64440 കോടി ക. യുടെ വൃദ്ധി എങ്ങനെയാണ് ഉണ്ടാവുക? ഇതിൽ നിന്ന് തന്നെ ആസൂത്രണക്കമ്മീഷന്റെ ഏകപക്ഷീയ സ്വഭാവം നമുക്ക് വ്യക്തമായി കാണാവുന്നതാണ്.

ഇതു മാത്രമല്ല, നമ്മുടെ ആസൂത്രണക്കമ്മീഷൻ ഇതിന് മുമ്പ് നടത്തിയ മററൊരു കണക്ക് ഇതുവരെ കണ്ടതിലും വലിയ തട്ടിപ്പ് മാത്രമായിരുന്നു, കാരണം 1950-51 മുതൽ 1965-66 വരെയുള്ള മൂന്ന് പഞ്ചവത്സരപദ്ധതി കാലഘട്ടങ്ങളിൽ മൊത്തം മൂലധന നിവേശവും ഉല്പാദനത്തിലുള്ള വൃദ്ധിയും തമ്മിലുള്ള അനുപാതം 3 7:1 ആണെന്ന് നാം കണ്ടുവല്ലൊ? എന്നാൽ ദേശീയോല്പാദനത്തിൽ ആകെയുണ്ടായ വദ്ധനവിന്റെ തോത് മനഃപ്പൂർവ്വം വദ്ധിപ്പിക്കാനും ഇന്ത്യ വളരെ കൂടുതൽ പുരോഗമിച്ചുകൊണ്ടിരിക്കയാണെന്നും കാണിക്കാൻ വേണ്ടി ആസൂത്രണക്കമ്മീഷൻ 3.7:1 എന്ന ഉത്പാദനവൃദ്ധിയുടെ മാധ്യമത്തെ 2.4:1 എന്നാക്കി ചുരുക്കി (ഉത്പാദനത്തിൽ 2. 4 രൂപയുടെ മൂലധന നിവേശം വഴി 1 രൂപയുടെ വൃദ്ധി) എന്നാൽ പല കണക്കുകളും സൂചിപ്പിക്കുന്നത് ഈ അനുപാതം ഒട്ടും ശരിയല്ലെന്നാണ്. ഇനി ഇങ്ങനെതന്നെ സ്വീകരിച്ചാലും 1968-69 മുതൽ 1973-74 വരെയുള്ള നാലാം പദ്ധതിക്കാലത്ത് നമ്മുടെ കമ്മീഷൻ ഈ 2 4:1 എന്ന അനുപാതം പോലും സ്വീകരിച്ചില്ലെന്നാണ് കാണാൻ കഴിയുക. അതിന്ന് തെളിവാണ് 1968-1974 കാലഘട്ടങ്ങളിൽ 20000 കോടി കയുടെ മൂലധന നിവേശം ഉണ്ടായിരുന്നപ്പോൾ 10000 കോടി കയുടെ വൃദ്ധിയുണ്ടായിരുന്നുവെന്ന് ആസൂത്രണക്കമ്മീഷൻ പ്രസ്താവിച്ചത്. ഈ വൃദ്ധിയെ 3.7:1 എന്ന അനുപാതത്തിൽ കണക്കാക്കുമ്പോൾ 5600 കോടി ക. യും 2 4:1 എന്ന അനുപാതത്തിൽ കണക്കാക്കുമ്പോൾ 8300 കോടി ക. യും മാത്രമെ ഉണ്ടാവുകയുള്ളൂ. അത്രയും സംഭവിക്കാതിരുന്നതുകൊണ്ട് കമ്മീഷൻ ഈ ഉല്പാദനവൃദ്ധിയെ 2:1 എന്ന അനുപാതത്തിലല്ലേ കണക്കാക്കിയത്? എന്നിട്ടും നമ്മുടെ ആസൂത്രണ കമ്മീഷൻ എന്തിനാണീ അയഥാർത്ഥമായ കണക്കുകളിങ്ങനെ ഉരുവിട്ടുകൊണ്ടിരിക്കുന്നത്? എന്നാൽ ഇതുകൊണ്ടൊന്നും ഇവിടുത്തെ യഥാർത്ഥ ദരിദ്രരുടെയും, അവികസനത്തിന്റെയും നേരെ ഇവർക്ക് കണ്ണടക്കാൻ കഴിയില്ലെന്നു മാത്രമല്ല, ഇത്തരം കള്ളക്കണക്കുകൾ വെളിച്ചത്തു കൊണ്ടുവരാൻ ചിലരെങ്കിലും മുന്നോട്ട് വരുന്നുവെന്നതാണ് സത്യം.

നമുക്ക് നഷ്ടപ്പെട്ടുപോയതും അമൂല്യമെന്നു കരുതി കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചിരുന്നതുമായ മഹത്തായ സംസ്കാരങ്ങളും, പാരമ്പര്യങ്ങളും, പണ്ട് പതിച്ചുനൽകിയ മൂല്യങ്ങളും തിരിച്ചു നടന്ന്, പെറുക്കിയെടുത്ത്, പൊടിതട്ടി, തുടച്ചു മിനുക്കി സൂക്ഷിക്കാൻ നമുക്ക് കഴിയില്ലേ?

പി. ബഷീർ

# ധാർമ്മികതയുടെ പ്രസക്തി

ലേഖനം

ജീവിതത്തിന്റെ എല്ലാ തുറകളിലും അവശ്യം ആവശ്യമായിത്തീർന്ന ധാർമ്മികമായ അപഭ്രംശം നമ്മെ അപകടകരമായ അവസ്ഥയിലെത്തിച്ചിരിക്കുന്നു. ധാർമ്മികതയുടെയും മൂല്യങ്ങളുടെയും തകർച്ച യുവജനങ്ങളിൽ ഒരു പകർച്ചവ്യാധിപോലെ പടർന്നു പിടിച്ചതിന്റെ ഫലമായി പ്രതീക്ഷയുടെയും പ്രത്യാശയുടെയും പ്രതീകമായ വിദ്യാർത്ഥി യുവജന സഞ്ചയം കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ വേദനിക്കുന്ന ഹൃദയത്തോടെ മാത്രമെ കാണാൻ കഴിയൂ.

നമ്മുടെ കലാലയങ്ങൾ കലാപത്രുഷിതവും കലഹമയങ്ങളുമാണ്. നമ്മുടെ വിദ്യാലയങ്ങൾ വികൃതാലയങ്ങളാണ്. എങ്ങും കലഹങ്ങളും, തമ്മിലടികളും, രക്തം ചിന്തലും നിത്യസംഭവങ്ങൾ.

സമീപത്തിരിക്കുന്ന സഹപാഠിയുടെ വിരിമാറിൽ കഠാരി കുത്തിയിറക്കാൻ, അദ്ധ്യാപിക അദ്ധ്യാപകൻ മാരെ ദ്രോഹിക്കാൻ, പവിത്രവും പരിപാവനവുമായ ഗുരുശിഷ്യബന്ധം തച്ചുടക്കാൻ, ഘരാവോ എന്ന പേരിൽ അന്യായമായി തടഞ്ഞു വെക്കാൻ, സ്നേഹത്തിന്റെയും പ്രേമത്തിന്റെയും ഓമപ്പേരിൽ സഹോദരികളെ വഞ്ചിക്കാൻ, രാഷ്ട്രീയത്തിന്റെ പേരിൽ കടൽമാലകൾ കൊണ്ട് ഹാരങ്ങൾ അണിയിക്കാൻ, രക്തപ്പുഴകളൊഴുക്കാൻ, മനുഷ്യ ശിരസ്സുകൾ കൊണ്ട് ഫുട്ബാൾ കളിക്കാൻ.... ഇവിടംകൊണ്ടും അവസാനിക്കുന്നില്ല. തകരുന്ന ഭാരതത്തിന്റെ പാളിപ്പോയ ജനത.

യുവത്വത്തിന്റെ ഊർജ്ജസ്വലത ലക്ഷ്യബോധത്തോടെ ധാർമ്മികതയുടെ ചാലുകളിലൂടെ സനാതന മൂല്യങ്ങൾ കലർത്തി പുത്തൻ മേഖലകളിലേക്ക് തിരിച്ചുവിടുക എന്ന ചരിത്രപരമായ കടമ നിർവ്വഹിക്കുമ്പോൾ മാത്രമെ ഇത്തരം സംഭവവികാസങ്ങൾ പിഴുതെറിയാൻ നമുക്ക് സാധിക്കൂ.

നമുക്ക് നഷ്ടപ്പെട്ടുപോയതും അമൂല്യമെന്നു കരുതി കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചിരുന്നതുമായ മഹത്തായ സംസ്കാരങ്ങളും, പാരമ്പര്യങ്ങളും, പണ്ട് പതിച്ചു നൽകിയ മൂല്യങ്ങൾ തിരിച്ചു നടന്ന്, പെറുക്കിയെടുത്ത്, പൊടിതട്ടി, തുടച്ചുമിനുക്കി സൂക്ഷിക്കാൻ നമുക്ക് കഴിയില്ലേ?

ചരിത്രപ്രസിദ്ധമായ കുത്തബ്മിനാറിൽ ഈയിടെയുണ്ടായ ഞെട്ടിപ്പിക്കുന്ന സംഭവം. നാല്പത്തിയഞ്ച് പിഞ്ചുവിദ്യാർത്ഥികളുടെ ജീവൻ ചതഞ്ഞരഞ്ഞു; നിഷ്കളങ്കരായ എട്ടും പൊട്ടും തിരിയാത്ത കൊച്ചുകുട്ടികളെ കാമശമനത്തിനുപയോഗപ്പെടുത്തി ഞെക്കിക്കൊന്ന ബില്ലാ-രങ്കമാർ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. ഇതു കൊണ്ടവസാനിക്കുന്നില്ല, മഞ്ചേശ്വരത്തും, തലശ്ശേരിയിലും വാണിമേലും, വയനാട്ടിലും, കായംകുളത്തും കോവളത്തും...... അങ്ങിനെ, കേരളമാകെ, ഭാരതമാകെ.

കാർമേഘാവൃതമായ, മൂടിക്കെട്ടിയ ഈ അന്തരീക്ഷത്തിൽ ഒരു നേരിയ പ്രകാശകിരണത്തിനുള്ള ആശയ്ക്ക് വഴി പിഴച്ച പ്രവർത്തനങ്ങളും ദുഷിച്ചുനാറിയ വിചാരങ്ങളും വിഘ്നം നിൽക്കുന്നു.

എപ്പോഴൊക്കെ എവിടെയൊക്കെ ധാർമികതയ്ക്കെതിരെ അപശബ്ദങ്ങൾ ഉണ്ടാവുന്നുവോ അതപ്പോഴൊക്കെ അവിടെയൊക്കെ അനുപമമായ ധീരതയോടെ, അചഞ്ചലമായ ആദർശശുദ്ധിയോടെ, അതുല്യമായ അഭിമാനത്തോടെ സധൈര്യം അതിനെ നേരിടുവനും ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും കഴിയുന്ന ഒരു ജനത ഒരു സ്വപ്നമായി മാറുകയാണോ എങ്ങോ കണ്ടു മറന്ന ഒരു സ്വപ്നം. ○

''ഭവിക്കേണ്ടതേ ഭവിസ്സുകയുള്ളൂ എന്നു കരുതി യത്നം ചെയ്യാതിരിക്കരുത്. എന്നാൽ തന്റെ യത്നം കൊണ്ടാണ് എല്ലാം ഭവിസ്സുന്നതെന്നു അഹങ്കാരമില്ലാതെ യത്നം ചെയ്യുകയും വേണം''

— ശങ്കരാചാര്യർ

സ്വപ്നവലയങ്ങളിൽ വിമോചിതരായി
സ്വസ്ഥതയോടെയാബാലവൃന്ദം
കുളിരുകൾ കോരിയെറിയും കാററിൻ
കാല്പാടുകൾ തൻ ശബ്ദം ശ്രവിച്ചു.

## സി. ഉപേന്ദ്രൻ

---

# ദുരന്തം

ഡിസംബർ നാലിന്നശുഭമുഹൂർത്തം
നാൽപ്പത്തിയാറിന്നവസാന നിമേഷം
ദുഃഖസ്മൃതികളാം ഭാണ്ഡക്കെട്ടിൽ
ഭാരം ചെറുതായൊന്നു പെരുത്തു.
സ്വപ്നവലയങ്ങളിൽ വിമോചിതരായി
സ്വസ്ഥതയോടെയാബാലവൃന്ദം
കുളിരുകൾ കോരിയെറിയും കാററിൻ
കാല്പാടുകൾ തൻ ശബ്ദം ശ്രവിച്ചു
സമ്പന്നതയുടെ വിരിമാറിൽ
സായൂജ്യമടയാൻ കൊതിച്ചവരെങ്കിലും
വേവുന്നോരവർ നിമിഷം തോറും
വേദനകളോടെയപാരതയിൽ
ആ വേദനകളിൽ നിന്നും മോചനം
ആരഞ്ഞലയുവതിന്നിടയിൽ
അഭയത്തിനവരെത്തീ കുത്തബിൽ
ആത്മ സഹചാരി വിധിയോടൊപ്പം
ബാല്യനാളിലത്ഭുതം കാണാനെത്തും
ബാലികാ ബാലകർ തൻമേലും
പിഞ്ചുഹൃദയത്തിനുടമകൾ, അവർ,
നിർമ്മലചിന്തതൻ പര്യായങ്ങൾ
കാമം മൂത്തു വെറിയാകുമ്പോൾ
ബോധമശേഷം കൈവെടിയുമ്പോൾ
കാട്ടിക്കൂട്ടും വൈകൃതങ്ങളിൽ
എരിഞ്ഞടങ്ങിയിവരൊക്കെയും ○

[81 ഡിസംബർ നാലിലെ കുത്തബ്മിനാർ ദുരന്തം ഓർക്കുക]

എസ്. എ. എം. ബഷീർ

# ഈ മൗനത്തിന്റെ അന്ത്യവുംകാത്ത്....

ലേഖനം

നഗരത്തിൽ വണ്ടിയിറങ്ങി. പുറപ്പെടുമ്പോൾ സുഹൃത്ത് പറഞ്ഞുതന്ന വഴിയിലൂടെ തിരക്കേറിയ റോഡിന്റെ ഓരം ചേർന്ന് സിററി സ്ററാണ്ടിലേക്ക് നടന്നു നീങ്ങി. കോളേജിന്റെ പേരെഴുതിയ ബസിൽ കയറിയിരുന്നു.

മുപ്പത്തഞ്ച് മിനിട്ട് നേരത്തെ യാത്ര ആരൊക്കെയോ കയറുകയും, ഇറങ്ങുകയും, പെയ്യുന്ന, ബസ് ഇടക്ക് നിൽക്കുകയും, ഓടുകയു വലിയൊരു കയററം കഴിഞ്ഞ് ഒരു പടുകൂററൻ കവാടത്തിനു മുമ്പിൽ ബസ് നിന്നു.

അപരിചിതമായ മുഖങ്ങൾക്കിടയിലൂടെ, ആൾക്കൂട്ടത്തിൽ തനിയെ, ഹോസ്ററൽ ലക്ഷ്യമാക്കി, ബാഗും തൂക്കിപ്പിടിച്ച് നടന്നു. മുമ്പിൽ തലയുയർത്തി നിൽക്കുന്ന കോളേജ് കെട്ടിടം കണ്ടപ്പോൾ കൊല്ലങ്ങൾക്കപ്പുറത്തെ, ഏതാനും ത്യാഗികളുടെ ചിത്രം മനസ്സിൽ ബുദ്ധിയുറച്ച നാൾ മുതൽ ബന്ധപ്പെട്ട പ്രസ്ഥാനത്തിന്റെ മൺമറഞ്ഞ മഹാരഥന്മാർ പടുത്തുയർത്തിയ കലാലയം.

ഈ കലാലയത്തിനു വേണ്ടി സംഘടനയുടെ കാറും സ്വന്തം സ്വത്തുക്കളും വിററ, യുഗപ്രഭാവരുടെ സ്മരണയിൽ ജ്വലിച്ച മനസ്സ് വിമൂകമായി അവർക്ക വേണ്ടി പ്രാർഥിച്ചു.

ഹോസ്ററലിൽ ചുമരിൽ ചാരിയ തലയണക്കും, പുസ്തകത്തിനു മിടയിൽ തല പൂഴ്ത്തിയിരിക്കുന്ന സുഹൃത്ത്.

ഒരു കൊല്ലത്തെ അലച്ചിലിനുശേഷം വീണ്ടും കോളേജിൽ.

കലപില കൂട്ടുന്ന വർണ്ണക്കിളികൾക്കിടയിൽ തൂവൽ നഷ്ടപ്പെട്ടവനായി, അന്തർ മുഖനായി നടന്നു.

വലിയ ലൈബ്രറി ഹാളിലൊരു മൂലയിൽ പുസ്തകങ്ങളിൽ ഞാനും തല പൂഴ്ത്തിയിരുന്നു.

ക്ലാസിലെ സഹപാഠികൾക്കപോലും അപരിചിതനായി, മിൽട്ടന്റെയും, ഡ്രൈഡന്റെയും, ഷെല്ലി—കീററ്സ്മാരുടെയും കാവ്യപ്രപഞ്ചത്തെക്കുറിച്ച് വാചാലമായി സംസാരിക്കുന്ന ഗുരുരൂപം നോക്കാതെ ക്ലാസുകളിൽ സ്വയം നഷ്ടപ്പെട്ടിരുന്നു.

കാരണമില്ലാതെ വിങ്ങുന്ന മനസ്സ് അറിയപ്പെടാത്ത എന്തിനോ വേണ്ടി ഉഴറി.

തളർന്ന കയ്യിലായി, തകർന്ന ഒററക്കമ്പിത്തമ്പുരുവായി എവിടെയോ നഷ്ടപ്പെട്ട സങ്കല്പത്തിന്റെ വളപ്പൊട്ടുകൾക്കായി തിരയുകയായിരുന്നു ഞാൻ.

എടാ നിനക്കെന്തുപററി?

രാപ്പകൽ ലാത്തിയടിച്ച് 'കത്തി'യായി നടന്ന നീ...?

സുഹൃത്ത് അർദ്ധോക്തിയിൽ നിർത്തി. വർഷങ്ങൾക്ക മുമ്പ് പരിചയപ്പെട്ടതു മുതൽ വികാരവിചാരങ്ങൾ പങ്കുവെച്ച സുഹൃത്ത്. സ്വയം സൃഷ്ടിച്ച മൗനത്തിന്റെ വാത്മീകം പൊട്ടിക്കാനിഷ്ടപ്പെട്ടില്ല.

''ഒരു മൗനവ്രതക്കാരൻ. എടാ വല്ല അസ്തിത്വ ദു:ഖവുമാണോ തലയിൽ. അന്നേ പറഞ്ഞതാ ഈ കാഫ്കയെയും കാമുവിനവുമൊന്നും തലയിൽ കയററരുതെന്ന്. ഇപ്പോൾ നീ സ്വയമൊരു ഔട്ട് സൈഡറായില്ലേ?'' അവൻ വിടുന്ന മട്ടില്ല.

സുഹൃത്തേ, നിനക്കറിയില്ല. എന്റെ ദു:ഖം. പറഞ്ഞാൽ നിനക്കത് മനസ്സിലാവില്ല. മനസ്സിലാക്കിയാൽത്തന്നെ നീ എന്നെ പരിഹസിച്ച് ചിരിക്കും. വാക്കുകൾ മനസ്സിൽ കോർത്തതല്ലാതെ ദേഷ്യഭാവത്തിലിരിക്കുന്ന അവനോട് പറഞ്ഞില്ല. പിന്നെ അവനൊന്നും മിണ്ടിയില്ല.

ചാലിയാറിന്റെ തീരത്ത് കരിങ്കല്ലായിക്കുന്നിന്റെ നെറുകയിലെവിടെയോ ഞങ്ങൾ സ്വയം നഷ്ടപ്പെട്ടിരുന്നു, രണ്ടു കൊച്ചു ലോകങ്ങളിൽ.

പകൽപ്പൂവിതളുകളോരോന്നായി വാടിവീണുകൊണ്ടിരുന്നു. അങ്ങ് പടിഞ്ഞാറ് ഏതോ ശോകഗാനം പോലെ സൂര്യന്റെ വിലാപം! ഇണയെപ്പിരിഞ്ഞ സന്ധ്യയുടെ കവിൾത്തടങ്ങൾ ചുവന്നുതുടുത്തു

അവൾക്കറിയാം. നാളെ കിഴക്ക് നിന്നവൻ വരാതിരിക്കില്ല. തമസ്സിന്റെ കോട്ടകളിൽ വെളിച്ചം വിതറാൻ.

ക്ലാസ്സില്ല. ഒരു കൂട്ടരുടെ അവകാശ ദിനം. ഇന്നലെ പ്രതിഷേധ ദിനമായിരുന്നു മററൊരു കൂട്ടരുടേത്. ഏതോ കോളേജിൽ, ഒരു വിദ്യാർത്ഥിയുടെ കരൾച്ചോര പൂക്കുററി പോലെ തെറിച്ചു വീണു. ഒപ്പം അവന്റെ കുടുംബത്തിന്റെ പ്രതീക്ഷകളും കത്തിക്കരിഞ്ഞുപോയി. എവിടെയാണ് എന്റെ കൂട്ടർക്ക് ചുവടുകൾ പിഴച്ചത്? ലക്ഷ്യംതെററിയത്?

തിരക്ക പിടിച്ച ബസ്സുകളിലെ അതിലും തിരക്കേറിയ മുൻഭാഗത്തെ സ്പർശന ദർശന വേളയിലോ?

സമര പ്രസ്ഥാനങ്ങൾക്ക വേണ്ടി തീപ്പൊരി പ്രസംഗം നടത്തുന്നവരുടെ വാഗ്ധോരണിയിൽ ഭ്രമിച്ചു പോയപ്പോഴോ?

പെൺകുട്ടികൾക്ക് മുമ്പിൽ വീരന്മാരായിച്ചമയാൻ പഞ്ഞു നടന്നപ്പോഴോ? വിധിശാപം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട എൻെറ തലമുറയുടെ അപഭ്രംശമായിരുന്നുവോ എന്നെ ഇതു വരെ അസ്വസ്ഥനാക്കിയത്?

***   ***   ***

സംസ്ക്കാരത്തിൻെറ വെളിച്ചവും, വിജ്ഞനത്തിൻെറ തെളിച്ചവും സമാഹരിക്കേണ്ട വിദ്യാർത്ഥി ജീവിതം സമ്മാനിക്കുന്നത് അസ്വസ്ഥതയാണെങ്കിൽ നമുക്കെന്തിനീ വിദ്യാഭ്യാസം?

പരസ്പരം കൊന്നൊടുക്കാനും, തല്ലുകൂടാനും നമ്മെ പഠിപ്പിക്കുന്ന അഭ്യാസവിദ്യയായി മാറിയ വിദ്യാഭ്യാസം കൊണ്ട് നമുക്കെന്തു നേട്ടം?

“വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം'' എന്നു പാടിയ കവിയുടെ വരികൾ അന്വർത്ഥമാക്കുകയാണോ നാം,

''വിളക്കു കൈവശമുള്ളവനെന്നും വിശ്വം ദീപമയം'' എന്ന കവിവാക്യത്തിന് പകരം?

സമരാഹ്വാനങ്ങളും, കല്ലേറും കത്തിക്കുത്തും, കത്തിക്കലുകളും കണ്ട് മനസ്സ് തഴമ്പിച്ചുവോ?

പുച്ഛിച്ച് പുറംതള്ളിയ ഗുരുവിൻെറ പ്രതിമക്കു മുമ്പിൽ പരിശീലനം നടത്തി ശസ്ത്രവിദ്യയിൽ പ്രാവീണ്യം നേടി, ഗുരുദക്ഷിണ ചോദിച്ച ഗുരുവിന്, പെരുവിരൽ മുറിച്ചു നല്കിയ ഏകലവ്യനും, കോപ്പിയടിച്ചതു പിടിച്ച അദ്ധ്യാപകൻെറ കരളിനു നേരെ കത്തിയുയർത്തുന്ന വിദ്യാർത്ഥിയും തമ്മിലുള്ള അന്തരം!

ഒരക്ഷരം പറഞ്ഞുതന്നവനെപ്പോലും പരമാവധി ബഹുമാനിക്കാൻ പഠിപ്പിച്ച പ്രവാചകവചനം, ഗുരുവിനെ പരമാവധി അപമാനിച്ചുകൊണ്ട് 'പുരോഗമന'ത്തെ പുൽകുന്ന ആധുനികൻെറ മനസ്സിൻെറയന്തരം!

അതാണ് സുഹൃത്തേ എന്നെ അസ്വസ്ഥനാക്കുന്നത്. സ്വയം ചിത്രവധം നടത്തുന്ന നമ്മുടെ ക്രൗര്യം.

പുഞ്ചിരിക്കുന്ന മുഖങ്ങൾക്ക് നേരെ ആസിഡ് ബൾബോങ്ങുന്ന ക്രൗര്യം.

അവസാനം ക്രൂരതക്ക് കുപ്പായം ചാർത്തിയ കൊച്ചു നേതാക്കളോടൊപ്പം ബിരുദമെന്ന പീറക്കടലാസുമായി തെണ്ടേണ്ടിവരുന്ന ദൈന്യം,

പഠിക്കാതെ, പാസ്സാകാൻ അത്യന്താധുനിക വഴികളാലോചിക്കുന്ന മിടുമിടുക്കന്മാരും അവരുടെ പകൽ മാന്യന്മാരായ തന്തമാരും യൂണിവേഴ്സിററികൾക്ക് അപമാനം വരുത്തിവെച്ചിരിക്കുന്നതോർത്ത്, ഉന്നതരുടെ മക്കൾ ഉന്നതങ്ങളിലെ സ്വാധിനം വഴി ബിരുദങ്ങൾ വിലക്കു വാങ്ങി, ഡോക്ടർമാരും എഞ്ചിനീയർമാരുമാകുന്നതോർത്ത്;

അതോർത്തു മാത്രമാണെൻെറയീ അസ്വസ്ഥത, ഈ മൗനം!

ഒരു നാൾ എൻെറ മൗനത്തിൻെറ തീമല പൊട്ടിത്തെറിക്കും, ഒപ്പം വേറെ അനേകായിരങ്ങളുടേയും.

ഉരുകിത്തിളക്കുന്ന ലാവയുടെ അപ്രതിരോധ്യമായ ഒഴുക്കിൽ ഈ ചോറ് ചൊല്ലാത്ത വയറിന്നുടമകളുടെ ചോദ്യം വേവാത്ത തലച്ചോറും ചോരതിളക്കാത്ത വീറും പഴങ്കഥകളാകും.

പെരുവഴിമുന്നിലുള്ളപ്പോൾ കൈ വഴി വെട്ടാൻ തയ്യാറാകുന്ന തലമുറയുടെ പുറപ്പാട്.......

ആ പുറപ്പാടാണ് സുഹൃത്തേ, എൻെറ സ്വപ്നം, എന്നെപ്പോലെയുള്ള മററു മനുഷ്യ ജീവികളുടെയും ....

അന്നാണ് മഹാകവി ഇഖ്ബാൽ പാടിയ പോലെ ചിലരുടെ കൊട്ടാരമതിലുകൾ തകർക്കപ്പെടുക, മററു ചിലരുടെ വയലുകൾ ചുട്ടുകരിക്കപ്പെടുക.......

ഇതാ എൻെറ ഈമൗനം അവസാനിക്കാറായിരിക്കുന്നു;

തിമിരം ബാധിച്ചിട്ടില്ലെങ്കിലും ........ എന്റെ കണ്ണുകളെ എനിക്കു വഞ്ചിക്കേണ്ടി വന്നു.

മിഥ്യേ നിന്റെ മൗലിയിൽ കിടന്നു തുടിക്കുന്ന തങ്കനിറം പൂണ്ട കൊടിക്കൂറ നോക്കി പടിഞ്ഞാറോട്ടടിക്കുന്ന ആ കുളിർ കാററിനൊത്തു ഞാൻ തുള്ളുകയായിരുന്നു.

മുസ്തഫാ മുണ്ടപ്പലം

# ഇവിടെ ഞാൻ നിസ്സഹായൻ

കഥ

ഇതെന്റെ ദൗർബ്ബല്യമായിരിക്കാം. അതല്ലെങ്കിലെനിക്കായ് വിധിക്കപ്പെട്ട ജീനുകളിൽ കുത്തിനിറക്കപ്പെട്ട ജനററിക് കോഡുകളുടെ വൈകൃതമായിരിക്കാം.

പക്ഷെ ഒന്നുറപ്പാണ്. ഇതെന്റെ ഞരമ്പുകളിലൂടെ ഒഴുകുന്ന രക്തത്തിന്റെ 'വൈദേശികത്വം' കൊണ്ടല്ല, കൺകോണിലൂടെ പുറത്തേക്കൊഴുകുന്ന പ്രകാശവീചികളുടെ നിസ്സംഗത കൊണ്ടല്ല.

എന്തിനോ വേണ്ടിയുള്ള ദാഹത്തിൽ, മോഹത്തിൽ എങ്ങുനിന്നോ വന്നൊരു പടിഞ്ഞാറോട്ടടിക്കുന്ന കുളിർ കാററിൽ,

അതിന്റെ ലഹരിയിൽ, അതിന്റെ ആലസ്യത്തിൽ എല്ലാം പണയപ്പെടുത്തുകയായിരുന്നു.

ഞാൻ തൂലികത്തുമ്പത്ത്, ബ്രിട്ടീഷ് മേൽക്കോയ്മയിൽ രാജ്യം ഭരിക്കാൻ വിധിക്കപ്പെട്ട ഒരു നാട്ടുരാജാവിനെപ്പോലെയായിരുന്നു.

മഷിയിൽ കുതിർന്ന കടലാസ്സുകൾക്കു മുമ്പിൽ ഞാനൊരു മരുപ്പറമ്പിലെ കാവൽക്കാരനായിരുന്നു.

പക്ഷെ എന്റെ ലോലമായ മനസ്സിൽ ഇരമ്പിക്കയറിയ യാഥാർത്ഥ്യങ്ങളല്ല ആ കടലാസ്സിൽ കുതിർന്ന മഷിയടയാളങ്ങൾ. ഞാൻ വ്യക്തമായി പറയാം. ആ പടിഞ്ഞാറോട്ടടിക്കുന്ന കുളിർകാററ് എന്റെ ഹൃദയത്തിലേക്കും നുരച്ചു കയറിയിരുന്നു.

എന്റെ ചെവികൾ സമ്മാനിച്ച മഹത്തരങ്ങളായ നഗ്ന യാഥാർത്ഥ്യങ്ങൾ ആ കടലാസ്സുകഷ്ണങ്ങളിൽ, മഷിയിൽ കുതിർന്നിട്ടില്ല. അവിടെ പകരം ചില 'സങ്കല്പസൃഷ്ടി' കളാണ് മരിക്കപ്പെട്ട യാഥാർത്ഥ്യങ്ങൾക്കു മുകളിൽ വീമ്പിളക്കുന്നത്. ഞാൻ വീണ്ടും പറയട്ടെ! പടിഞ്ഞാറോട്ടടിക്കുന്ന ആ കുളിർ കാററിലെ ചില മർമ്മരങ്ങൾ എന്റെ ചെവികൾക്ക് പുതിയൊരുൾത്തുടിപ്പേകുകയും, അതെന്റെ മേൽ കൊടികുത്തി വാഴുകയും ചെയ്തിരുന്നു.

തിമിരം ബാധിച്ചിട്ടില്ലെങ്കിലും .... എന്റെ കണ്ണുകളെ എനിക്കു വഞ്ചിക്കേണ്ടി വന്നു.

മിഥ്യേ നിന്റെ മൗലിയിൽ കിടന്നു തുടിക്കുന്ന തങ്കനിറം പൂണ്ട കൊടിക്കൂറനോക്കി പടിഞ്ഞാറോട്ടടിക്കുന്ന ആ കുളിർ കാററിനൊത്തു ഞാൻ തുള്ളുകയായിരുന്നു.

എന്റെ വേരുകളെയും, സംസ്കാരത്തേയും നിർവ്വികാരതയോടുകൂടി വിലക്കു കൊടുക്കുകയായിരുന്നു.

വിലക്കു കൊടുക്കാൻ നിർബ്ബന്ധിതനാവുകയായിരുന്നുവെന്നു പറയുന്നതല്ലേ ശരി! ഇവിടെ ഞാൻ നിസ്സഹായൻ....

ആ പടിഞ്ഞാറോട്ടടിക്കുന്ന കുളിർകാററ് എന്നെത്തന്നെ വിലകെട്ടത്തിരുന്നു. ◯



## മഖ്ബൂൽ അഹമ്മദ് പി.

സദാസമയവും ശബ്ദമുഖരിതമായ ഫാക്ടറി കെട്ടിടം. അതിന്റെ നെറുകെ ഭീമാകാരമായ പുകക്കുഴലുകൾ സദാസമയവും മാനത്തേക്ക് പുകക്കട്ടകൾ തുപ്പുന്നു. കുട്ടി ഓർത്തു, ആ രാക്ഷസന്റെ കൈകളിലേക്കല്ലെ നമ്മുടെ ശാന്തയും സുന്ദരിയുമായ അവൾ ചെന്നുപെടുന്നത്.

# ഹൂറി

**കഥ**

വസ്ത്രം തിരുമ്മുകല്ലിന്മേൽ ഉമ്മ വെക്കുമ്പോൾ അതിൽ നിന്ന് ജലകണങ്ങൾ പെരുന്നാളിന് പൂത്തിരി കത്തിച്ച പോലെ നാലുവശത്തേക്കും ചിന്നിചിതറുന്നു.

കറുത്തിരുണ്ട പാറക്കൂട്ടങ്ങൾ ജിന്നിന്റെ കാർകൂന്തൽ കെട്ടുപിണഞ്ഞു കിടക്കുന്നതുപോലെ അവന് തോന്നി. അതിനെ തലോടിക്കൊണ്ട് ഒഴുകുന്ന പുഴ, സൂര്യന്റെ കിരണങ്ങൾ തട്ടി വെള്ളിയരഞ്ഞാൺ പോലെ തിളങ്ങുകയാണോ? പാറക്കൂട്ടങ്ങളെ ഉരുമ്മി പോകുന്ന സുന്ദരിയായ പുഴ കുറച്ചുകലെയെത്തുമ്പോൾ കൈവഴികളായി തിരിയുന്നു. ആ ഹൂറി മന്ദം മന്ദം നീങ്ങുന്നു. വിശാലമായ നെൽപ്പാടം അതിൽ കതിർമണികളെ വഹിച്ചുകൊണ്ട് നിൽക്കുന്ന നെൽച്ചെടികൾ പച്ചപിടിച്ച നെൽച്ചെടികൾ വേനൽക്കാലത്ത് ദാഹിച്ചുവലയുമ്പോൾ മാലാഖമാരെപ്പോലെ അവൾ ദാഹം തീർത്തുകൊടുക്കുന്നു. മരുഭൂമിയിൽ മരുപ്പച്ച കണ്ടപോലെ നെൽച്ചെടികൾ ആഹ്ളാദംകൊണ്ട് സ്വയംമറന്ന് തുള്ളിക്കളിക്കുന്നു. നെൽച്ചെടികൾ ഓർത്തു. ഈ സുന്ദരി ഇല്ലായിരുന്നെങ്കിൽ മരുഭൂമിയാകുന്ന ഈ വയലിൽ ഒരു തുള്ളിവെള്ളം കിട്ടാതെ വരണ്ട് ഉണങ്ങിയേനെ. കർഷകർ ഞങ്ങളെയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഞങ്ങളില്ലെങ്കിൽ അവരുമില്ല. അവൾ ഇല്ലെങ്കിൽ ഞങ്ങളുമില്ല. എന്നിട്ടും യാതൊന്നും അറിയാത്തതുപോലെ അവൾ ഒഴുകുന്നു. അവളുടെ ഒഴുക്കിന്റെ കൂടെ അവന്റെ മനസ്സ് പട്ടണത്തിലേക്ക് തിരിഞ്ഞു. സദാസമയവും ശബ്ദമുഖരിതമായ ഫാക്ടറി കെട്ടിടം അതിന്റെ നെറുകെ ഭീമാകാരമായ പുകക്കുഴലുകൾ സദാസമയവും മാനത്തേക്ക് പുകക്കട്ടകൾ തുപ്പുന്നു. കുട്ടി ഓർത്തു ആ രാക്ഷസന്റെ കൈകളിലേക്കല്ലെ നമ്മുടെ ശാന്തവും സുന്ദരിയുമായ അവൾ ചെന്നുപെട്ടത്. ആ സുന്ദരി വിരൂപയായി മാറുന്നു. ആ രാക്ഷസന്റെ കൈകളിൽ കിടന്നു ഞെരിഞ്ഞമരുന്നു. ഉമ്മ വിളിക്കുന്ന ശബ്ദം കേട്ടാണ് അവൻ ചിന്തയിൽ നിന്നുണർന്നത്. കുട്ടി ഒരിക്കൽ കൂടി പുഴയെ നോക്കി അപ്പോഴേക്കും ഉമ്മ വസ്ത്രങ്ങളെല്ലാം എടുത്ത് നടന്നകന്നിരുന്നു. പാറയിൽ നിന്ന് അവൻ നടന്നു. പുഴ അവന്റെ കണ്ണിൽനിന്നും മറയുന്നതുവരെ അവൻ തിരിഞ്ഞു നോക്കിക്കൊണ്ട് ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടവൻ നടന്നകന്നു. ○

ഹൃദയം വിങ്ങി വിതുമ്പി
അതിന്റെ നനവിലലിഞ്ഞൊരു സ്വപ്നം
മൃത്യുവരിക്കാൻ വെമ്പി,

മൊയ്തീൻകോയ എം. ബി.

# ഇരുൾ

കവിത

മൗനം പേറിയ രാവിൽ
ക്ഷീണം തിങ്ങിയ കണ്ണുകളാലെ
ശരറാന്തൽ മിന്നുന്നേരം,
വിളറിയ കാലുകൾ കൊമ്പിലമർത്തി,
ഏതോ രാക്കിളി കേണു
ഹൃദയം വിങ്ങി വിതുമ്പി,
അതിന്റെ നനവിലലിഞ്ഞൊരു സ്വപ്നം
മൃത്യുവരിക്കാൻ വെമ്പി,
രാക്കിളി മെല്ലെക്കണ്ണുകൾ ചിമ്മി,
പോയദിനങ്ങളെയോർത്തു–
സന്ധ്യ തുടുത്തു മിനുങ്ങുകയായാൽ
മോഹം തിങ്ങുന്നുൾസ്വ മുററ–
ത്താനന്ദത്തിൽ കൊടിയേറും
മത്തു പിടിച്ചും മനസ്സു മറന്നും

മധുവിൽ മുങ്ങിയ യീണത്താലെ
രാവുകൾ പാടിത്തീർക്കും
തളർന്ന കാലുകളിടറി;
മിനുത്ത ചില്ലകൾ പരിഹാസത്താൽ
തലയിൽ നോക്കിക്കൂവി
ദുഃഖം പിടിച്ച മനസ്സിൽ
മോഹം പാറകളായി
പൊള്ളും കനലായ് മാറിയ ഹൃത്തിൽ
ദാഹം വെന്തു മരിച്ചു
പഴകിയ കൂട്ടിൽ പിറകു ടക്കി
രാക്കിളി കയറിയ ുന്നു,
വിജയ ഭേരി മുഴക്കിയ യി ുള്ളിൽ
മൂകം മെല്ലെയലഞ്ഞു ○

ഒടുക്കമൊയിതാ വരുന്നു ഞാനും നിൻ പാതയിൽ
നിൻറ ദു:ഖമാണെൻറ ദു:ഖം
നിൻറ വിഷാദമാണെൻറ വിഷാദം
നിൻറ ഗദ്ഗദമാണെൻറ ഗദ്ഗദം

സുരേഷ്ബാബു എം.

# ഇരുൾപ്പാതയിൽ ഞാനുമെൻ ത്രിസന്ധ്യയും

കവിത

സന്ധ്യ, പ്രിയസന്ധ്യേ....ചിറകു വിടർത്തി
യാടുന്നു. നീയെൻ മനസ്സിൻ വാടിയിൽ
വസന്തത്തെ കുറിച്ചോർത്തു കരയുന്നു, നീ....
പക്ഷം വിരിച്ചുല്ലസിക്കുന്നു, സ്മരണയിൽ
മന്ദഹസിക്കുന്നു ലോലയായ്
കാലത്തിൻ മഴക്കാറു നോക്കി
കൂടുകെട്ടുന്നു വീണ്ടുമെൻ വാടിയിൽ
വർണ്ണം തുടികൊട്ടും നിൻ ചിറകുകൾ നോക്കി
യുണരുന്ന, ഓമ സൂനങ്ങൾ
കൊഴിയാതെ, ഒളിമങ്ങാതെ
കാത്തു സൂക്ഷിക്കുന്നു നീയെന്നെ
യാനന്ദ ചിത്തനാക്കുന്നിരുട്ടിൻ
ലാളനം കൊള്ളിക്കാതെ
അലതല്ലുമാഴിതന്നന്ത്യ സീമയിൽ
മുത്തുകൾ തേടി പറക്കുമെൻ കിനാവുകൾ
കറുക്കാതെ, വഴി തെറ്റാതെ
യാത്ര പോവുന്നു നിത്യവും, നിൻറ
നിത്യ ജ്വാലയിൽ നിത്യ തേജസ്സിൽ
നിശൂന്യമാം ദൂരപഥങ്ങളിൽ.
പാളിപ്പോകും മമ സങ്കൽപ്പങ്ങൾക്ക്
ശക്തി യേകുന്നു നീ യപാരമാം
തത്വ ശാസ്ത്രാ മൃതം പകരുന്നു
കാതിൻ മന്ത്രിക്കുന്നു ശ്ലോകങ്ങൾ
കരയുമ്പോൾ വേദന മറയ്ക്കുവാൻ
മായിക നർത്തനമാടുന്നു നീ, യെനിക്കായ് ലോക
സംഗീതം പൊഴിക്കുന്നു, ചെഞ്ചോര
രേണുക്കളെണിയിക്കുന്നു നിത്യവും
എങ്കിലും.... എങ്കിലുമെൻ പ്രിയ സന്ധ്യേ....
കാണുന്നു ഞാനിന്നു നിന്നെ, യർത്ഥ
ശൂന്യമാമേതോ ശ്രുതിതന്നർത്ഥവും തേടി
ചക്രവാളങ്ങളിൽ വ്യഥാവിലലയും
കാലത്തിൻറ ഏതോ കറുത്ത സൃഷ്ടിയായിപ്പോൾ
എന്തിനായ് പറയുന്നു ഞാനെൻ പ്രിയ സന്ധ്യേ
പടരുന്നു നിൻറ നിലമിഴികളിൽ
വിഷാദത്തിൻ ചുവന്ന ബിന്ദുക്കളും
ദു:ഖ ബാഷ്പങ്ങളും....
നഷ്ടബോധത്താലലയും മുകിലിനെ
നോക്കിയന്ധാളിപ്പതും വൻ
മലതൻ നിഴലു കണ്ടുഴലുന്നതും
ആയിരം ചെറു മർത്ത്യനെ നോക്കി കരയുന്നതും
കാണുന്നു ഞാനെൻ പ്രിയസന്ധ്യേ...
പ്രായശ്ചിത്തമായെന്തു ചെയ്യേണ്ടു ഞാൻ...
ഒടുക്കമൊയിതാ വരുന്നു ഞാനും നിൻ പാതയിൽ
നിൻറ ദു:ഖമാണെൻറ ദു:ഖം
നിൻറ വിഷാദമാണെൻറ വിഷാദം
നിൻറ ഗദ്ഗദമാണെൻറ ഗദ്ഗദം

ഇസ്‌ലാം ഒരു വിമോചന പ്രസ്ഥാനമാണ്. അസ്വാതന്ത്ര്യത്തിന്റെയും അടിമത്തത്തിന്റെയും ഊരാക്കുരുക്കുകളിൽനിന്നും മനുഷ്യനെ കെട്ടഴിച്ചുവിട്ട ജീവിതവ്യവസ്ഥ! തന്നെ ചൂഴ്ന്നു നിൽക്കുന്ന പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നിരീക്ഷണം നടത്താൻ ഉൽബോധിപ്പിച്ചു കൊണ്ടുള്ള ''ശാസ്ത്രീയമതം''.

**ലത്തീഫ് ടി. കെ. എ.**

# ഇസ്ലാം ഒരു സമ്പൂർണ്ണ ജീവിതവ്യവസ്ഥ

**ലേഖനം**

പ്രകൃതിയെ കീഴടക്കാനുള്ള മഹത്തായ സംരംഭത്തിന്റെ ആദ്യത്തെ വിജയത്തെ സൂചിപ്പിക്കുന്നതായിരുന്നു പ്രാകൃത കൃഷിയായുധങ്ങളുടെ കണ്ടുപിടുത്തം. നവീന ശിലായുഗത്തിൽ തുടങ്ങി ഈ സംരംഭം പതിനെട്ടാം നൂററാണ്ടായപ്പോഴേക്കും വ്യാവസായിക വിപ്ലവത്തിന് കളമൊരുക്കി. ശബ്ദത്തേക്കാളും വേഗത്തിൽ പാറക്കാനുള്ള ചിറകുകൾ അവൻ കണ്ടെത്തി. സങ്കീർണ്ണങ്ങളായ ജോലികൾ ചെയ്തു തീർക്കാൻ യന്ത്രത്തലച്ചോറ് നിർമ്മിച്ചു അവസാനം ഒരു ചരട് വലിച്ചാൽ ഭൂലോകത്തെ ചരാചരങ്ങളെയൊക്കെയും ചാരമാക്കാൻ കെൽപ്പ് നേടിയിരിക്കുന്നു ശാസ്ത്രം.

മാനവചരിത്രത്തോളം പഴക്കമുള്ള ഒരു പ്രാസ്ഥാനമാണ് 'മതം'. നദീതട സംസ്കാരങ്ങളിലെ മതത്തിന്റെ പങ്ക് അത്ഭുതകരമാണ്. ചങ്ങലകൾ പൊട്ടിച്ചെറിയാൻ മതം സഹായിച്ചിട്ടുണ്ട്. അന്ധമായ മത വിശ്വാസം മനുഷ്യനെ അപകടപ്പെടുത്തിയ ചരിത്രവും വിരളമല്ല.

ശാസ്ത്രമതസിദ്ധാന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മനുഷ്യന്റെ പരാജയമാണ് ശാസ്ത്രവും മതവും സൃഷ്ടിക്കുന്ന വിനാശങ്ങൾക്ക് മുഖ്യകാരണം. റോജർ ബേയ്ക്കൺ ഒരിക്കൽ പറയുകയുണ്ടായി— ''ശാസ്ത്രത്തെക്കുറിച്ചുള്ള അൽപജ്ഞാനം മനുഷ്യനെ നിരീശ്വരവാദിയാക്കിയേക്കാം. പക്ഷേ അഗാധമായി ചിന്തിക്കുമ്പോൾ അവൻ തികഞ്ഞ ഈശ്വര വിശ്വാസിയായി മടങ്ങും''.

ഒരു പുൽക്കൊടിത്തുമ്പിലെ തുഷാരബിന്ദുക്കൾ കണ്ട് ദുഃഖിക്കുന്നൊരു ഹൃദയം മനുഷ്യനുണ്ടായിരുന്നു. പക്ഷെ കാലാന്തരത്തിൽ അത്, സ്വസഹോദരന്റെ തല വെട്ടി വീഴ്ത്തുന്നതും അററുവീണ ശിരസ്സിൽ നിന്നും വാർന്നൊഴുകുന്ന രക്തം കണ്ടാനന്ദിക്കുന്നതുമായിരിക്കുന്നു. ഇത്തരം ആധുനികയുടെയും അരാജകത്വത്തിന്റെയും പിടിയിൽ മാനവനെ രക്ഷിക്കുവാൻ ഒരു സമ്പൂർണ്ണ ജീവിതവ്യവസ്ഥയ്ക്കല്ലാതെ കഴിയുകയില്ല. അതേ തരത്തിൽ മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ വിജയം സമന്വയിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥയാണ് ''ഇസ്‌ലാം''.

ഇസ്‌ലാം ഒരു വിമോചന പ്രസ്ഥാനമാണ്. അസ്വാതന്ത്ര്യത്തിന്റെയും അടിമത്വത്തിന്റെയും ഊരാക്കുരുക്കുകളിൽനിന്നും മനുഷ്യനെ കെട്ടഴിച്ചുവിട്ട ജീവിതവ്യവസ്ഥ! തന്നെ ചൂഴ്ന്നുനിൽക്കുന്ന പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നിരീക്ഷണം നടത്താൻ ഉൽബോധിപ്പിച്ചുകൊണ്ടുള്ള ''ശാസ്ത്രീയമതം''

ഇസ്‌ലാം മർദ്ദിതരുടെ പ്രത്യയശാസ്ത്രമാണ്. അശരണരുടെ അഭയകേന്ദ്രമാണ്.

അപ്രായോഗികമായ ഒരു സിദ്ധാന്തം വെറുതെയങ്ങവതരിപ്പിച്ചിട്ടു കാര്യമില്ല. അത് ജനോപകാരപ്രദമായി നടപ്പിൽ വരുത്തുക എന്നതാണ് പ്രധാനം. അതാണിവിടെ ഇസ്‌ലാം ചെയ്യുകയുണ്ടായത്. ഒരു സാധാരണക്കാരനെയും, പടയാളിയേയും, ഭരണാധികാരിയെയുമെല്ലാം അന്ത്യപ്രവാചകനിൽ കാണാൻ കഴിയുന്നതാണ്. കൊട്ടാരങ്ങളും ഗോപുരങ്ങളുമില്ലാതെ ഒരു സാധാരണ ജീവിതത്തിലൂടെ സുശക്തമായ ഒരു ഭരണം കാഴ്ചവെക്കാൻ ഖലീഫാഉമറിന്ന് കഴിഞ്ഞു. ഉമറുബിനു അബ്ദുൽ അസീസിന്റെ കാലത്ത് സക്കാത്ത് (ദാനധർമ്മം) സ്വീകരിക്കാൻ ആളില്ലാത്തവിധം രാജ്യം സമൃദ്ധിയുടെ ഉച്ചകോടിയിലെത്തി.

പ്രായോഗിക പരിവർത്തനത്തിനനുയോജ്യമായ സാമൂഹ്യ സാമ്പത്തിക ഉന്നമനങ്ങൾക്ക് സഹായകമായ ധാർമ്മിക മൂല്യങ്ങളിലടിത്തറ പണിത ഒരു സമ്പൂർണ്ണ ജീവിതവ്യവസ്ഥയത്രെ ഇസ്‌ലാം. അതെ, പ്രാവർത്തികമാക്കുന്ന ശ്രമത്തെ ആശ്രയിച്ചിരിക്കുന്ന മഹത്തായ ആ ആശയ സമ്പന്നതയുടെ വിജയം.

○



ശിക്ഷാമുറകൾ നടപ്പാക്കുക എന്നത് ഇസ്‌ലാമിന്റെ ലക്ഷ്യമല്ല. ജനങ്ങൾ തെറ്റുകളിൽനിന്ന് അകന്ന് സത്യവിശ്വാസികളും സൽകർമ്മകാരികളുമായി ജീവിക്കുക എന്നതാണതിന്റെ പരമമായ ലക്ഷ്യം. ഉൽബോധനങ്ങൾ കൊണ്ട് മാത്രം ജനങ്ങൾ തെറ്റിൽനിന്നകലുന്നില്ല. ശിക്ഷാമുറകൾകൂടി അതിനാവശ്യമാണ്.

ഇസ്‌മായിൽ എൻ. വി.

ലേഖനം

# ഇസ്ലാമിലെ ശിക്ഷാമുറകൾ കുപ്രചരണങ്ങൾക്കു മദ്ധ്യേ

ഇസ്ലാമിലെ ശിക്ഷാവിധികൾ ദൈവികമാണ്. അതിനാൽ തന്നെ അവ അന്യൂനവുമത്രെ. ഇസ്ലാമിലെ ശിക്ഷാരീതികൾ ഇന്ന് അത്യധികം വിമർശിക്കപ്പെടുന്നുണ്ട്. ഇസ്‌ലാമിനെ വികലവും വികൃതവുമാക്കി കാണിക്കാനുള്ള പാശ്ചാത്യരും സിയോണിസ്റ്റുകളുമാണ് ഇതിന് പിന്നിലുള്ളത്. ഇസ്‌ലാമിക നിയമങ്ങൾ കാടൻ നിയമങ്ങളാണെന്നും, അത് ആധുനിക കാലഘട്ടത്തിന്നനുയോജ്യമല്ലെന്നും അവർ ജൽപിക്കുന്നു. കൈവെട്ടലും ചാട്ടവാറടിയും എറിഞ്ഞു കൊല്ലലും മറ്റും അവർ കാരുണ്യരഹിതവും മനുഷ്യത്വഹീനവുമായി ലോക സമക്ഷം അവതരിപ്പിക്കുന്നു.

ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഈ വാദഗതികൾ ഇസ്‌ലാമിനെക്കുറിച്ച് ശരിക്കു മനസ്സിലാക്കിയിട്ടില്ലാത്ത മുസ്‌ലിംകളും ഉരുവിടാറുണ്ട്. ദൈവികനിയമങ്ങളുടെ രഹസ്യങ്ങളിലേക്കെത്തിനോക്കാത്തവരാണവർ. യൂറോപ്പിലും ആധുനികയൂറോപ്യരിലുമാണവർ സ്വർഗ്ഗം കാണുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ യൂറോപ്പിലുണ്ടായിരുന്ന ശിക്ഷാരീതികൾ ഇസ്‌ലാമിന്റേതായി ഒത്തുനോക്കി ഏതിനാണ് ജീവകാരുണ്യം കൂടുതലുള്ളത് എന്ന് നോക്കാവുന്നതാണ്. അന്ന് യൂറോപ്പിൽ ക്രൂരവും നിന്ദ്യവും വന്യവുമായ നിയമങ്ങളായിരുന്നു ഉണ്ടായിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യംവരെ വൻ പാപങ്ങളല്ലാത്ത നൂറ്റമ്പ[illegible] കുറ്റങ്ങളിലൊന്ന് ചെയ്താൽ തന്നെ ഒരുവൻ വധശിക്ഷക്കർഹനാകുമായിരുന്നു. ഉദാഹരണമായി ഒരു ഷില്ലിങ്ങ് മോഷ്ടിച്ചവന്ന് വധശിക്ഷയായിരുന്നു ലഭിച്ചിരുന്നത്.

ഫ്രാൻസിലെയും സ്ഥിതി ഇതിൽനിന്ന് വ്യത്യസ്തമായിരുന്നില്ല. അവിടെ നൂറ്റിപതിനഞ്ച് കുറ്റങ്ങളിൽ ഒന്നു ചെയ്താൽ ജീവിക്കാനുള്ള അർഹത നഷ്ടപ്പെടുമായിരുന്നു. ജീവിക്കുന്നവരെ കൂടാതെ മരിച്ചവരെയും മൃഗങ്ങളെയും അചേതനവസ്തുക്കളെപ്പോലും അഗ്നിയിൽ ദഹിപ്പിക്കുകയോ അംഗച്ഛേദം ചെയ്യുകയോ ചെയ്യുന്ന വിചിത്രമായ ശിക്ഷാരീതിയാണവിടെയുണ്ടായിരുന്നതെന്നു കാണാം. ജീവനോടെ ദഹിപ്പിക്കുക, അധരം, നാവ്, കർണ്ണങ്ങൾ, തുടങ്ങിയ അവയവങ്ങൾ ഛേദി[illegible] തുടങ്ങിയവ ചില ശിക്ഷാമുറകളായിരുന്നു. സോവി[illegible]റ്റ് റഷ്യയിൽ അടുത്ത കാലത്ത് കളവ് നടത്തിയതിന് [illegible]ടിവച്ച് കൊന്നിട്ടു പോലുമുണ്ട്.

ഇസ്‌ലാം ഇത്തരം ക്രൂരമായ ശിക്ഷാരീതികൾ പ്രതിയോഗികളോട് പോലും പ്രയോഗിച്ചിട്ടില്ല. പ്രത്യുത ഇസ്‌ലാമിക നിയമം അവയെ നിരോധിക്കുകയാണ് ചെയ്തത്. ഇസ്‌ലാമിക ശിക്ഷാമുറകൾ ക്രൂരതയുടെ പ്രതീകമല്ല. വൈയക്തിക സാമൂഹ്യ സംസ്കരണത്തിനും അതുവഴി സാമൂഹ്യ നന്മക്കും വേണ്ടിയുള്ളവയാണവ. ശിക്ഷാമുറകൾ നടപ്പിലാക്കുന്നവന് പിതാവ് മകന് ശിക്ഷണം നൽകുമ്പോഴുള്ള പിതൃവാത്സല്യവും, ഡോക്ടർക്ക് രോഗിയോടുള്ള കാരുണ്യവും മനസ്സിൽ ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണെന്ന് പ്രസിദ്ധ മുസ്‌ലിം പരിഷ്കർത്താവായ ഇബ്‌നുകീമിയ നിഷ്കർഷിക്കുന്നു.

ഇസ്‌ലാമികശിക്ഷാവിധികൾ ശക്തവും വ്യക്തവും സൂക്ഷ്മവുമായ നിരീക്ഷണങ്ങൾക്ക് ശേഷമേ നടപ്പാക്കാവൂ. എന്ന് മതം ആജ്ഞാപിക്കുന്നുണ്ട്. ഒരു വ്യക്തി കളവു നടത്തിയതു കൊണ്ട് മാത്രം അവന്റെ കരം ഛേദിക്കപ്പെടുന്നില്ല. കളവ് നടത്തിയ സാഹചര്യം, അവന്റെ മാനസികവും ബുദ്ധിപരവും സാമ്പത്തികവുമായ അവസ്ഥ എന്നിവ വ്യക്തമായ നിരീക്ഷണത്തിന് വിധേയമാകുന്നു. വിശപ്പ് കൊണ്ടാണവൻ കളവ് നടത്തിയതെങ്കിൽ ശിക്ഷ നടപ്പാക്കപ്പെടുകയില്ല. സംശയാസ്പദമായ അവസ്ഥയിലും അവൻ ശിക്ഷിക്കപ്പെടുകയില്ല. 'ചാമ്പൽ വർഷം' എന്ന് അറബികൾ നാമകരണം ചെയ്യപ്പെട്ട മദീനയിൽ ക്ഷാമം പിടിപെട്ട വർഷത്തിൽ ഉമർ (റ) കളവ് നടത്തിയ ആരുടെ കരവും ഛേദിച്ചിരുന്നില്ല. കടുത്ത ജീവിത പ്രശ്നങ്ങളാൽ നിർബ്ബന്ധിതനായി കളവ് നടത്തിയാൽ അവൻ ശിക്ഷക്ക് വിധേയനായിരുന്നില്ല. വ്യഭിചാരക്കുറ്റത്തിന് കുറ്റം ചെയ്തവർ സ്വയം സമ്മതിച്ചുകിട്ടിയാലേ ശിക്ഷ നടപ്പാക്കാൻ പാടുള്ളൂ. എങ്കിൽ തന്നെ അവർക്ക് വിട്ടുവീഴ്ച നൽകേണ്ടതുണ്ട്. പ്രവാചകന്റെ അടുക്കൽ താൻ പാപം ചെയ്തിട്ടുണ്ട്. തന്നെ ശുദ്ധീകരിക്കണമെന്നു പറഞ്ഞു വന്ന മാഇസിനെ തിരുമേനി മടക്കിയയച്ചു. രണ്ടാം തവണയും വന്ന അദ്ദേഹത്തെ വീണ്ടും നബി മടക്കിയയച്ചു. അദ്ദേഹത്തിന് ബുദ്ധിഭ്രമം സംഭവിച്ചിട്ടുണ്ടോ എന്ന് പ്രവാചകൻ അന്വേഷിച്ചു. ബുദ്ധിക്ക് ഒന്നും സംഭവിച്ചിട്ടില്ലെന്ന് പ്രവാചകന് വ്യക്തമാവുകയും നാലാമതും തന്നെ ശുദ്ധീകരിക്കണമെന്ന് മാഇസ് (റ) അപേക്ഷിച്ചു വരികയും ചെയ്തപ്പോഴാണ് അദ്ദേഹത്തിന്റെമേൽ ശിക്ഷ നടപ്പാക്കിയത്. താൻ ചെയ്ത തെറ്റിന് പരലോകത്ത് ദൈവത്തിന്റെ മുമ്പിൽ ഉത്തരം

പറയുന്നതിനേക്കാൾ ഉത്തമം അതിനുള്ള ശിക്ഷ ഇഹലോകത്തു് നിന്നു് തന്നെ അനുഭവിക്കുകയാണെന്ന പരലോകഭയത്തിലധിഷ്ഠിതമായ വിശ്വാസ ദാർഢ്യതയാണ് അദ്ദേഹത്തെ അതിനു് പ്രേരിപ്പിച്ചതു്.

ശിക്ഷാ മുറകൾ നടപ്പാക്കുക എന്നതു് ഇസ്ലാമിന്റെ ലക്ഷ്യമല്ല. ജനങ്ങളെ തെറ്റുകളിൽ നിന്നു് അകറ്റി സത്യവിശ്വാസികളും സൽകർമ്മകാരികളുമായി ജീവിക്കുക എന്നതാണതിന്റെ പരമമായ ലക്ഷ്യം. ഉൽബോധനങ്ങൾ കൊണ്ട് മാത്രം ജനങ്ങൾ തെറ്റിൽ നിന്നകലുന്നില്ല. ശിക്ഷാമുറകൾ കൂടി അതിനാവശ്യമാണ്. ഇസ്ലാമിക ശിക്ഷാമുറയെ വികലമാക്കിക്കാണിക്കുന്ന അത്യന്താധുനികർ ഈ നിയമങ്ങൾ നിലനിന്ന പൂർവ്വിക മുസ്ലിം സമൂഹത്തിൽ ദീർഘമായ രണ്ടു നൂറ്റാണ്ടു കാലഘട്ടത്തിൽ ആറു് കൈകൾ മാത്രമേ ഛേദിക്കേണ്ടതായി വന്നുള്ളു എന്ന ചരിത്രസത്യത്തെക്കുറിച്ച് സഗൗരവം ചിന്തിക്കേണ്ടിയിരിക്കുന്നു. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾകൊണ്ടു് പൊറുതിമുട്ടിയ മനുഷ്യജീവിതത്തിനു് ആശ്വാസം പകരാൻ കുറ്റകൃത്യങ്ങളോടുള്ള ഇസ്ലാമിക വീക്ഷണത്തിനല്ലേ യഥാർത്ഥത്തിൽ സാധിക്കുകയുള്ളു. നിഷ്പക്ഷമായി ചിന്തിച്ചാലും.

കൊന്നവനെ കൊല്ലുകയോ മാപ്പുകൊടുക്കുകയോ പ്രായശ്ചിത്തം സ്വീകരിക്കുകയോ ചെയ്യാനുള്ള അവകാശം ഇസ്ലാം നല്കിയതു് കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾക്കാണ്. ഇത്ര നീതിയുക്തമായ ഒരു വ്യവസ്ഥ മറ്റെവിടെയാണ് കാണാൻ സാധിക്കുക. കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ കൊലപാതകിക്ക് മാപ്പു കൊടുത്താൽ അത് ഏറ്റവും വലിയ പുണ്യമാണെന്നു് ഇസ്ലാം പഠിപ്പിക്കുന്നു. നബി തിരുമേനി (സ) യെ പല വിധത്തിൽ ദ്രോഹിക്കുകയും അവസാനം തിരുമേനിയെ കൊല്ലാൻ തീരുമാനിക്കുകയും ചെയ്ത ശത്രുക്കൾ മക്കാ വിജയാവസരത്തിൽ വിജയിയായ പ്രവാചക പുംഗവന്റെ മുമ്പിൽ ആയുധം വെച്ച് കീഴടങ്ങുകയുണ്ടായി. പ്രവാചകന് അപ്പോൾ അവരോട് എന്തു പ്രതികാരം ചെയ്യാനും സാധിക്കുമായിരുന്നു, എന്നാൽ അദ്ദേഹം അവർക്ക് പൊതുമാപ്പ് നല്കുകയാണുണ്ടായത്. ഇതിനു് തുല്യമായ ഒരു സംഭവം തേടിയിട്ട് നോക്കിയാലും ചരിത്രത്തിൽ കാണുക സാധ്യമല്ലതന്നെ.

ആകാശ ഗോളങ്ങളിൽ ആധിപത്യം സ്ഥാപിക്കാൻ വെമ്പുന്ന ആധുനിക മനുഷ്യൻ ശാസ്ത്രീയ നേട്ടങ്ങൾ പലതും കൈവരിച്ചിട്ടുണ്ടെങ്കിലും ധാർമ്മികമായി പിന്നോട്ടാണ് ഗമിക്കുന്നതു്. പാശ്ചാത്യ നാടുകളിലും നമ്മുടെ ഇന്ത്യയടങ്ങുന്ന പൗരസ്ത്യ രാജ്യങ്ങളിലും കളവു്, ബലാൽസംഗം തുടങ്ങിയവ ദിനം പ്രതി സംഭ്രമജനകമാം വണ്ണം വർദ്ധിച്ചുവരുമ്പോൾ ഇസ്ലാമിക നിയമം പ്രാബല്യത്തിലുള്ള സഊദി അറേബ്യയിൽ ഇത്തരം കുറ്റകൃത്യങ്ങൾ അത്ഭുതകരമാം വിധം കുറവായി കാണാം.

ഇസ്ലാം ആദ്യമായി ചെയ്തത് കുറ്റത്തിന് പ്രേരിപ്പിക്കുന്ന സാഹചര്യങ്ങളുടെ ജാലകങ്ങളെല്ലാം കൊട്ടിയടക്കുകയാണ്. പിന്നീടാണ് ശിക്ഷാമുറകൾ നടപ്പാക്കിയത്. ഈ ശിക്ഷാമുറകളെ അപലപിക്കുന്നവർ ലോകത്ത് ശാന്തിയും സമാധാനവും നിലനിൽക്കുന്നതിൽ ഭീതിയുള്ളവരാണ്. ലോകത്ത് അരാജകത്വമുണ്ടാകാൻ അതിയായി ആഗ്രഹിക്കുന്ന സാഡിസ്റ്റുകളാണവർ!

"ഇന്ത്യക്കാരൻ അസ്വതന്ത്രനാണ്. ബുദ്ധിപരമായ അടിമത്തം, സാമ്പത്തികമായ അടിമത്തം, ഛേ....ഛേ. എല്ലായിടത്തും അടിമത്തം. ഐ ഫീൽ ഡിസ്ഗസ്റ്റഡ് റ്റുബീ കോൾഡ് എൻ ഇൻഡ്യൻ....ഹോ, എന്താ അങ്ങിനെയല്ലേ?"

**കെ. എം. നരേന്ദ്രൻ**

# കർമ്മഗീത

**കഥ**

നഗരത്തിൽ, ഞങ്ങൾ ബുദ്ധിജീവികൾ ഒത്തുകൂടുകയും തർക്കിക്കുകയും ചായ കുടിക്കുകയും ചെയ്യാറുള്ള ഇന്ത്യൻ കോഫിഹൗസിന്റെ ഓപ്പൺ-എയർ റെസ്റ്റോറന്റിൽ ഒരൊഴിഞ്ഞ മേശക്കുചുററും ഞങ്ങളിരുന്നു. മനോജും, ശ്രീകുമാറും ഞാനുമടങ്ങുന്ന യുവസത്യാന്വേഷണസംഘം.

ഇരുന്ന ഉടനെ ഓരോരുത്തരും മുകളിലേക്കു് അർത്ഥശൂന്യമായൊന്നു് നോക്കി. പിന്നെ വലിയവലിയ ചിന്തകൾ മനസ്സിനെ നിരന്തരം വേട്ടയാടുന്നുവെന്ന് വരുത്തിത്തീർക്കാൻ പരസ്പരം ഇമവെട്ടാതെ തുറിച്ചുനോക്കി. എല്ലാം സാധാരണ ചെയ്യാറുള്ളതുപോലെ.

കാവിനിറത്തിലുള്ള ജുബ്ബയും, മുണ്ടും ധരിച്ചുകൊണ്ട്, താൻ വസ്ത്രധാരണത്തിൽ അലസനായ 'റ്റിപ്പിക്കൽ' ബുദ്ധിജീവിയാണെന്ന് വരുത്താൻ മനോജ് ശ്രമിച്ചപ്പോൾ, തടിച്ചഫ്രെയിമുള്ള കണ്ണടയും, താടിയും ഫിററുചെയ്ത് താൻ ഡി. എഛ്. ലോറൻസിന്റെയോ ഫ്രോയിഡിന്റെയോ കുടുംബത്തിൽ പിറന്നവനാണെന്ന് വരുത്തിത്തീർക്കാൻ ശ്രീകുമാറും ശ്രമിച്ചു. എനിക്കിതൊന്നുമില്ല. എന്നാലും ഞാനവരെ മലർത്തിയടിച്ചു. – ശ്രീശങ്കരന്റെ 'വിവേകചൂഡാമണി'യും, സ്പെൻററുടെ കവിതാസമാഹാരവും, ഹാമർഷോൾഡിന്റെ 'മാർക്കിങ്സും' പ്രദർശിപ്പിച്ചുകൊണ്ട്, ശീട്ടുകളിയിൽ ട്രിപ്ൾ എയ്സ് പ്രദർശിപ്പിക്കുന്നപോലെ.

ഈ മൂന്നു പുസ്തകങ്ങൾ തമ്മിലുള്ള ബന്ധമറിയാതെ ഉഴലുകയും ഒട്ടക്കണ്ണിട്ട് പരസ്പരം നോക്കുകയും ചെയ്യുന്ന ശ്രീകുമാറിനെയും മനോജിനെയും ഞാൻ ശ്രദ്ധിച്ചു. അവരുടെ അമ്പരപ്പ് എന്നിലെ ബുദ്ധിജീവിക്ക് സായൂജ്യം നല്കുന്നു.

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം ശ്രീകുമാറാണ് തുടങ്ങിയത്.

"നമ്മുടെ മേനനെ കണ്ടിട്ട് രണ്ടുദിവസമായല്ലോ എന്തുപററി"

ഞങ്ങൾ മേനൻ എന്നുവിളിക്കുന്ന വി. ആർ. മേനോനാണ് ഞങ്ങളുടെ ഗുരു. അന്താരാഷ്ട്ര ബുദ്ധിജീവി. ഞങ്ങളുടെ സംഭാഷണത്തേയും ചിന്തകളെയും നിയന്ത്രിക്കുന്ന ജീനിയസ്. ദിവസേന വൈകുന്നേരം അദ്ദേഹം ഞങ്ങളുടെ കൂടെയിരുന്ന് ചായ കുടിക്കും. വിജ്ഞാനദാഹികൾ ഞങ്ങൾ, അദ്ദേഹത്തിന്റെ വായിൽനിന്നും വീഴുന്ന വിജ്ഞാനത്തിന്റെ വജ്രാർക്കങ്ങൾ പെറുക്കും. പക്ഷെ രണ്ടുദിവസമായി അദ്ദേഹത്തെ കാണാനില്ല.

വെയ്ററർ വന്നു. ഞങ്ങൾ ചായയ്ക്ക് ഓഡർ ചെയ്തു.

ചായ കൊണ്ടുവരുന്നതു വരെ ഞങ്ങൾ ഓരോന്നു സംസാരിച്ചിരുന്നു. ഏററവും പുതുതായി ഇറങ്ങിയ പുസ്തകങ്ങളെക്കുറിച്ച്, യൂറോപ്പിലെ രാഷ്ട്രീയ കാലാവസ്ഥയെക്കുറിച്ച്

"കാത്തിരുന്നു മുഷിഞ്ഞു, അല്ലേ!" മേനൻ! വെളുത്ത ഖദർ ജുബ്ബയും മുണ്ടുമാണ് വേഷം. തോളിൽ ഒരു സഞ്ചി. വിശാലമായ നെററിത്തടവും, ആഴമുള്ള കണ്ണുകളും അദ്ദേഹത്തിന്റെ ചിന്തകൾ പുറത്തേയ്ക്ക് പ്രസരിപ്പിക്കുന്നുണ്ടോ?

ഞങ്ങൾ മൂവരും അറിയാതെ എഴുന്നേററുപോയി.

"നമസ്കാരം. രണ്ടു ദിവസം.... ?"

"അതെ, ഹ. ഹ. ഹ." ഭൗതികതയിൽനിന്ന് അതിഭൗതികതയിലേക്കും ആത്മീയതയിലേക്കും പടരുന്ന ചിരി. അത് ഞങ്ങളുടെ തലച്ചോറുകളിൽ കാന്തവലയങ്ങൾ സൃഷ്ടിച്ചു.

"ഇരിക്കു." ഇരിക്കുമ്പോൾ ഞങ്ങൾ സ്വയം യന്ത്രമനുഷ്യരാവുകയായിരുന്നു.

വെയ്ററർ വീണ്ടും വന്നു. മേനന്റെ ഓരോ ചലനവും സാകൂതം പഠിക്കുന്ന ഞങ്ങളെക്കണ്ടപ്പോൾ വെയ്ററർ ചിരിച്ചുവെന്നു തോന്നുന്നു. കഴുത. അവനെന്തറിയാം.

മേനൻ ഒരു ഗ്ലാസ് ഹോട്ട്മിൽക്ക് ഓഡർ ചെയ്തുകൊണ്ട് വെറും ചായ കുടിക്കുന്ന ഞങ്ങളേക്കാൾ ഉയർന്ന ചിന്തകൾ തനിക്കുണ്ടെന്ന് തെളിയിച്ചു. വെയ്ററർ പോയി.

"രണ്ടു ദിവസം കണ്ടില്ല, അല്ലേ?"

............? ! ? ............

അദ്ദേഹം ഞങ്ങളെ ഓരോരുത്തരെയും മാറി മാറി നോക്കി. മന്ദബുദ്ധികളെപ്പോലെ ഞങ്ങളിരുന്നു. ക്രമേണ ആ ദൃഷ്ടികളുടെ ഗൗരവം വർദ്ധിച്ചുവന്നു. പർവ്വതാരോഹണം പോലെയുള്ള ഒരനുഭവം. ചുററുമുള്ള വായുമർദ്ദം കുറഞ്ഞുതുടങ്ങി. ഞങ്ങൾക്കു് ശ്വാസം മുട്ടുന്നതുപോലെ.

ദൃഷ്ടികളുടെ ഗൗരവം പിന്നെയും വർദ്ധിക്കുകയാണ്. ഒടുക്കം... പ്രപഞ്ചാവബോധത്തിൽ നിറഞ്ഞു നില്ക്കുന്ന ദാർശനികമൗനത്തിന്റെ 1 ഉത്തുംഗാവസ്ഥയിൽ. അവിടെ. ആ പർവ്വതത്തിന്റെ ഏററവും മുകളിൽ ജ്വലിക്കുന്ന കണ്ണുകളുമായി മോസസ്സിനെപ്പോലെ അദ്ദേഹം. അല്പം താഴേ ശ്വാസം മുട്ടിച്ചാവാറായ ഞങ്ങളും.

അവസാനം ആ മൗനപർവ്വതത്തിന്റെ മുകളിൽ നിന്ന് വചനമുണ്ടായി.

"കുട്ടികളെ, ഇന്ത്യൻ ജനതയുടെ വിമോചനത്തെപ്പററി നിങ്ങൾ എന്നെങ്കിലും ചിന്തിച്ചിട്ടുണ്ടോ?"

ഞങ്ങൾ മിണ്ടിയില്ല. യാഥാർത്ഥ്യത്തിന്റെ താഴ്വരയിലെത്തിയ ഞങ്ങൾ കിതയ്ക്കുകയായിരുന്നു.


''പോട്ടെ, സ്വാതന്ത്ര്യം 2 എന്ന കോൺസപ്റ്റിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടോ?''

''ഇ.... ഇല്ല'' ഞങ്ങളിലാരുടേയോ പതറിയ ശബ്ദം.

''സാരമില്ല, നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.''

വെയ്റ്റർ വന്ന് ഹോട്ട്മിൽക്ക് മേനന്റെ മുമ്പിൽ വെച്ചു. കുറച്ചുനേരത്തെ ഇടവേള. ഈ സമയം പാഴാക്കാതെ ഞങ്ങൾ ഒരോ ഇറക്ക് ചായകുടിച്ചു. ഹോട്ട്മിൽക്ക് രണ്ടിറക്ക് നുണഞ്ഞ ശേഷം മേനൻ തുടർന്നു

''ഇന്ത്യക്കാരൻ അസ്വതന്ത്രനാണ്. ബുദ്ധിപരമായ അടിമത്തം, സാമ്പത്തികമായ അടിമത്തം, _ ഛേ ....ഛേ. എല്ലായിടത്തും അടിമത്തം. ഐ ഫീൽ ഡിസ്ഗസ്റ്റഡ് റ്റു ബീ കോംഡ് എൻ ഇൻഡ്യൻ ... ഹോ, എന്താ അങ്ങിനെയല്ലെ?'' മേനൻ ഞങ്ങളുടെ മുഖത്തേക്കു നോക്കി.



''അതേ ...'' പറഞ്ഞത് ഞാനാണെന്ന് തോന്നുന്നു.

''ഗുഡ്. പക്ഷെ, ഈ അടിമത്വത്തിൽനിന്നു നാടിനെ മോചിപ്പിക്കണം. ഞാൻ രണ്ടുദിവസം അതിനെക്കുറിച്ച് ചിന്തിച്ചു. ആ ചിന്തയുടെ അഗാധതയിലെവിടെവെച്ചോ എനിക്കു ലഭിച്ച ഇൻറ്റ്യൂഷൻ അതിന്റെ ഉത്തരമായിരുന്നു. അതേ, അസ്വാതന്ത്ര്യത്തിന്റെ കാരണം ഞാൻ കണ്ടുപിടിച്ചിരുന്നു.''

ഞങ്ങൾ മുഖത്തോടുമുഖം നോക്കി. മേനന്റെ വാക്കുകളുടെ മാനങ്ങൾ അളക്കാൻ വയ്യാതെ ഞങ്ങൾ തളർന്നിരുന്നു.

ഹോട്ട്മിൽക്ക് രണ്ടിറക്കുകൂടി കുടിച്ചുകൊണ്ട് മേനൻ തുടർന്നു.

''വ്യവസ്ഥിതിയുടെ തകരാറല്ല അതിനു കാരണം. മറിച്ച് ബുദ്ധിജീവികൾ വ്യവസ്ഥിതിയെ നിയന്ത്രിക്കാത്തതാണ്. ഇപ്പോഴത്തെ ബുദ്ധിജീവികൾ ദന്തഗോപുരത്തിലേക്കു 3 മടങ്ങുകയാണ് അല്ലേ!''

''അതേ, അതേ'' ഞങ്ങൾ ആവേശഭരിതരാവുകയായിരുന്നു.

''അതു പാടില്ല. ഗാന്ധിജി എന്ന ബുദ്ധിജീവിയുടെ നേതൃത്വം ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കുന്നതിന് കാരണമായി. ഇതുപോലെ, ...

മേനൻ മുഴമിച്ചില്ല. ഞങ്ങൾ വിളിച്ചുപറഞ്ഞു. ''അതേ അതാണ് ഞങ്ങൾക്കും വേണ്ടത്. ബുദ്ധിജീവികൾ കർമ്മരംഗത്തേക്കിറങ്ങണം.''

വീണ്ടും മേനൻ– ''ഇന്ത്യയെന്നല്ല, ലോകചരിത്രം മുഴുവൻ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും, ബുദ്ധിജീവികൾക്കേ ഇവിടെ സാരഥ്യ ....''

''അതേ, റൂസ്സോയും ഫ്രഞ്ചുവിപ്ലവവും'' ഞാൻ

''റോൾസ്റ്റോയിയും റഷ്യൻ വിപ്ലവവും'' ശ്രീകുമാർ

''നാളെ മേനനും ഇന്ത്യൻ വിപ്ലവവും!'' മനോജിന്റെ ഡയലോഗ് ഞങ്ങളെ വീഴ്ത്തി.

മേനൻ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു.

''ഹ. ഹ ഞാൻ തീരുമാനിച്ചുകഴിഞ്ഞു. എനിക്കെന്റെ സിദ്ധാന്തം ശരിയാണെന്ന് ലോകത്തിനു തെളിയിച്ചു കൊടുക്കണം. അതിന് നിങ്ങളുടെ ചില ഹെൽപ്പും വേണ്ടി വരും''

''തീർച്ചയായും. ഞങ്ങൾ മേനന്റെ പിന്നിലുണ്ടാവും'' ആവേശത്തിനിടയിൽ എന്റെ ചായ തട്ടിമറിഞ്ഞു് ശ്രീകുമാറിന്റെ ഷർട്ടിലായിരുന്നു. സാരമില്ല. ഇതല്ല ഇതിലും വലിയ ത്യാഗങ്ങൾ സഹിച്ചും ഞങ്ങൾ മേനന്റെ പിന്നിൽ ഉറച്ചുനില്ക്കും. ഇരുണ്ട യുഗം അവസാനിച്ചുകൊണ്ട് പുലരി പൊട്ടിപ്പടരുന്നു.

ആവേശഭരിതനായി മനോജ് ചോദിച്ചു. ''മേനൻ എന്നാണ് രാഷ്ട്രീയത്തിലിറങ്ങുന്നത്?''

''ന്ദേ, രാഷ്ട്രീയത്തിലോ?''

''അതേ, ഇവിടത്തെ ലൈബ്രറികളിൽ ഉറങ്ങുന്ന സർവ്വരും താങ്കളുടെ പിന്നിലുണ്ടാവും. പിന്നെ ഞങ്ങളെപ്പോലുള്ള....''

''ഓ, നോ ... യൂഹാവ് മിസ്റേക്കൺ എവ്രിതിങ്''' മേനൻ ഒന്നന്ധാളിച്ചപോലെ, എന്തുപറ്റി?

''ഞാനുദ്ദേശിച്ചത്... ഞാൻ.... ഞാനെന്റെ തിയറി ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുമെന്നാണ് അതായത്.... ഞാനെന്റെ തിയറി ഒരു തിസീസായി യൂനിവേഴ്സിറ്റിയിൽ സബ്മിറ്റു ചെയ്യും. ഞാൻ നേരിട്ട് രാഷ്ട്രീയത്തിലിറങ്ങില്ല.''

ഞങ്ങളുടെ ആവേശം ആറിത്തണുത്തിരുന്നു. മേനൻ തുടർന്നു.

''അങ്ങിനെത്തന്നെയാണ് മാർക്സും ചെയ്തതു്. അദ്ദേഹം തിയറി ഉണ്ടാക്കി. റഷ്യക്കാർ അതനുസരിച്ചു പ്രവർത്തിച്ചു. മാർക്സ് രാഷ്ട്രീയത്തിൽ നേരിട്ട്....''

''അപ്പോൾ ഞങ്ങളുടെ ഹെൽപ്പ് വേണമെന്നു പറഞ്ഞതോ!'' ശ്രീകുമാർ കുറച്ചു ചൂടായി സംസാരിച്ചു.

''അതേ, എന്റെ തിസീസ് എഴുതുന്നതിനാവശ്യമായ നോട്ടുകൾ എഴുതൽ നിങ്ങൾക്കു് ചെയ്യാവുന്നതേ ഉള്ളു. ഓ. കെ. ഞാനല്പം ബിസിയാണ്. എനിവെ യൂ കൺസീഡർ ദി മാറ്റർ. വളരെ എളുപ്പമാണ്.... ങാ, പിന്നെ കാണാം.'' മേനൻ പോയി.

ഞങ്ങൾക്കു ചുറ്റും സ്വപ്നത്തിന്റെ ചില്ലുപാളികൾ പൊട്ടിച്ചിതറി. ചുറ്റും ആ പഴയ ഇരുട്ട് വ്യാപിച്ചു. ഇരുട്ടിന്റെ തീരങ്ങളിൽ മൂടൽമഞ്ഞ്പരന്നു.

മൂകരായി ഞങ്ങൾ പുറത്തിറങ്ങി. പോക്കുവെയിലിൽ ആളുകളുടെ മുഖം മഞ്ഞളിച്ചിരുന്നു. വൈരാഗ്യമുണർത്തുന്ന മഞ്ഞനിറം. ഞങ്ങൾ റോഡിലൂടെ നടന്നു.

''വാലൻപുഴ വർഗ്ഗം അവന്റെയൊരു [നോട്ടെഴുത്തും.... ഒടുക്കം ഒരു പി. എച്ച് ഡിയും'' ശ്രീകുമാർ എന്തൊക്കെയോ പുലമ്പിക്കൊണ്ടിരുന്നു.

ദൂരെ അമ്പലത്തിൽ നിന്ന് ഗീതാപ്രഭാഷണം മുഴങ്ങുന്നു ശ്രീകുമാർ പതുക്കെ പറഞ്ഞു. ''രംഗനാഥാനന്ദ സ്വാമികളുടെ ഗീതാപ്രഭാഷണമാണ്. വിഷയം കർമ്മയോഗം വാ, കേൾക്കാം''

ഞങ്ങൾ പരസ്പരം നോക്കി. പിന്നെ സംശയിച്ചില്ല. വർഷങ്ങൾക്കു ശേഷം ആദ്യമായി ഞങ്ങൾ ക്ഷേത്രത്തിൽ കയറി.

---

1 വി. രാജകൃഷ്ണൻ ഇങ്ങനെയും ഇതിനപ്പുറവും പറയും.

2. സ്വാതന്ത്ര്യം ശാപമാണെന്ന് സാർത്രെയും ഉത്തമശിഷ്യൻ രാഘവൻപിള്ളയും.

3 എം. തോമസ് മാത്യു എന്ന 'അപ്സ്റ്റാർട്ട്'' ഇങ്ങനെയൊരു പുസ്തകം തന്നെ എഴുതി– ''ദന്തഗോപുരത്തിലേക്കു വീണ്ടും.''

ഫെഡറൽ റിസർവ് സിസ്ററം ആണ് അമേരിക്കയിലെ കേന്ദ്രബേങ്ക്. റഷ്യയുടെ കേന്ദ്രബേങ്ക് എന്നനിലക്ക് സ്റ്റേററ് ബേങ്ക് ഓഫ് യു. എസ്. എസ്. ആർ. പ്രവർത്തിക്കുന്നു. നമ്മുടെ കേന്ദ്രബേങ്ക് റിസർവ് ബേങ്ക് ഓഫ് ഇന്ത്യ ആണ്.

**സുനിൽകുമാർ കെ. പി.**

# കേന്ദ്രബേങ്കുൾ

**ലേഖനം**

കേന്ദ്രബേങ്ക് എന്ന ആശയം പ്രചുരപ്രചാരമായത് ഇരുപതാം നൂററാണ്ടിന്റെ അവസാനത്തിലാണെങ്കിലും പതിനേഴാം നൂററാണ്ടിന്റെ അവസാനഘട്ടം മുതൽക്ക് തന്നെ കേന്ദ്രബേങ്ക് നിലനിന്നു പോന്നിരുന്നു. കേന്ദ്രബേങ്കുകളുടെ ആവിർഭാവം സ്വകാര്യബേങ്കുകളിൽ നിന്നാണ്. ഈ സ്വകാര്യബേങ്കുകൾ പിന്നീട് കേന്ദ്രബേങ്കുകളായി പരിണമിക്കുകയും പൊതുജനതാല്പര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കാൻ തുടങ്ങുകയും ചെയ്തു.

ആദ്യത്തെ കേന്ദ്രബേങ്ക് 1688ൽ സ്വീഡനിൽ സ്ഥാപിച്ചു. പിന്നീട് 1694ൽ ബേങ്ക് ഓഫ് ഇംഗ്ലണ്ട് സ്ഥാപിതമായി. 1691 മുതൽക്കുതന്നെ ഈ ആശയം അവരുടെ മനസ്സിലുണ്ടായിരുന്നു. ഇതിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഒരു ഗവർണ്ണറും, ഒരു ഡെപ്യൂട്ടി ഗവർണ്ണറും 16 ഡയറക്ടർമാരും അടങ്ങുന്ന ഒരു സഭ രൂപീകരിച്ചു. സർക്കാരിനു പണമുണ്ടാക്കി കൊടുക്കുക എന്നതായിരുന്നു ഈ ബേങ്കിന്റെ ആദ്യകാലനയം. പിന്നീട് ഇതിന്റെ പ്രവർത്തനമണ്ഡലം വിശാലമാകാൻ തുടങ്ങി. 1946 ലെ ബേങ്ക് ഓഫ് ഇംഗ്ലണ്ട് ആക്ട് പ്രകാരം 1946 മാർച്ച് 1-ാം തിയ്യതി ബേങ്ക് ഓഫ് ഇംഗ്ലണ്ട് ദേശസാൽക്കരിച്ചു.

ഫെഡറൽ റിസർവ് സിസ്ററം ആണ് അമേരിക്കയിലെ കേന്ദ്രബേങ്ക്. ഫെഡറൽ റിസർവ് ആക്ററ് പ്രകാരം 1931 ൽ ആണ് ഇതു സ്ഥാപിതമായത്. ഈ നിയമം മൂലം അമേരിക്കയെ 12 ജില്ലകളായി വിഭജിക്കുകയും ഓരോ ജില്ലയിലും ഓരോരോ ഫെഡറൽ റിസർവ് ബേങ്ക് സ്ഥാപിക്കുകയും ചെയ്തു. ഈ ജില്ലാബേങ്കുകളുടെ നിയന്ത്രണം ഫെഡറൽ റിസർവ് ബോഡിന്റെ പരിപൂർണ്ണ അധീനതയിലാണ്. ഇതിന്റെ ഭരണം നടത്തുന്നത് 9 ഡയറക്ടർമാർ അടങ്ങുന്ന കമ്മററിയാണ്. ഇതിൽ 6 പേർ മെമ്പർ ബേങ്ക് തെരഞ്ഞെടുക്കുന്നവരും ബാക്കി 3 പേർ 'ബോർഡ് ഓഫ് ഗവർണ്ണർ' തെരഞ്ഞെടുക്കുന്നവരും ആകുന്നു. ഈ കമ്മററിയുടെ കാലാവധി 14 വർഷമാണ്.

റഷ്യയുടെ കേന്ദ്ര ബേങ്ക് എന്ന നിലക്ക് സ്റേററ ബേങ്ക് ഓഫ് യു. എസ്. എസ്. ആർ. പ്രവർത്തിക്കുന്നു. ബോഡ് ഓഫ് ഡയറക്ടർമാരും തെരഞ്ഞെടുക്കപ്പെടുന്ന ചെയർമാനുമാണ് ഇതിന്റെ ഭരണം നടത്തുന്നത്.

ഇന്ത്യൻ ബേങ്കിങ്ങ് മേഖലയിൽ കേന്ദ്രബേങ്കിന്റെ ആവിർഭാവം അടുത്ത കാലത്താണുണ്ടായത്. നമ്മുടെ കേന്ദ്രബേങ്ക് റിസർവ് ബേങ്ക് ഓഫ് ഇന്ത്യ ആണു്. ഇന്ത്യയിൽ കേന്ദ്രബേങ്കിന്റെ ആവശ്യകത മനസ്സിലാക്കുകയും അതു പ്രാബല്യത്തിൽ കൊണ്ടുവരുവാൻ ശ്രമം നടത്തുകയും ചെയ്തത് സെൻട്രൽ ബേങ്കിങ്ങ് എൻക്വയറി കമ്മററിയാണ്. ഈ പ്രശ്നം 1933 ൽ അസംബ്ളിയിൽ അവതരിപ്പിക്കുകയും തുടർന്നു കേന്ദ്രബേങ്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു. അങ്ങനെ 1935 ഏപ്രിൽ 1-ാം തിയ്യതി നമ്മുടെ കേന്ദ്രബേങ്കായ റിസർവ് ബേങ്ക് ഓഫ് ഇന്ത്യ നിലവിൽ വന്നു. ഈ കേന്ദ്രബേങ്ക് സാധാരണ ബേങ്കിങ്ങ് പ്രവർത്തനവും നടത്തുന്നു. ഇതിന്റെ ഭരണസമിതിയിൽ ഒരു ഗവർണ്ണറും 4 ഡെപ്യൂട്ടി ഗവർണ്ണർമാരും 10 ഡയറക്ടർമാരും അടങ്ങിയിരിക്കുന്നു. ഈ ബേങ്ക് ഇന്ത്യാഗവർമ്മെൻറിന്റെ പരിപൂർണ്ണ അധീനതയിലാണ്. നോട്ടു് ഇഷ്യു, ബേങ്കുകളുടെ വായ്പ നിയന്ത്രിക്കുക, പണത്തിന്റെ ബാഹുമൂല്യം നിയന്ത്രിക്കുക തുടങ്ങിയവയാണ് നമ്മുടെ റിസർവ്ബേങ്കിന്റെ ചുമതലകൾ.

'കുടിക്കാതിരിക്കുമ്പോഴല്ലേ വിപത്തൊക്കെയും
കുടിച്ചീടിൽ മദ്യം മധുരാമൃതം'
സൽജനം നന്നായേറ്റു പാടി
മദ്യം അമൃതം,...മധുരാമൃതം...

## കോയട്ടി പി. കെ.

---

# മദ്യനിരോധനം — കവിത

'മദ്യം മഹാ വിപത്ത്'
മനസ്സുംകാർന്നുതിന്നും മാരകവിഷം'
നേതാവുച്ചത്തിൽ തൊണ്ട കീറി
സൽജനം തലയാട്ടിതുള്ളി
പ്രശ്നമീവിധം ഗുരുതരം
ഉപാംവഴിയാണതിപ്രധാനം
ഇക്കാണായ മദ്യമൊക്കെത്തുച്ചെപ്പിടും
നാഷനൽ വേസ്റ്റെന്നും നാഷനൽ വേസ്റ്റ്"!
എയ്തുവിട്ടോരു ചോദ്യം
നിശ്ശബ്ദതയിലൂടെ പാറി
ഒടുക്കം വൈകിയെത്തുന്നവനും ബുദ്ധി
നേതാവുന്മാദം കൊണ്ടാർത്തു തുള്ളി!
മദ്യമാകെത്തീർക്കാനൊരു കുടി
പരീക്ഷിക്കിൻ, ഇതവസാനക്കുടി
പുതുജന്മംകൊണ്ടൊരു
പ്രകാശഗോപുരം പണിഞ്ഞിടാം.
കുടി കുടി, യവസാനക്കുടി സിന്ദാബാദ്'
നേതാവിന്റെയൊച്ച പൊങ്ങി
'കുടിക്കാതിരിക്കുമ്പോഴല്ലേ വിപത്തൊക്കെയും
കുടിച്ചീടിൽ മദ്യം മധുരാമൃതം'
സൽജനം നന്നായേറ്റു പാടി
മദ്യം അമൃതം .... മധുരാമൃതം ....

നീണ്ടു നീണ്ടുപോകുന്ന ശൈലി. ശൈലിക്ക് മാററ് കൂട്ടുന്ന പുഞ്ചിരി. പുഞ്ചിരിയിലൂടെ വശത്താക്കുന്ന സ്നേഹപ്രകൃതം. ഇതിന്നൊത്ത ആകാരം, ഇതിൻെറ അംശങ്ങൾ മനസ്സിൽ കുമിഞ്ഞുകൂടി, ആരുമറിയാതെ മനസ്സുകൾ തമ്മിലടുത്തു.

നൂർ സമീർ

# മൗനഗീതങ്ങൾ

## മിനിക്കഥ

ററാ....ററാറാ ... ... ം! തുളുമ്പുന്ന നയനങ്ങൾ. വണ്ടി നീങ്ങി. തൊണ്ടയിടറി ആംഗ്യഭാഷയിൽ നിഴലുകൾ പരസ്പരം നോക്കിനിന്നു. ഒരു വസന്തത്തിൻെറ സായാഹ്നം........

അച്ഛൻെറ ആശീർവ്വാദവും അമ്മയുടെ തലോടലും, വർഷങ്ങൾക്ക് മുമ്പ് വിതുമ്പി വിതുമ്പി പടിയിറങ്ങി. പുതിയ ലക്ഷ്യവും തേടിയുള്ള യാത്ര. നീണ്ട യാത്ര. ഒരുമിച്ചാണോ എത്തിയത്? അറിയില്ല. എങ്കിലും കൂട്ടിമുട്ടി. എങ്ങിനെ? അതും ഓർമ്മയില്ല. കണ്ണെത്താ ദൂരത്തിൽ പുതിയൊരനുഭവത്തിന് നാമ്പിട്ടു..........

നീണ്ടു നീണ്ടു പോകുന്ന ശൈലി. ശൈലിക്ക് മാററ് കൂട്ടുന്ന പുഞ്ചിരി. പുഞ്ചിരിയിലൂടെ വശത്താക്കുന്ന സ്നേഹപ്രകൃതം. ഇതിന്നൊത്ത ആകാരം. ഇതിൻെറ അംശങ്ങൾ മനസ്സിൽ കുമിഞ്ഞുകൂടി. ആരുമറിയാതെ മനസ്സുകൾ തമ്മിലടുത്തു.

ചിരി പൊട്ടിച്ചിരിയായി ഒളിഞ്ഞുനിന്ന കൃഷ്ണമണി നീണ്ട കണ്ണുകളിൽ പതിഞ്ഞു. ചിതറിയ പദങ്ങളും വാക്കുകളും വാചാലതയായി. അദ്ധ്യാപകൻെറ മുന്നിലും കണ്ണുകൾ വക്രരേഖയിൽ ചലിച്ചു. ഒരുമിച്ചിരിക്കാനും ബന്ധപ്പെടാനും വേദിയുണ്ടായി വേദിയിൽനിന്നുത്ഭവിച്ച പ്രതിബന്ധങ്ങൾ ബന്ധങ്ങൾക്ക് മാററ് കൂട്ടുകയായിരുന്നു. അലസവാക്കുകളുടെ കുത്തിയൊലിപ്പിൽ സംശയങ്ങൾ പ്രതീക്ഷിച്ചില്ല. പക്ഷെ സംഭവിച്ചു. സംഭവങ്ങൾ അലോരസമായി. അകലുന്ന മനസ്സുകൾ കൂടുതൽ അസ്വസ്ഥമായി. അസ്വസ്ഥത വാചാലമായ മൗനങ്ങൾ സൃഷ്ടിച്ചു. മൗനങ്ങൾ വളരുന്ന പനനീർ ചെടിയ്ക്കു വളം ചെയ്യുകയായിരുന്നു. വസന്തോത്സവം .... ചവോക്ക് മരങ്ങളുടെ ചുവട്ടിൽ ആനന്ദനൃത്തമാടി, കാമ്പസിൻെറ സ്പന്ദനങ്ങൾ ഹൃദയത്തുടിപ്പായി. പരിസരം മറന്ന ലഹരി .. ...... ഉന്മാദമായിരുന്നു... ... ...!

അപസ്വരങ്ങൾ പൊന്തിവന്നു. മൂളുന്ന 'കരിവണ്ട്'കൾ മൃദുല ദളങ്ങളെ വേദനിപ്പിച്ചു.

അകലങ്ങളിൽനിന്നുള്ള വിധിവൈപരീത്യങ്ങളുടെ ചൂളംവിളി............ O

മൃതിയുടെ ഹസ്തം എന്റെ ശിരസ്സിൽ താണു
എന്നിൽ ഞാൻ കാണാത്ത എവിടെയോ നിന്നു്
എന്റെ ജീവൻ വലിച്ചെടുത്തു.

# സക്കീർ അഹമ്മദ്
## പി. എസ്. എം.

---

## മൃതി — കവിത

പുലരിയുടെ കിരണങ്ങൾ
മുറിയിൽ നിറഞ്ഞപ്പോൾ ഞാനറിഞ്ഞു
പ്രഭാതമായി എന്നു്
എന്റെ ചുമലിൽ ചവിട്ടി എന്നെ
മൃതിയുടെ അടുത്തേക്കു് ഒരു പടികൂടി തള്ളിക്കൊണ്ടു്
ഒരു ദിവസം കൂടി കടന്നുപോയി എന്നു്
പ്രഭാതത്തിന്റെ കരങ്ങൾ
എന്നെ നിദ്രയിൽ നിന്നുണർത്തി
മെത്തയിൽ നിന്നെണീപ്പിച്ചു.
ആ കരങ്ങൾ എന്റെ കൈയ്യിൽ പിടിച്ചുകൊണ്ടു്
എന്നെ മുമ്പോട്ടു മുമ്പോട്ടു കൊണ്ടുപോയി.
ചിറകു കൊഴിയുന്ന ഈയാംപാററകൾ പോലെ
നിമിഷങ്ങൾ ഒന്നൊന്നായി
മരിച്ചു വീണുകൊണ്ടേയിരുന്നു.
ദിനം വീണ്ടും എന്റെ കൈപിടിച്ചുകൊണ്ടു്
ഞരങ്ങി നീങ്ങി മുമ്പോട്ടു പോയി.
അതു് മൃത്യുവിന്റെ അടുത്തേക്കായിരുന്നു.
മൃത്യുവിന്റെ കരം ഇപ്പോൾ എന്നോടു്
വളരെ അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു.
ഈയാംപാററകൾ ചത്തുകൊണ്ടേയിരുന്നു.
മൃതിയുടെ ഹസ്തം എന്റെ ശിരസ്സിൽ താണു
എന്നിൽ ഞാൻ കാണാത്ത എവിടെയോ നിന്നു്
എന്റെ ജീവൻ വലിച്ചെടുത്തു.
മൃതിയുടെ മാറാപ്പിൽ അനേകങ്ങളിലൊന്നായി
എന്റെ ജീവനും പതിച്ചപ്പോൾ
ദുഃഖത്തോടെ ഞാനോർത്തു.
എനിക്കു മരണം സംഭവിച്ചിരിക്കുന്നു
ലോകത്തിന്റെ ഭാഗമായിരുന്ന ഞാൻ
ഇന്നു് മൃതിയുടെ മാറാപ്പിലായിരിക്കുന്നു.
രക്തം കുടിക്കുന്ന ലോകത്തിൽനിന്നു് രക്ഷപ്പെട്ടതോർത്ത
പ്പോൾ
എനിക്കു് ആശ്വാസം തോന്നി.
കാലത്തിന്റെ കാലുകൾ വേഗത്തിൽ മുമ്പോട്ടു ചലിച്ചു.
പിന്നിൽ ജീവിനെത്തേടി മൃതിയും ഓടി
മൃതിയുടെ മുഷിഞ്ഞ ഭാണ്ഡത്തിലെ
എന്റെ തൊള്ള തുറന്നാക്രോശം
പക്ഷെ ആരും കേട്ടില്ല.

'നിശ്ശബ്ദതയെക്കൊന്നുമൂടി നാളെക്കൊരു കോലാഹലസംസ്കാരം പണിതുതീർക്കാനുള്ള ശ്രമമാണ്. ആകാശത്തിൽ മേൽക്കൂര പണിത പച്ചപ്പരവതാനിയാക്കി മണ്ണിന്റെ കരുത്ത് കാത്ത് സൂക്ഷിക്കുന്ന കാവൽ വേരുകളല്ല, വെട്ടേററ് വീഴുന്നത് നമ്മളാം തന്നെയാണ്. ആരു കേട്ട നമ്മുടെ ശബ്ദം.

## എൻ.പി. ഹാഫീസു് മുഹമ്മദു്

# മുരടന്റെ കുറിപ്പു്

## കഥ

അജയൻ, ഇന്നും വർത്തമാനപ്പത്രത്തിലെ തലക്കെട്ടുകളിൽ പ്രഭാതം ഞാനറിഞ്ഞു. പതിവുപോലെ. എന്നെക്കുറിച്ചൊട്ടക്കം പറയാൻ കാത്തുവെക്കുന്നതെന്തിനു്. തന്നെ, അജയൻ പറയുന്ന മഹാഭാരതത്തിലെ ഒട്ടുമുക്കാൽ മുരടന്മാരിൽ ഒരാളായ്ത്തീരുന്ന ഞാനും. പത്രത്തിലെ ചിത്രം കണ്ടു് നിർവ്വികാരതയോ തുടിച്ചു് നിൽക്കുന്നുള്ളൂ. കാപ്പിച്ചെടികളിൽനിന്നു് അകലത്തിൽ പാറിവീണ ഇലകൾക്കു് മീതെ കരിഞ്ഞ്‌വീണ ഒരു പൂമൊട്ടു് കിടക്കുന്നു. ബലാത്സംഗാവസാനങ്ങൾ ഈ വിധം കറുപ്പിലും വെളുപ്പിലും ദിവസേന കാണുന്നു.

—ഞാനിയിടെ വീണ്ടും കാണുന്നു. എല്ലാററിനും മീതെ തിരയടിച്ചുയർത്തുന്ന ആ ഒററപ്പെട്ട വിഷാദം. എപ്പോഴാണാദ്യം കണ്ടതു്. ഒരു സായംകാലത്തു് മൈതാനത്തു് ഒരു മൂലയിൽ ആഹ്ലാദത്തിമിർപ്പിന്റെ അലയൊലികൾ ഇണചേരവെ, ഉയർത്തിപ്പിടിച്ച സമ്മാനഫലകത്തിൽ ഇളം ചോപ്പു് വിഷാദത്തിന്റെ പരിവേഷം നൽകിയിരുന്നപ്പോൾ, ആ കവിളത്തും

ഈ കൈകളിൽ ഇപ്പോൾ ജീവനില്ലാത്ത താളായ് വർത്തമാനം നീണ്ടുകിടക്കുന്നു. സാധാരണക്കാരനിലൊരാളായ്ത്തീരുക എളുപ്പം സാധിക്കുമെന്നജയൻ പറഞ്ഞിരുന്നു. അജയൻ അസാധാരണക്കാരനാണു് ആ വെളിച്ചവലയം തന്നെ ചെയ്തികൾക്കാധാരം. ഏതു് കാട്ടിലാണു് അജയൻ ഇന്നൊളിച്ചുകൂടിയതു്. ചുരംകേറി വയലോരം ചാരി അവിടെ നിന്നെത്തിയ കുറിപ്പു്: 'ശൈഥില്യവും നിഷ്ക്രിയതയും നിസ്സംഗതയും എന്നിട്ടുമെന്നിൽ നാളെയിൽ വിശ്വാസമേ വിത്തു പാകുന്നുള്ളൂ. നീ സമ്മതിച്ചില്ലെങ്കിലും കുന്നുകളും വയലുകളും ഉത്സവം കൊണ്ടാടിയുല്ലസിക്കുന്ന ഈ ദേശം, ഈ പച്ചപിടിച്ചാകാശത്തോട്ടുരുമ്മി നിൽക്കുന്ന നാട്ടു് അസ്വാതന്ത്ര്യത്തിന്റെ നേരിയ നിഴൽ വീഴുന്നോടത്തോളം കാലം അയഥാർത്ഥമാണെന്നും അപൂർണ്ണമാണെന്നും ഞാനുറച്ചു് വിശ്വസിക്കുന്ന സൗന്ദര്യബോധത്തിനത്രയും കാലു് തടവു് തന്നെ'. ഇന്നു് വായിച്ചില്ലേ. ഭൂതകാലത്തിന്റെ സൗന്ദര്യം ഉപ്പുമാങ്ങഭരണിയിലെന്നോണം പരിരക്ഷിക്കപ്പെട്ടു്; സുവർണ്ണനൂലുകൊണ്ടു് നെയ്ത തലപ്പാവു് ചൂടിയ നഗരത്തിൽ തീവർഷമേററ് ലക്ഷങ്ങൾ ചത്തൊടുങ്ങിയ വസ്തുത എത്ര നിരുപദ്രവകരങ്ങളായ അക്ഷരത്തിൽ ഒതുങ്ങി നിൽക്കുന്നു. അജയൻ വിധി കൽപ്പിച്ചിരിക്കും: 'സാമ്രാജ്യത്വം മരുഭൂമിയിലും നീരാളിപ്പിടുത്തം മുറുക്കിയിരിക്കുന്നു; മൃദുലമായ ചരിത്രാംശം ഇന്നിന്റെ യാഥാർത്ഥ്യത്തിനു മുമ്പിൽ പുറന്തള്ളാവുന്ന ഘടകം. ഇന്നിന്റെ സൗന്ദര്യത്തിനേ ഇന്നലേയുടെ സംസ്കാരം പൂർണ്ണമാക്കാനും കൊണ്ടാടാനുമാവൂ. നമ്മളിലാരും കറുത്തമഷിക്കപ്പുറം കപ്പലുകയറാൻ പഠിച്ചിട്ടില്ലല്ലോ.'

—പടി കയറി വരുമ്പോൾ എനിക്കായ് പകുത്ത നോട്ടം ക്ഷണിക്കപ്പെടാത്ത അതിഥിയായി വീണ്ടും വന്നെത്തുന്നു. ഈ വസ്തുതകൾക്കൊക്കെയും മീതെയായ് ഞാനാ കണ്ണുകളിൽ തേടിയറ വെക്കാൻ കൊതിക്കുന്ന സാമ്രാജ്യം കാണുന്നു.

കാട്ടുവള്ളി പോലെ മുരടത്തം എന്നിൽ പടരുകയാണല്ലേ

—കൊത്തിയെടുത്ത അരനിമിഷം ഒരായിരം തവണ അയവിറക്കുന്നു ഓർമ്മകളിൽ ഇളം വെയിലിൽ ജലപാളികളിൽ വെള്ളിനിറം പൂശവേ ചെതമ്പലുകളൊതുക്കി, ചെകിള വിടർത്തി പാതിയടഞ്ഞ മിഴിയുമായ് വാലുലച്ചു് കുമിള തുപ്പി ഒരു മൽസ്യകന്യക നൃത്തം ചെയ്തു വരുന്നു.

തീരത്തു് ചത്തു മലച്ച മൽസ്യങ്ങളുടെ ചിത്രം. തെളിനീരൊഴുക്കി തീരനിവാസികൾക്കു് ഒരു നാൾ ജീവൻ നൽകിയ പുഴയാണു്. വഴുവഴുത്ത കറുത്ത പാടകൊണ്ടു് മേൽ മൂടി ജീവനററ് കിടക്കുന്നു. ഇങ്ങിനെയുള്ള സാഹചര്യങ്ങളിൽ എന്തു ചെയ്യാനാവുമെന്ന ചിന്തപോലും കൂടു വിട്ടുപോയി. അജയൻ ഇരുമ്പു് പെട്ടിയിൽ ഒക്കെയും മുറഞ്ഞു കിടക്കുന്നു. ഒരു പാതിരാത്രി ഹോസ്ററൽ വരാന്തയിലിരുന്നു് വിങ്ങിപ്പൊട്ടൽ വീതം വെച്ചു് വാങ്ങി തമ്മിലറിഞ്ഞതോർക്കുന്നോ. അജയൻ പറഞ്ഞു: 'നിശ്ശബ്ദതയെക്കൊന്നുമൂടി നാളെക്കൊരു കോലാഹല സംസ്കാരം പണിതു തീർക്കാനുള്ള ശ്രമമാണ്. ആകാശത്തിൽ മേൽക്കൂര പണിത പച്ചപ്പരവതാനിയാക്കി മണ്ണിന്റെ കരുത്തു് കാത്തു് സൂക്ഷിക്കുന്ന കാവൽ വേരുകളല്ല, വെട്ടേററ് വീഴുന്നതു് നമ്മൾ തന്നെയാണ്. ആരു കേട്ട നമ്മുടെ ശബ്ദം. പോസ്ററുകളൊട്ടിച്ചു് ലഘുലേഖകളിറക്കി അടരാടി നമ്മൾ. കറുത്ത തുണികൊണ്ടു് മുഖം മൂടിക്കെട്ടി പ്രകടനം നടത്തി. എന്തു കാത്തുസൂക്ഷിക്കാൻ കഴിഞ്ഞു നമ്മൾക്കു്.

അജയൻ കുററപ്പെടുത്തിയേക്കും: 'ഇന്നലേകളിനി രക്ഷക്കെത്തില്ല. ഇന്നലെയിൽ നിന്നും ശാഠ്യങ്ങളിൽനിന്നും മുക്തി നേടിയാലെ വാതായനങ്ങളില്ലാത്ത ശ്വാസംമുട്ടിച്ചു്ഞെരിച്ചു്

അടഞ്ഞുകിടക്കുന്ന മുറിയുടെ ഏകവാതിൽ ഒന്നനക്കിയെന്നു് പറയാനാവൂ. സമഗ്രവിമോചനം മനുഷ്യന്റെ പുനർനിർമ്മാണം ശങ്കകൾക്കടിമപ്പെട്ടുകൂടാ.' അജയന്റെ ശബ്ദം ആരു് കേൾക്കുന്നു.

അടിമപ്പെട്ട മനസ്സിനെക്കുറിച്ചു് പരിതപിക്കാൻ പോലും മറന്നു് പോകുന്നു, ഇന്നും എനിക്കു് നാൽപ്പത്തിയൊമ്പതു് പടികൾ കേറണം. പൂപ്പു് പിടിച്ച ചുവപ്പ നിറം പോലും നഷ്ടപ്പെട്ട ചുരുണ്ടു് ചേറു് പിടിച്ചു് ഒരു ചരടായു് മാറിയ നാടകൊണ്ടു് കെട്ടിയ, മഞ്ഞിച്ചു് മണക്കുന്ന കടലാസു് കൂമ്പാരത്തിനു മുമ്പിൽ രണ്ടാംമുണ്ടഴിച്ചു് ഓഛാനിച്ചു് നിൽക്കാൻ പോവണം. അർഹതപ്പെട്ട വേതനക്കടലാസു് ഒന്നനക്കാൻ ബസ്സുകൂലികൾ പൊറുതിമുട്ടുന്നു. ഇന്നേരങ്ങളിലെനിക്കു് കുളിരു നൽകാൻ കൊച്ചു കാര്യങ്ങളെ ഉള്ളു. ഈ ചാപല്യം കണ്ടു് അജയൻ ശപിച്ചേക്കും: 'വർണ്ണശബളമായ പേരററ സ്വപ്നങ്ങൾക്കു് തലകുനിക്കുന്നു. മഹാദുരിതങ്ങൾ വേട്ടയാടുന്ന മനസ്സു് പണയം വെച്ചു് കർമ്മാനുഷ്ഠാനങ്ങളിൽ നിന്നു് വഴിമാറി ഒരു നാലാംതരം കാമുകഹൃദയം നിന്നിൽ വളർന്നുവരുന്നു. പിഴവുകളെ പഴിചൊല്ലി ശരികളാക്കുന്നു. വിധിയുടെ വിലങ്ങു് സ്വയമണിഞ്ഞു് മാപ്പു് ചോദിക്കുന്നു, സംഘർഷത്തെക്കാളും കൊടുത്തു് ലാവണ്യത്തിലഭയം തേടാനാണു് നിന്റെ ശ്രമം.'

പരമേശ്വരൻ അറിഞ്ഞാൽ എഴുതിയേക്കും, ശ്രേയസ്സിനെയല്ല സത്യത്തെയാണു് അന്വേഷണം നടത്തേണ്ടതു്,

ഞാനൊന്നും നിഷേധിക്കുന്നില്ല. എന്നിട്ടും–

—അഭയംകൊതിക്കുന്ന ആ കണ്ണുകളെന്നിൽ തേട്ടിവരുന്നു. തലതാഴ്ത്തി, വലതു കൈകൊണ്ടു് പാവാട തെല്ലുയർത്തി ശ്രദ്ധയോടെ കാൽവെച്ചു്, താഴേക്കു് കാപ്പിനിറത്തിലുള്ള പാവാടയുടെ ഞൊറികൾതാഴെ മനസ്സിലേക്കിഴഞ്ഞിറങ്ങിയെത്തിയ കാൽവിരലുകൾ അഴികൾക്കപ്പുറത്തു് അപ്രത്യക്ഷയായു് ഇപ്പുറത്തു് ഞാൻ.

അന്തിമ വിധിയെഴുത്തും അജയൻ, ''ഞാൻ മുരടനായു്ത്തീർന്നിരിക്കുന്നു.'' അജയൻ, എന്നിലും തളച്ചിട്ട മനസ്സു് സംഗീതം പൊഴിക്കുന്നു.

സിലബസിലില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്ന പരീക്ഷകർ നമുക്കുണ്ടായിരുന്നു. മാർക്കു് കൂട്ടിയിടാൻ വേണ്ടി കൈക്കൂലി വാങ്ങുന്ന അദ്ധ്യാപകർ നമുക്കുണ്ടായിരുന്നു. പരീക്ഷ എഴുതാത്തവനു് സർട്ടിഫിക്കറ്റുകൾ നല്കുന്ന യൂണിവേഴ്സിററികൾ നമുക്കുണ്ടായിരുന്നു. ഓഫീസ്സുകളിൽ കയറി ഫയലുകൾ കത്തിക്കുന്ന യൂണിയൻ നേതാക്കൾ നമുക്കുണ്ടായിരുന്നു.

മയ്യനാടു് ഷാഹുദ്ദീൻ

കഥ

# ''നാടു് നന്നാക്കാൻ – വരും തലമുറയ്ക്കൊരു മാർഗ്ഗരേഖ''

വരു .... വരു ... എന്താണ് ചെറുപ്പക്കാരെല്ലാവരും കൂടി വരു ...വരു...... നിങ്ങളെപ്പോലെയുള്ളവരെ കാണുന്നതു തന്നെ സന്തോഷം. ഇരിക്കൂ ... ദേശിയോദ്ഗ്രഥനത്തെക്കുറിച്ച് സംശയങ്ങളോ? സത്യത്തിൽ കുട്ടികളെ ഈ തലമുറയുടെ പോക്കു് കണ്ടിട്ടു്...... ഈ നാടിൻെറ ഭാവി ഓർക്കുമ്പോൾ.......

എല്ലാവരും കോളേജിൽ നിന്നു് വരികയാണു് അല്ലേ?

അൽഭുതം തോന്നുന്നു. ഞങ്ങളുടെ ഒക്കെക്കാലത്തു് ഒരു ദിവസം പോലും ഞങ്ങൾ കോളേജിൽ പോയിട്ടില്ല. പോയാൽത്തന്നെ ക്ലാസ് നടത്തിച്ചിട്ടില്ല. നടന്നാൽത്തന്നെ അദ്ധ്യാപകനെ ക്ലാസ്സെടുക്കാൻ ഞങ്ങൾ അനുവദിച്ചിട്ടില്ല. അന്നൊക്കെ കോളേജ് ജീവിതത്തിൽ എന്തു രസകരങ്ങളായ അനുഭവങ്ങളാണ് ..! അദ്ധ്യാപകരെ തെറി പറയുമ്പോൾ കോളേജിനു നേരെ കല്ലെറിയുമ്പോൾ ബസ്സുകൾ ചുട്ടുകരിക്കുമ്പോൾ, ഞങ്ങൾ ആസ്വദിച്ച ലഹരിയുടെ നൂറിലൊരംശം പോലും നിങ്ങൾ അനുഭവിക്കുന്നില്ലല്ലോ?

''എന്തിനു് ഇതൊക്കെ ചെയ്യുന്നുവെന്നോ?''

ഹ ...ഹ ......ഹ കോളേജ് വിദ്യാഭ്യാസം എന്നു പറഞ്ഞാൽ എന്താണെന്നാണ് നിങ്ങൾ ധരിച്ചിരിക്കുന്നതു്

സിലബസിലില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്ന പരീക്ഷകർ നമുക്കുണ്ടായിരുന്നു. മാർക്കു് കൂട്ടിയിടാൻ വേണ്ടി കൈക്കൂലി വാങ്ങുന്ന അദ്ധ്യാപകർ നമുക്കുണ്ടായിരുന്നു.. പരീക്ഷ എഴുതാത്തവനു് സർട്ടിഫിക്കററുകൾ നൽകുന്ന യൂണിവേഴ്സിററികൾ നമുക്കുണ്ടായിരുന്നു. ഓഫീസ്സുകളിൽ കയറി ഫയലുകൾ കത്തിക്കുന്ന യൂണിയൻ നേതാക്കൾ നമുക്കുണ്ടായിരുന്നു. ഞങ്ങളെ എല്ലാം കാത്തു രക്ഷിക്കാൻ കൈക്കൂലിക്കാരായ ജനപ്രതിനിധികൾ നമുക്കുണ്ടായിരുന്നു.

ഉഷ്ണം ഉണ്ടോ? .. ആ ഫാൻ ഇട്ടേക്കൂ.

വിശന്നു് വലഞ്ഞു് പട്ടികളെപ്പോലെ പിടഞ്ഞു മരിക്കുന്ന പതിനായിരങ്ങളുടെ നാടായിരുന്നു ഇതു്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ ലഹരി നിറഞ്ഞ മുഖങ്ങൾ നിങ്ങൾക്കന്നു് എവിടെയും കാണാമായിരുന്നു. ചൂഷണം ചെയ്യപ്പെട്ട തൊഴിലാളികളുടെ അസ്ഥികൂടങ്ങൾ അന്ന് ഈ നാടിൻെറ സമ്പത്തായിരുന്നു. അന്നു് ഞങ്ങളൊക്കെക്കൂടി ഉണ്ടാക്കിവച്ച ആ വ്യവസ്ഥിതി മുഴുവൻ നിങ്ങൾ താറുമാറാക്കിയില്ലേ!

ഞാൻ പിന്നെ ആരോടാണു് ദേഷ്യപ്പെടേണ്ടതു്? ആ കാഴ്ചകളൊക്കെ ഒന്നു കൂടി കണ്ടു് കണ്ണടയ്ക്കണേ എന്ന

ഒററ പ്രാർത്ഥനയേ ഇപ്പോഴുള്ളു, ങേ.... വെള്ളമോ? അതാ– ആ കൂജയിലുണ്ടു്. അന്നു് ചെറുപ്പക്കാരുടെ തിളങ്ങുന്ന കണ്ണുകൾ കുത്തിപൊട്ടിച്ചു് ആസിഡൊഴിച്ചു് ഞങ്ങൾ അന്ധരാക്കിയിട്ടുണ്ടു്. അവരുടെ ചോരയൊലിക്കുന്ന മുഖങ്ങൾ ഫോട്ടോകളാക്കി വിററു് പണം നേടിയിട്ടുണ്ടു്. ആ സംഭവങ്ങൾ കവർ സ്റേറാറികളാക്കി അന്നത്തെ പത്രക്കാർ ഞങ്ങളുടെ പ്രഭാതങ്ങളെ പ്രകാശപൂർണ്ണമാക്കിയിട്ടുണ്ടു്.

വിഷമദ്യം കുടിച്ചു് മരിച്ചപാവപ്പെട്ടവൻെറ കഥ സിനിമയാക്കി ലക്ഷങ്ങൾ നേടിയിരുന്നു. അത്തരം ചിത്രങ്ങൾ വിനോദ നികുതിയിൽ നിന്നൊഴിവാക്കി ജനകീയ സർക്കാർ ഞങ്ങളെ രക്ഷിച്ചിട്ടുണ്ടു്. പിഞ്ചുകുഞ്ഞിൻെറ ചുടുചോരകൊണ്ടു് റോസാ പുഷ്പങ്ങൾക്കു് അന്തിച്ചുവപ്പു നൽകിയ ഡോക്ടർമാർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ആ രീതിയിലുള്ള ഒരു– ഗവേഷണമെങ്കിലും ഇന്നു നടക്കുന്നുണ്ടോ? ശ്വാനപ്രദർശനവും ഫാഷൻ പരേഡും പാചക മൽസരവും നടത്തുന്ന എത്രയോ, ക്ലബ്ബുകൾ നമ്മുടെ നാട്ടിലുണ്ടായിരുന്നു. ആദിവാസികൾക്കു് തന്തൂരിചിക്കനെക്കുറിച്ചും തൊഴിലാളി സ്ത്രീകൾക്കു് ടേബിൾ മാനേഴ്സിനെക്കുറിച്ചും ഗിരിജനങ്ങൾക്ക് പോപ്പു് മ്യൂസിക്കിനെക്കുറിച്ചും ക്ലാസുകൾ നടത്തിയിരുന്ന വനിതാ ക്ലബ്ബുകളുടെ നാടായിരുന്നു അതു്. വിശക്കുന്നവനു് ടെന്നീസ് പന്തും അന്ധന്മാർക്കു് T V യും അറുപതിലെത്തിയവർക്കു് കുടുംബാസൂത്രണോപാധികളും ദാനം ചെയ്ത അവരുടെ സേവനം എത്ര മഹത്തരമായിരുന്നുവെന്നു് പറഞ്ഞാൽ ഇന്നത്തെ തലമുറയ്ക്കതു് മനസ്സിലാവില്ല. ങേ, ദാഹം മാറിയില്ലേ, അതാ ഫ്രിഡ്ജിൽ നല്ല തണുത്ത വെള്ളമിരുപ്പുണ്ടു്. ഹരിജനങ്ങളുടെ നൂറുക്കണക്കിനു് കുടിലുകൾ കത്തിച്ചിട്ടുണ്ടു്. ആളിപ്പടരുന്ന അഗ്നിജ്വാലകളിലേക്കു് വിശന്നു കരയുന്ന പിഞ്ചുകുഞ്ഞുങ്ങളെ ഞങ്ങൾ വലിച്ചെറിഞ്ഞിട്ടുണ്ടു്. ആ തീനാളങ്ങളിൽ പൊരിഞ്ഞു പിടയുന്ന ഓമനക്കുഞ്ഞുങ്ങളുടെ ദീനരോധനം കർണ്ണാനന്ദകരമായ സംഗീതം പോലെ അന്ന് ആസ്വാദിച്ചിരുന്നു. കായ്കനികൾ ഇറുക്കാൻ കയറുന്ന ആദിവാസികളുടെ കരിമാടിക്കുട്ടന്മാരെ വെടി വെച്ചു വീഴ്ത്തിഞങ്ങൾ രസിക്കുമായിരുന്നു. കേട്ടോ സ്നേഹിതരേ...... മരക്കൊമ്പിൽ നിന്നും അവർ വെടിയേററു വീഴുന്നതുകണ്ടാൽ ഒരു കൊച്ചു കരിങ്കുരങ്ങാണെന്നേ തോന്നൂ.

ങേ. എന്താണു്? നിങ്ങളുടെ സ്നേഹിതനു് ബോധക്കേടോ? അൽപ്പം ജലം മുഖത്തു് തളിക്കൂ. ചായവേണമെങ്കിൽ ഫ്ളാസ്കിലുണ്ടാവും.

ഞാനിപ്പോഴും ഓർക്കുന്നു. ഞങ്ങളുടെ കോളേജിലെ ഏററവും നല്ല പാട്ടുകാരനെ പോലീസുകാർ പിടിച്ചുകൊണ്ടുപോയി തൊണ്ടയിൽ പഴുപ്പിച്ച ഇരുമ്പുദണ്ഡു് കടത്തി കൊന്ന സംഭവം പിന്നീടു് പലപ്പോഴും പോലീസുകാരും ഞങ്ങളും ഒത്തു് ചേരുന്ന ക്ളബ്ബുകളിൽ അക്കാര്യം പറഞ്ഞു് മണിക്കൂറുകളോളം ചിരിച്ചിട്ടുണ്ടു്. അപ്പോൾ അവൻെറ മുഖത്തെ മാംസപേശികൾ ചുരുങ്ങിവരുന്നതു് കാണേണ്ട ഒരു കാഴ്ചയാണെന്നാണ് അവർ പറയുന്നത് പോലീസുകാർ ഞങ്ങളുടെ കൂട്ടുകാരായിരുന്നു. അതു പോലെതന്നെ പെററമ്മയുടെ മുമ്പിൽവെച്ച് ഞങ്ങൾ ഒരു ചെറുപ്പക്കാരനെ അവയവങ്ങൾ ഒരോന്നായി മുറിച്ചുമാററി കൊന്നിട്ടുണ്ട്. കൈവിരലുകൾ വായ്ക്കുള്ളിലേക്ക് കയററി അവൻെറ നാവ് പിഴുതെടുത്തു് വിജയലഹരിയിൽ നിന്ന എൻെറ സുഹൃത്തിനെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. കണ്ണുകൾ ചൂഴ്ന്നെടുത്തപ്പോൾ പിടഞ്ഞുകരയുന്ന മകനെ നോക്കി അലമുറയിട്ട ആ മാതാവിൻെറ അഭിനയം ലോകത്ത് ഒരൊററ നടിയെക്കൊണ്ടും അഭിനയിച്ച് തീർക്കാൻ കഴിയാത്തതാണ്.

ങേ.... എന്താണ് ഞെട്ടിക്കരയുന്നതു്? പേടിച്ചുപോയോ? ജീവിതാനുഭവങ്ങളില്ലാത്തതു കൊണ്ടാണ്. ഈ തലമുറയുടെ ഏററവും വലിയ ശാപവും അതാണ്. ജീവിതാനുഭവമില്ലെങ്കിൽ എങ്ങനെയാണ് നിങ്ങൾ ഒരു കലാസൃഷ്ടി നടത്തുന്നതു്.

അമ്മ മക്കളെ വെട്ടിക്കൊല്ലുകയും, അച്ഛനെ അടിച്ചു കൊല്ലുകയും സഹോദരൻ സഹോദരിക്ക് വിഷം കൊടുത്തു കൊല്ലുകയും സഹപാഠികളെ ആസിഡൊഴിച്ചു കൊല്ലുകയും ഹിന്ദുവിനെ മുസ്ലീമും മുസ്ലീമിനെ ഹിന്ദുവും തെരുവുകളിലിട്ടു് വെട്ടിക്കൊല്ലുകയും........

കൊല്ലുകയെന്നു പറഞ്ഞാലോ? ഹ.. ഹ അതാണു ഞാൻ പറഞ്ഞതു്. ഇത്തരം പദങ്ങൾ പോലും നിങ്ങൾക്ക് കൈമോശം വന്നിരിക്കുന്നു കുഞ്ഞുങ്ങളെ. കൊലയും കൊള്ളിവയ്പും കൈക്കൂലിയും കാലുമാററവും അഴിമതിയും ഇല്ലാത്ത ഒരു നിഘണ്ടു നിങ്ങൾ എന്തിനാണ് കൊണ്ടു നടക്കുന്നതു്? വലിച്ചെറിയൂ... ബലാത്സംഗം എന്ന പദം കേട്ടിട്ടുണ്ടോ? ഉണ്ടാവില്ല. ആറു വയസ്സു മുതൽ അറുപതു വയസ്സുവരെയുള്ള ഏതൊരു പെണ്ണിനെയും ബലാത്സംഗം ചെയ്തു കൊല്ലാവുന്ന ഒരു കാലമുണ്ടായിരുന്നു എന്നു പറഞ്ഞാൽ നിങ്ങൾക്കതു് വിശ്വസിക്കാനാവില്ല. പോലീസും ജനനേതാക്കളും കോടതികളും സാക്ഷി നിന്നാണ് ഇതു് ചെയ്തതെന്നു്........

ആറു വയസ്സെന്നു് കേട്ടിട്ടു് അത്ഭുതം തോന്നുന്നു അല്ലേ? അപ്പോൾ ഞാൻ മൂന്നര വയസ്സെന്നു് പറഞ്ഞിരുന്നെങ്കിലോ? സ്നേഹിതരേ അതായിരുന്നു സത്യം. ഇന്നു് നമ്മുടെ നാട്ടിൽ മനസമാധാനത്തോടെ ഒന്നു വ്യഭിചരിക്കാൻ പോലും കഴിയുന്നില്ലല്ലോ എന്നോർക്കുമ്പോൾ എൻെറ കണ്ണുകൾ നിറഞ്ഞു പോവുന്നു. ഒരു പത്രപ്രവർത്തകൻെറ സുന്ദരിയായ ഭാര്യയെ അയാൾ നോക്കിനിൽക്കെ മാനഭംഗപ്പെടുത്തിയ ധീരരുടെ നാടായിരുന്നു ഇതു്. അത്തരം രസകരമായ, ധീരോദാത്തമായ എന്തെങ്കിലും ചെയ്യാൻ ഈ തലമുറയ്ക്കു് കഴിയുന്നില്ലല്ലോ.

എന്താണ് നിങ്ങൾ അസ്വസ്ഥരാവുന്നത്. ഇരിക്കൂ. ഇതൊക്കെ നിങ്ങൾ നേരത്തേ അറിയേണ്ടതായിരുന്നു. നിങ്ങളുടെ കുററമല്ല. പലപ്പോഴും നമ്മുടെ ചരിത്രകാരന്മാർ നമ്മുടെ സംസ്ക്കാരത്തിൻെറ മോഹനമുഹൂർത്തങ്ങളെ ബോധപൂർവ്വം വിസ്മരിക്കുകയാണ് ചെയ്യുന്നത്.

അതുകൊണ്ട് സ്കൂൾ കെട്ടിടങ്ങൾ ഇടിഞ്ഞുവീണു മരിച്ച കുഞ്ഞുങ്ങളുടെ ദീനരോദനങ്ങൾ നിങ്ങൾ കേട്ടിട്ടില്ല. ചിത്തരോഗാശുപത്രിയിൽ കടന്നുചെന്നു് ഭ്രാന്തികളെ മാനഭംഗപ്പെടുത്തിയ സംഭവം നിങ്ങൾക്കറിയാൻ കഴിഞ്ഞില്ല. നാടിൻെറ പല ഭാഗത്തും ഒഴുകിയ വർഗ്ഗീയ രക്തത്തിൻെറ നിറം നിങ്ങൾ കണ്ടിട്ടില്ല. യുഗങ്ങളിൽ മരിച്ചുവീണ പതിനായിരങ്ങളെ നിങ്ങൾക്കറിയില്ല. സുഹൃത്തുക്കളെ ഞങ്ങൾ ജീവിച്ച കാലഘട്ടത്തിലെ ഇത്തരം വർണ്ണ മനോഹരസംഭവങ്ങളിൽനിന്നു് പ്രചോദനം ഉൾക്കൊണ്ടു വരൂ.

ങേ എന്താണ് നിങ്ങളാരും മിണ്ടാത്തതു്! എഴുന്നേല്ക്കൂ.

ങേ .. എന്തു പററി? ദൈവമേ ഇവർക്കെന്തുപററി? അനങ്ങുന്നില്ലല്ലോ ? .. അയ്യോ . ഈ കുഞ്ഞുങ്ങൾ മരിച്ചിരിക്കുന്നു. പാവം കുഞ്ഞുങ്ങൾ ! ഇത്തരം ലളിതവും സുന്ദരവും കർണ്ണാനന്ദകരവുമായ കഥ കേൾക്കാനുള്ള കരുത്തുപോലും ദൈവം ഇവർക്കു കൊടുത്തില്ലല്ലോ. ○

എരിയുംതോറുമുയിർക്കും നിന്നോർമ്മകൾ
ഒരു നിത്യ ദുഃഖം പോൽ പേറി
പാടുകയാവാം പ്രേമഗാനങ്ങൾ

രാഘവനുണ്ണി വി.

# നീ

കവിത

അന്തിച്ചുവപ്പിൽ നിൻ
കൺമണികൾ തിളങ്ങുമ്പോൾ, ഇളകുമ്പോൾ
ചക്രവാളത്തിൽ കാർമേഘമിരുളുമ്പോൾ, മുരളുമ്പോൾ
നിൻ പീലികൾ വിടരുമ്പോൾ
ഏതോ മൂലയിൽ അന്ധകാരത്തിൽ
ഈ ഗായകൻ പാടും പാട്ടിൻ നാദത്തിൽ
നിന്നന്തരംഗം കോരിത്തരിക്കുമോ?
ഏതോ രാക്ഷസന്റെ ഗർജ്ജനം കേട്ടും
ക്രൂരനാം കാട്ടാളന്റെ ഞാണൊലി കേട്ടും
നിൻ മനമുരുകുമ്പോൾ നിൻ കണ്ണുകൾ തളരുമ്പോൾ
കാലുകൾ കുഴയുമ്പോൾ
വ്രണിത ഹൃദയവുമായ് ഞാൻ മീട്ടും
തംബുരുവിൽ ദീനരോദന ഗാനം
നിനക്കാശ്വാസ മരുളുമോ?
ഇടിനാദത്തിൽ നിൻ മനം വിറയ്ക്കുമ്പോൾ
കോരിച്ചൊരിയും പേമാരിയിൽ
നിൻ ദേഹം കുതിരുമ്പോൾ
കണ്ണുകൾ കാണാതെ നീയുഴലുമ്പോൾ
എന്റെ ദുഃഖങ്ങൾ നിനക്കൊരു മാടമാകുമോ?
എന്റെ സ്വപ്നങ്ങൾ നിനക്കൊരു ചേലയാകുമോ?
എന്റെ പുഞ്ചിരി നിനക്കൊരു മാർഗ്ഗമാകുമോ?
എന്റെ വിഷമം നിനക്കൊരു മാല്യമാകുമോ?
വസന്തം വരും, പോകും
വിടരും പ്രഭാതങ്ങൾ, കൊഴിയും സായംസന്ധ്യ
നിൻമനം വിടർന്നേയ്ക്കാം, നിൻ മുഖം തുടുത്തേയ്ക്കാം
ദുഃഖങ്ങൾ മറന്നേയ്ക്കാം സ്വപ്നങ്ങൾ മറന്നേയ്ക്കാം
എങ്കിലുമപ്പോഴെല്ലാമേതോലഹരിയിൽ
ഈ ഗായകൻ പാടുകയാവാം സ്വപ്നഗാനങ്ങൾ
എരിയുംതോറുമുയിർക്കും നിന്നോർമ്മകൾ
ഒരു നിത്യ ദുഃഖം പോൽ പേറി
പാടുകയാവാം പ്രേമഗാനങ്ങൾ

മരണാനന്തര പുണ്യപാപ പരിശോധനക്ക് 'ക്യൂ' നിൽക്കുന്ന മലയാളി ആത്മാവുകൾക്കിടയിൽ ഞാനും സ്ഥാനം പിടിച്ചു. മററു ഭാഷാ ആത്മാവുകൾ അവരവരുടെ ഭാഷയിൽ ഭയാശങ്കകൾ ജനിപ്പിക്കുന്നത് ഞാൻ നിർവ്വികാരതയോടെ നോക്കിനിന്നു.

കാലം തടാകംപോലെ നിശ്ചലമായിരുന്നു. പുണ്യപാപ പരിശോധന ഒരിക്കലും അവസാനിക്കില്ലെന്ന് എനിക്കു തോന്നി.

## പി. പി. നമ്പൂതിരി

# ഞാൻ കമ്മ്യൂണിസ്ററായ ചരിത്രം

കഥ

സാഹിത്യത്തിൽ അറം പററിയ മുഴുവൻ സാഹിത്യകാരന്മാർക്കും വേണ്ടി ഈ കഥ സമർപ്പിക്കുന്നു.

—അങ്ങനെ എല്ലാവരെപ്പോലെ ഞാനും മരിച്ചു. മരിച്ചതിന്നേഴാം പക്കം ഉയർത്തെഴുന്നേൽക്കുവാനോ, മോക്ഷം കിട്ടാതെ അലയുവാനോ അനുവദിക്കാതെ യമകിങ്കരന്മാർ എന്നെ ചിത്രഗുപ്തസന്നിധിയിലേക്ക് വലിച്ചിഴച്ചു. ആത്മഹത്യയിലും കൊലയിലുമടങ്ങിയ അതേ ആർത്തനാദത്തോടെ തന്നെ, അവിചാരിതമായി മരണപ്പെട്ട ആത്മാവായി ഇരുവശവും ഓരോ ശിങ്കിടിമാരുമൊത്ത് നിത്യശാന്തി ലഭിച്ച



ആത്മാക്കളുടെ അടുത്തേക്കു ഞാനും ചെന്നു. മരണംവരിച്ച ഏഴുദിനരാത്രങ്ങളും എന്റെ പുറകിലുണ്ടായിരുന്നു.

കറുത്ത വെളിച്ചം വിതറുന്ന ഒരു വിളക്കിനരികെ കാലുകളില്ലാത്ത ഒരു കസേരയിൽ ഒരു കണക്കു പുസ്തകവും പേനയുമായി ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു.

''ഹിന്ദുക്കൾ അദ്ദേഹത്തെ ചിത്രഗുപ്തനെന്നുവിളിക്കും.'' ഇടതുവശത്തെ ശിങ്കിടി എന്നോടുപറഞ്ഞു. എനിക്ക് ചെവിയില്ലായിരുന്നു എങ്കിലും അവർ പറഞ്ഞത് കേൾക്കാൻ കഴിഞ്ഞതിൽ ഞാനത്ഭുതപ്പെട്ടു. എന്റെ മുന്നിലും പിന്നിലുമായി വേറെയും കുറെ ആത്മാക്കളുണ്ടായിരുന്നു. ഓരോരുത്തരുടെയും ഇടത്തും വലത്തുമായി സംരക്ഷണാത്ഥം അവരവരുടെ ശിങ്കിടിമാരും.

മരണാനന്തര പുണ്യപാപ പരിശോധനക്ക് 'ക്യൂ' നിൽക്കുന്ന മലയാളി ആത്മാവുകൾക്കിടയിൽ ഞാനും സ്ഥാനം പിടിച്ചു. മററു ഭാഷാ ആത്മാവുകൾ അവരവരുടെ ഭാഷയിൽ ഭയാശങ്കകൾ ജനിപ്പിക്കുന്നത് ഞാൻ നിർവ്വികാരതയോടെ നോക്കിനിന്നു.

കാലം തടാകംപോലെ നിശ്ചലമായിരുന്നു. പുണ്യപാപപരിശോധന ഒരിക്കലും അവസാനിക്കില്ലെന്ന് എനിക്കു തോന്നി.

കുറെ കഴിഞ്ഞപ്പോൾ ശിങ്കിടിമാർക്ക് നിർദ്ദേശംലഭിച്ചു. ഇടത്തുനിന്നും വലത്തുനിന്നും ശിങ്കിടിമാർ എന്നെ തള്ളിക്കൊണ്ടിരുന്നു. മുട്ടുകൾ മടങ്ങാതിരുന്നിട്ടും മുന്നോട്ടു നീങ്ങുന്നതിൽ എനിക്കത്ഭുതം തോന്നി. ഒടുവിൽ ഞങ്ങൾ ഒരു വലിയ കെട്ടിടത്തിനു മുമ്പിലെത്തി. അവസാനിക്കാത്ത വാർഡുകളുള്ള ഒരാശുപത്രി കെട്ടിടം പോലെ തോന്നി സ്വർഗ്ഗവും നരകവും.

പെട്ടെന്ന് ഞങ്ങളുടെ മുന്നിൽക്കൂടി ഒരു വലിയ വാഹനം വളരെ വേഗത്തിൽ കടന്നു പോയി. ആ വാഹനം ചൂണ്ടി വലതുവശത്തെ ശിങ്കിടി പറഞ്ഞു, ''പാലിനെക്കാൾ വെളുത്തതും തേനിനേക്കാൾ മധുരമുള്ളതുമായ ഒരു പാനീയമാണത്. മുസ്ലീങ്ങളുടെ സ്വർഗ്ഗത്തിലേക്കാണ്''

''നമ്പൂതിരിമാരുടെ സ്വർഗ്ഗം എവിടെയാണ്, അതൊന്നു കാണിച്ചു തരാമോ? ഞാൻ ചോദിച്ചു.

''അത് ഹിന്ദുക്കളുടെ സ്വർഗ്ഗത്തിലാണ്'', രണ്ടാമത്തെ നിലയിൽ അവിടെത്തന്നെ മൂന്നടിദൂരെ നായന്മാരുടെയും മേനോന്മാരുടെയും സ്വർഗ്ഗം. ഇരുപത്തൊന്നടി ദൂരെ തിയ്യന്മാരുടെ സ്വർഗ്ഗം. നാപ്പത്തിരണ്ട് അടി മാറി മണ്ണാൻ, കൊല്ലൻ, തട്ടാൻ, തുടങ്ങിയവരുടെ. പിന്നെ ഏഴു വിളിപ്പാടകലെ ചെറുമക്കളുടേയും കള്ളാടിമാരുടെയും സ്വർഗ്ഗം. നായാടിമാരെ സാധാരണയായി സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാറില്ല.'' ശിങ്കിടി വിശദീകരിച്ചു.

ഓരോ മതങ്ങൾക്കും ഓരോ സ്വർഗ്ഗമുണ്ടാക്കിയതിൽ ഞാൻ ദൈവത്തെ അഭിനന്ദിച്ചു. ഞങ്ങൾ നടന്നുകൊണ്ടേയിരുന്നു.

നമ്പൂതിരിമാരുടെ സ്വർഗ്ഗത്തിലേക്ക് സംബന്ധാവശ്യത്തിന് തടിച്ച വാര്യസ്ത്രീകളെയും ഊണുവട്ടത്തിന് പാലട പ്രഥമനും ഏർപ്പാട് ചെയ്തിരുന്നു. മലബാർ മാപ്പിളമാർക്ക് കോഴിബിരിയാണിയും ചെത്തുകാരായ തിയ്യന്മാർക്ക് മൂക്കാത്ത ഇളംകള്ളും, തിരുവിതാംകൂർ ക്രിസ്ത്യാനികൾക്ക് വയനാടൻ കപ്പയും കാന്താരിമുളകും ലഭിച്ചിരുന്നു. എല്ലാംകൊണ്ടും സ്വർഗ്ഗത്തിൽ സന്തോഷത്തിൽ സന്തോഷം.

എന്നെ നരകം കാണിക്കുന്നതിനു മുമ്പുതന്നെ മലയാളി ആത്മാക്കളുടെ പുണ്യപാപ പരിശോധന തുടങ്ങിയതിനാൽ ശിങ്കിടിമാർ വീണ്ടും 'ക്യൂ'വിലേക്കു തള്ളിവിട്ടു.

എന്റെ മുന്നിലുണ്ടായിരുന്നത് ഒരു ഹിന്ദു കോൺഗ്രസുകാരനായിരുന്നു. ചിത്രഗുപ്തൻ അദ്ദേഹത്തെ കല്പിച്ചുവിളിച്ചു. വലതുവശത്തെ ശിങ്കിടി അദ്ദേഹംചെയ്ത പുണ്യങ്ങളും ഇടതുവശത്തെ ശിങ്കിടി പാപങ്ങളും ഒരു കടലാസിൽ എഴുതി സൂക്ഷിച്ചിരുന്നു. ചിത്രഗുപ്തൻ അവ ഒരു തുലാസിന്റെ തട്ടിൽ വച്ചു. പാപഭാരത്താൽ ഇടതുവശം വലിഞ്ഞു് ആ തട്ട് പൊട്ടുമെന്നു് തോന്നി.

ഉടനെ സ്വർഗ്ഗം ഏരിയാ കോൺഗ്രസ് പ്രസിഡണ്ട് വരികയും ശിങ്കിടിമാരെ തള്ളിമാററി ഹിന്ദു കോൺഗ്രസുകാരനെയും കൂട്ടി സ്വർഗ്ഗത്തിലേക്ക് പോവുകയും ചെയ്തു.

''അയാൾ പാർട്ടി സമ്മേളനത്തിന് കൊടികെട്ടാൻ കമുങ്ങ് സംഭാവന ചെയ്ത മാളാണ്'' വലതുവശത്തെ ശിങ്കിടി പറഞ്ഞു.

''പകരം അധമനെ തരാം'' തിരിച്ചു വന്ന കോൺഗ്രസ് പ്രസിഡണ്ട് ചിത്രഗുപ്തനോട് പറഞ്ഞു.

''അടുത്തുവരുന്ന ഹിന്ദു സ്വതന്ത്രനെ അയാളുടെ സ്ഥാനത്തേക്ക് നരകത്തിലേക്കിടും'' ഇടതുവശത്തെ ശിങ്കിടി എന്നോടുപറഞ്ഞു.

മരിച്ചതിനുശേഷം ആദ്യമായി എനിക്ക് പേടി തോന്നി. അധമനായി ജീവിച്ചതിലുള്ള ദുഃഖഭാരംകൊണ്ടു് ഞാൻ വീർപ്പുമുട്ടി.

അടുത്തത് എന്റെ ഊഴമായിരുന്നു.

പാപത്തിന്റെ തട്ടിൽ ഘനക്കൂടുതൽ കണ്ടപ്പോൾ സ്വർഗ്ഗത്തിലെ പാലടയെക്കുറിച്ചോർത്ത് നാവിലൂറിയ വെള്ളംവററി. തൊണ്ട വരണ്ടു. ഉൽക്കടമായ ദുഃഖത്താൽ ഞാൻ പറഞ്ഞു:

''ഞാൻ പാപനാശിനിയിൽ കുളിച്ചിട്ടുണ്ട്. രാമേശ്വരത്തും മധുരയിലും ഗുരുവായൂരിലും....''

''ഷട്ടപ്പ്'' ചിത്രഗുപ്തൻ ആദ്യമായി ഇംഗ്ലീഷിൽ വിലക്കി.

ആ വഴിക്ക് ശ്രമിച്ചിട്ട് ഫലമില്ലെന്നറിഞ്ഞു. കടുത്ത നിരാശയുടെ വിഷമുള്ളുകൾ ദേഹത്ത് ആഞ്ഞു തറക്കാൻ തുടങ്ങി. പെട്ടെന്ന് എനിക്കൊരുപായം തോന്നി.

ഇടതുവശത്തു നിന്നിരുന്ന ശിങ്കിടിയെ വിട്ട് സ്വർഗ്ഗം ഏരിയാ കമ്മ്യൂ. പ്രസിഡണ്ടിനെ വിളിപ്പിച്ചു. നിരീശ്വരവാദിയായിട്ടും അയാൾ സ്വർഗ്ഗത്തിലെത്തിയതറിഞ്ഞപ്പോൾ ഞാൻ അതിശയിച്ചു.

''വിദ്യാർത്ഥിയായിരിക്കുമ്പോൾ രക്തസാക്ഷി ദിനങ്ങളിൽ പങ്കെടുക്കുകയും, ഇടതുപക്ഷ ബുദ്ധിജീവി പ്രസ്ഥാനത്തിനു് കരുത്തുററ സംഭാവനകൾ നൽകുകയും....

മുഴമിപ്പിക്കാനനുവദിക്കാതെ അയാൾ എന്നെ ആലിംഗനം ചെയ്തു.

''ശരി. പക്ഷേ താനിപ്പോൾ അധമനായിട്ടാണല്ലോ മരിച്ചത്, മരിക്കുമ്പോഴും കമ്മ്യൂണിസ്റ്റാവണമായിരുന്നു. ഒരു കാര്യം ചെയ്യ്. കേരളത്തിൽ തന്നെപോയി പാർട്ടിയിൽ ഉശിരൻവർക്ക് ചെയ്യ്. എന്നിട്ട് ഉഗ്രൻ കമ്മ്യൂണിസ്റ്റായി ഒരിക്കൽ കൂടി മരിച്ചുവാ''

കമ്മ്യൂ. പ്രസിഡണ്ടും രണ്ടു ശിങ്കിടിമാരും കൂടി ഏഴാം സ്വർഗ്ഗത്തിന്റെ മട്ടുപ്പാവിൽ കൊണ്ടുപോയി! എന്നെ ഒരു തള്ള്.

അരൂപിയായ ആത്മാവ് വളരെ സാവധാനത്തിൽ ഭൂവലിന്റെ ലാഘവത്തോടെ, ക്ഷീരപഥങ്ങളുടെ ഋജുവായ ഭ്രമണരേഖകളിലൂടെ, നേരിയ ഓർമ്മകൾപോലെ ഒഴുകിയൊഴുകി, താഴോട്ടരിച്ചിറങ്ങി. ഭൂമിയുടെ ഭ്രമണപഥത്തിലെത്തുമ്പോൾ ആത്മാവിനു് രൂപം പ്രാപിക്കുന്നുണ്ടായിരുന്നു. ചെറിയൊരു ജീവബിന്ദുവായി, ഒരു രേതസ്സായി പുനർജ്ജനിയുടെ നാളികളിലൂടെ പുറത്തുവരുമ്പോൾ എന്റെ മുഖം ചുവന്നു തുടുത്തിരുന്നു.

○

